# ക്രിസ്തുമതത്തിൽ നിന്ന്
# ക്രിസ്തുവിൻെറ മതത്തിലേക്ക്

പോൾ വർഗീസ്

# ക്രിസ്തുമതത്തിൽ നിന്ന്
# ക്രിസ്തുവിൻെറ മതത്തിലേക്ക്

നിച്ച് ഓഫ് ട്രൂത്ത്

christhumathathil ninnu christhuvintnea mathathilekku
author:
paul varghese
first edition: november 2002
publishers:
niche of truth,
kalabhavan road,
kochi-18.
cover page:
yoonus.k.k
type setting:
creative media
printing:
screen offset, cochin-18

**Rs: 50**

ഈ ലോകത്തിനൊരു സ്രഷ്ടാവുണ്ട് - ജീവൻ നൽകി വായുവും വെള്ളവും സൗകര്യപ്പെടുത്തി ഭൂമിയെ ജീവിതയോഗ്യമാക്കിയ പരമകാരുണികനായ സ്രഷ്ടാവ് -നാം ഇവിടെ എങ്ങനെ ജീവിക്കണമെന്നും ഈ ജീവിതത്തിന്റെ പരമലക്ഷ്യം എന്തെന്നും ദൂതന്മാർ മുഖേന സ്രഷ്ടാവ് നമ്മെ പഠിപ്പിച്ചു. നമ്മുടെ ജീവിതത്തിന്റെ കണക്ക് മരണശേഷം നാം സ്രഷ്ടാവിന്റെ മുമ്പിൽ ബോധിപ്പിക്കേണ്ടിവരും. അന്ന് പുണ്യം ചെയ്തവന് നന്മയും പാപം ചെയ്തവന് തിന്മയും പ്രതിഫലം കിട്ടും. അതിനാൽ സ്രഷ്ടാവ് തന്റെ ദൂതരിലൂടെ നൽകിയ നിർദേശമനുസരിച്ച് ജീവിക്കുകയാണ് മനുഷ്യന്റെ രക്ഷാമാർഗം.

നമ്മുടെ ലോക സ്രഷ്ടാവ് നൽകിയ നിർദേശ സംഹിതയാണ് ഖുർആൻ. മുഹമ്മദ് നബിയിലൂടെ അവൻ ആ സന്ദേശം മനുഷ്യർക്കെത്തിച്ചുകൊടുത്തു. ഇതറിഞ്ഞവരും അറിയാത്തവരും നമുക്കിടയിൽ ഉണ്ട്. ലോകരെ മുഴുവൻ സ്രഷ്ടാവിന്റെ സന്ദേശമറിയിക്കൽ അതറിഞ്ഞവരുടെ ബാധ്യതയാണ്. അതിനായി രൂപീകൃതമായ ഒരു പ്രസ്ഥാനമാണ് നിച്ച് ഓഫ് ട്രൂത്ത്.

നാഥാ... സത്യമത സന്ദേശ പ്രചാരണത്തിനു വേണ്ടിയുള്ള വിനീതമായൊരു സംരംഭമാണിത്. നീ ഏൽപിച്ച ഉത്തരവാദിത്തത്തിന്റെ നിർവഹണത്തിനുവേണ്ടിയുള്ള എളിയ ശ്രമം. ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ).

ഡയറക്ടർ

# താളുകളിൽ...


1. മുൻമൊഴി 11
2. ഞാൻ കണ്ടെത്തിയ ഇസ്‌ലാം 17
3. ത്രിയേകത്വം 31
4. യേശു: ദൈവമോ? പ്രവാചകനോ? 41
5. യേശുവിൻെറ ദൗത്യം എന്തായിരുന്നു? 55
6. ക്രിസ്തു ക്രൂശിക്കപ്പെട്ടുവോ? 76
7. പാപപരിഹാര സിദ്ധാന്തം: ഒരു വിശകലനം 86
8. യഥാർത്ഥാന്വേഷണം 96

1

# മുൻമൊഴി

ഒരു സാധാരണ ക്രിസ്ത്യൻ കുടുംബത്തിലാണ് ഞാൻ ജനിച്ചു വളർന്നത്. ചെറുപ്പം മുതലേ ആത്മീയചിന്തകളിൽ മറ്റുള്ളവരേക്കാളും ഒരുപടി മുന്നിലായിരുന്നു. എങ്കിലും പള്ളിയുമായും ക്രിസ്ത്യൻ ആചാരങ്ങളുമായും തീവ്രത പുലർത്തിയിരുന്നില്ല. കാരണം അവയോടെല്ലാം എൻെറ ഹൃദയത്തിൽ ഒരു അകൽച്ച നിലനിന്നിരുന്നു. ചില ആരാധനാസമ്പ്രദായങ്ങളോട് തന്നെ എനിക്ക് അനിഷ്ടമായിരുന്നു. ഉദാഹരണത്തിനു വിഗ്രഹാരാധന പാടില്ല എന്ന കൽപ്പന ഉണ്ടായിരിക്കെ പള്ളി നിറയെ വിഗ്രഹങ്ങളും അവരോടുള്ള പ്രാർത്ഥനകളും. ഇതുമായി യോജിക്കാൻ എനിക്ക് കഴിഞ്ഞില്ല. ഇതിനെപ്പറ്റി ഞാൻ എൻെറ മാതാപിതാക്കളോട് അന്വേഷിച്ചു. അവരുടെ മറുപടി ഇതായിരുന്നു: അവരെ നമ്മൾ ആരാധിക്കുന്നില്ല, മഹാന്മാരെ ആദരിക്കാനും അവരെ ഓർക്കാനും വേണ്ടിയാണ് ഇത് ഉണ്ടാക്കി വെച്ചിരിക്കുന്നത്. എന്നെ വേദപാഠങ്ങൾ പഠിപ്പിച്ച ടീച്ചറും ഇത് തന്നെയാണ് പറഞ്ഞത്. ആ മറുപടി സത്യമായിരിക്കും എന്ന് ഞാൻ വിശ്വസിച്ചു.

പിന്നീട് വളരെക്കാലങ്ങൾക്കുശേഷമാണ് റോമൻ കാത്തലിക്കാ സഭുടെ വഞ്ചനയുടെ മുഖം ഞാൻ ശ്രദ്ധിച്ചത്. ബൈബിൾ, പുറപ്പാട് പുസ്തകം 20:4-5 വാക്യം അതായത് 'വിഗ്രഹരാധന പാടില്ല' എന്ന കൽപ്പനയെ സഭ പുറത്തിറക്കുന്ന (സഭയുടെ കൽപ്പനകൾ, ദൈവ കൽപ്പനകൾ, സഭ പഠിപ്പിക്കുന്ന പ്രാർത്ഥനകൾ എന്നിവ ഉൾക്കൊള്ളുന്ന) പുസ്തകത്തിൽ, ഈ കൽപ്പന പൂർണ്ണമായി എടുത്തു

കളഞ്ഞിരിക്കുന്നു. പകരം അവസാനത്തെ കൽപ്പനയായ അന്യരുടെ വസ്തുക്കൾ മോഹിക്കരുത് എന്ന കൽപ്പനയെ രണ്ടാക്കി പത്ത് കൽപ്പനകൾ തികച്ചിരിക്കുന്നു.

ഇത് വ്യക്തമായ ജനവഞ്ചനയല്ലാതെ മറ്റെന്താണ്? ബൈബിൾ പഠിക്കാത്ത പാമരരായ എത്രയോ ജനങ്ങളെ ഇവർ ഇങ്ങനെ വഴി തെറ്റിച്ച് വിട്ടിരിക്കുന്നു! ദൈവിക കൽപ്പനയെ എടുത്തുകളയുവാൻ ആരാണ് ഇവർക്ക് അധികാരം കൊടുത്തത്?

**സഭയിൽ വിഗ്രഹാരാധന എങ്ങനെയുണ്ടായി?**

എ.ജെ. എബ്രാഹാം പറയുന്നു: "റോമൻ ചക്രവർത്തി (കോൺസ്റ്റൻൈറൺ) ക്രിസ്തുമതം സ്വീകരിച്ചപ്പോൾ അദ്ദേഹത്തിൻെറ വിളംബരം മൂലം ക്രിസ്തുവിലുള്ള വിശ്വാസമോ രക്ഷയുടെ അനുഭവമോ ഇല്ലാതെ കൂട്ടമായി സഭയിൽ വന്നവർ ബാബിലോണിയ മതത്തിലുള്ളവരും വിഗ്രഹരാധകരുമായിരുന്നു. വിശ്വാസികളേക്കാൾ ഭൂരിപക്ഷം അവിശ്വാസികൾ ആയി സഭയിൽ. വിഗ്രഹത്തിൻെറ മുമ്പിൽ ആരാധിച്ചവർക്ക് സഭയിൽ ഒന്നും കണ്ട് ആരാധിക്കാനില്ലാതെ വന്നപ്പോൾ പലരും പിൻമാറി പോകാൻ തുടങ്ങി. അപ്പോൾ കുട്ടിയേയും കൊണ്ടിരിക്കുന്ന മഡോണാക്ക് പകരം ഉണ്ണിമിശിഹായുടെയും കന്യാമറിയാമിൻെറയും രൂപം ഉണ്ടാക്കിവെച്ചു. അനേകം ദേവന്മാരെ ആരാധിച്ച് വന്നവർക്ക് ഒരു രൂപം സാരമില്ലല്ലോ? അപ്പോൾ യേശുക്രിസ്തുവിൻെറ രൂപം, ശ്ലീഹൻമാരുടെ രൂപം എന്നിവ പള്ളികളിൽ സ്ഥാനം പിടിച്ചു. നിമ്രോദ് സൂര്യദേവൻെറ അവതാരമെന്ന് സ്വയം അവകാശപ്പെട്ടവൻ അദ്ദേഹത്തെ ശേമ്യവംശക്കാർ കൊന്നു. അദ്ദേഹത്തിൻെ മരണശേഷം അവൻെറ ഭാര്യ ഒരു കുട്ടിയെ പ്രസവിച്ചു. ആ കുട്ടി നിമ്രോദ് വീണ്ടും അവതരിച്ചതെന്ന് ജനങ്ങളെ പഠിപ്പിച്ചു. കൽദായ രാജ്ഞിയായ അവരേയും കുട്ടിയേയും ജനങ്ങൾ ആരാധിച്ചു. അവൾ മകനെ എടുത്തുകൊണ്ട് നിൽക്കുന്ന വിഗ്രഹമുണ്ടാക്കി ജനങ്ങൾ അതിനേയും ആരാധിച്ചു". ('ക്രൈസ്തവസഭയിലെ ദുരാചാരങ്ങളും സഭാചരിത്രസംഗ്രഹവും'-എ.ജെ. എബ്രഹാം)

ക്രൈസ്തവസഭയുടെ ഇന്നത്തെ വിഗ്രഹാരാധന ദൈവകൽപ്പനയുടെ നഗ്നമായ ലംഘനവും ധിക്കാരവുമാണ്. ഇതേപ്പറ്റി ബൈബിൾ എന്ത് പറഞ്ഞുവെന്ന് നോക്കാം:'ആകാശത്തിൻ കീഴിലുള്ളതോ, ഭൂമിയിലുള്ളതോ, വെള്ളത്തിലുള്ളതോ ആയ യാതൊന്നിൻെറയും പ്രതിമയായ വിഗ്രഹം ഉണ്ടാക്കി വഷളത്വം പ്രവർത്തിക്കരുത്' (ആവർത്തനം 4:10-19).



'എൻെറ സന്നിധിയിൽ വെള്ളികൊണ്ടോ പൊന്നുകൊണ്ടോ ഉള്ള ദേവൻമാരെ ഉണ്ടാക്കരുത് (പുറപ്പാട്: 20:25).

വിഗ്രഹങ്ങൾ കാണുകയോ കേൾക്കുകയോ മണക്കുകയോ സ്പർശിക്കുകയോ നടക്കുകയോ സംസാരിക്കുകയോ ചെയ്യില്ല' (സങ്കീ: 115).

'വിഗ്രഹങ്ങളോട് അകന്ന് സൂക്ഷിച്ചുകൊള്ളുവിൻ' (യോഹ8:21).

'വിഗ്രഹാരാധികൾ സ്വർഗ്ഗരാജ്യത്തിന് പുറത്ത്' (വെളിപ്പാട് 22:25).

മരിച്ചുപോയവരെ വിളിച്ച് പ്രാർത്ഥിക്കരുതെന്ന് ബൈബിൾ പഠിപ്പിക്കുന്നു: 'മരിച്ചുപോയവരും മൗനതയിൽ ഇറങ്ങിയവരും യഹോവയെ സ്തുതിക്കുന്നില്ല' (സങ്കീർത്തനം: 115:17).

'സൈന്യങ്ങളുടെ യഹോവേ നിന്നിൽ ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ' (സങ്കീ: 84:12).

ഭൂമിയെ സൃഷ്ടിച്ച കർത്താവ് അതിനെ രൂപപ്പെടുത്തി പ്രതിഷ്ഠിച്ച കർത്താവ് അരുൾ ചെയ്യുന്നു: 'എന്നോട് വിളിച്ച് അപേക്ഷിക്കൂ. ഞാൻ നിനക്ക് ഉത്തരം അരുളും. നീ അറിഞ്ഞിട്ടില്ലാത്ത ശ്രേഷ്ഠവും ഗൂഢവുമായ കാര്യങ്ങൾ ഞാൻ നിന്നെ അറിയിക്കും' (യിരമ്യ 33:3).

യേശുക്രിസ്തു ശിഷ്യൻമാരെ പഠിപ്പിച്ചതും ദൈവത്തോട് മാത്രം പ്രാർത്ഥിക്കാനാണ് (ലൂക്കോസ് 11:2-13).

മരിച്ചുപോയവരെ വിളിച്ച് പ്രാർത്ഥിക്കാനോ, അവരുടെ ബിംബമുണ്ടാക്കി അവയോട് സഹായം അപേക്ഷിക്കാനോ ഒരു പ്രവാചകനും പഠിപ്പിച്ചിട്ടില്ല; അതിനുള്ള യാതൊരു സൂചനകളും ബൈബിളിൽ കണ്ടെത്താൻ സാധ്യവുമല്ല.

'കുമ്പസാരം' എന്ന കൂദാശയെപ്പറ്റി റോമൻ കാത്തലിക് ക്രിസ്ത്യാനികൾക്കിടയിൽ തന്നെ വളരെ ഭിന്നിപ്പുണ്ട്. വിശ്വാസികളിൽ പലരും അതിൽ വിശ്വാസമില്ലാത്തവരാണ്. എങ്കിലും അത് സഭയുടെ ഒരു നിർബന്ധ കൽപ്പനയായതിനാൽ വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം ജനങ്ങൾ ആചരിക്കാറുണ്ട്.

മനുഷ്യരെ ഒരുതരത്തിലും ദൈവത്തിലേക്ക് അടുപ്പിക്കാതിരിക്കാ

ൻ പുരോഹിതന്മാർ സൃഷ്ടിച്ച ഒരു അനാചാരമാണ് കുമ്പസാരം. എത്ര പാപം ചെയ്താലും പേടിക്കേണ്ട, പുരോഹിതനോട് പോയി പറഞ്ഞാൽ പൊറുത്തുകിട്ടുമെങ്കിൽ ഒരാൾക്ക് യഥേഷ്ടം പ്രവർത്തിക്കുന്നതിന് എന്താണ് തടസം?

യേശുവിന് പാപങ്ങൾ മോചിപ്പിക്കാൻ അധികാരമുണ്ടായിരുന്നു. അതിനാൽ യേശുവിൻെറ സ്ഥാനത്ത് നിൽക്കുന്ന ഞങ്ങൾക്കും അതിനുള്ള അധികാരമുണ്ട് എന്ന് പുരോഹിതർ വാദിക്കുമായിരിക്കാം. പക്ഷേ യേശുവിന് അതിനുള്ള അധികാരമുണ്ടായിരുന്നില്ല എന്നാണ് ബൈബിൾ പൂർണമായും ഉൾക്കൊണ്ടാൽ മനസിലാക്കാൻ കഴിയുക:

'ഭൂമിയിലെ പാപങ്ങൾ മോചിപ്പിക്കാൻ മനുഷ്യപുത്രന് അധികാരമുണ്ടെന്ന് നിങ്ങൾ അറിയേണ്ടതിന്' (മത്തായി: 9:6).

ഇതൊരിക്കലും യേശുവിന് മാത്രം സവിശേഷമായി കിട്ടിയ അധികാരമല്ല. മറിച്ച് എല്ലാ ദൈവദൂതന്മാർക്കും അവരുടെ ജനങ്ങൾക്ക് വേണ്ടി പാപമോചനത്തിന് പ്രാർത്ഥിക്കാൻ കൽപ്പിക്കപ്പെട്ടിരുന്നു. പഴയ നിയമ പുസ്തകങ്ങളിലുടനീളം പ്രവാചകന്മാർ തങ്ങളുടെ ജനങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നതും പാപമോചനം കിട്ടുന്നതും നമുക്ക് കാണാൻ കഴിയും.

യേശു ഒരിക്കലും സ്വന്തമായി ഒന്നും പറഞ്ഞിട്ടില്ല. ദൈവം അദ്ദേഹത്തോട് കൽപ്പിക്കുന്നത് ജനങ്ങളോട് പറയുക എന്നതായിരുന്നു യേശുവിൻെറ രീതി. നമുക്ക് ചില വചനങ്ങൾ പരിശോധിക്കാം.

'നിങ്ങൾ കേൾക്കുന്ന വചനം എൻേറതല്ല. എൻെറ പിതാവിൻേറതത്രേ' (യോഹന്നാൻ 14:24).

'ഞാൻ നിങ്ങളോട് പറയുന്ന വചനം സ്വയമായിട്ടല്ല പറയുന്നത്. പിതാവ് എന്നിൽ വസിച്ചുകൊണ്ട് പ്രവൃത്തി ചെയ്യുന്നു' (യോഹ 14:10).

യേശുവിലൂടെ ദൈവം സംസാരിക്കുന്നതായിട്ട് മാത്രമേ നമുക്ക് മനസിലാക്കാൻ കഴിയുകയുള്ളൂ.യേശുവിന് പാപമോചന അധികാരമുണ്ടായിരുന്നെങ്കിൽ അദ്ദേഹത്തെ ക്രൂശിച്ചപ്പോൾ ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നോ?

'പിതാവേ ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയുന്നില്ല. അതുകൊണ്ട് ഇവരോട് ക്ഷമിക്കണമേ' (ലൂക്കോസ് 23:24).



യേശു ക്രിസ്തുവിൻെറ കൂടെ ആദ്യാവസാനം നടന്ന ക്രിസ്തുശിഷ്യന്മാർ ഒരിക്കലും യേശുവിനോട് പാപമോചനം തേടിയതായി കാണാൻ കഴിയില്ല. യേശു അവരെ പഠിപ്പിച്ചത് സ്വർഗ്ഗസ്ഥനായ ദൈവത്തിൽ നിന്ന് പാപമോചനം നേടാനാണ്. അതിനുള്ള അധികാരം അവങ്കൽ മാത്രം നിക്ഷിപ്തമാണ്. ലൂക്ക 11:4 പരിശോധിച്ചാൽ നമുക്ക് മനസിലാക്കാം അത്: 'ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോട് ക്ഷമിക്കണമേ' എന്നാണല്ലോ യേശു പഠിപ്പിച്ച പ്രാർത്ഥന.

ഒരു മനുഷ്യനോട് ചെയ്ത തെറ്റുകൾക്ക് അവനിൽ നിന്ന് പാപമോചനം തേടണമെന്നും (ലൂക്കാ 17:3, 4) ദൈവത്തോട് ചെയ്ത തെറ്റുകൾക്ക് ദൈവത്തിൽ നിന്ന് പാപമോചനം തേടണമെന്നും ബൈബിൾ പറയുന്നു. ദാവീദ് ദൈവത്തോട് പാപമോചനം നടത്തി (സങ്കീ: 51:74), പാപങ്ങൾ ദൈവം പൊറുക്കുന്നു (സങ്കീ: 32 1-3). ഇസ്രായേൽ ജനം ദൈവത്തോട് പാപമോചനം തേടണം (സംഖ്യാ: 5: 6, 7). ദാനിയേൽ നേരിട്ട് ദൈവത്തോട് പാപമോചനം തേടുന്നു (ദാനിയൽ: 9:8-20). ഇനിയും നിരവധി ഉദാഹരണങ്ങൾ ബൈബിളിൽ കാണാൻ കഴിയും.

**പരിണമിക്കുന്ന ധാരണകൾ**

ക്രിസ്തുമതം മാത്രമാണ് ദൈവികമതമെന്ന് ഞാൻ ധരിച്ചിരുന്നു. അതുകൊണ്ട് തന്നെ ക്രിസ്ത്യാനിയായി ജനിച്ചതിൽ അഭിമാനം കൊണ്ടിരുന്നു. ഒരിക്കൽ എൻെറ അപ്പച്ചൻ പറഞ്ഞ് കേട്ടിരുന്നു, മുസ്‌ലിംകൾക്ക് മാത്രമാണ് വിഗ്രഹാരാധന ഇല്ലാത്തതെന്ന്. പക്ഷേ അവർ അല്ലാഹു എന്ന ദൈവത്തെയാണ് ആരാധിക്കുന്നത്. അല്ലാഹു എന്നുവെച്ചാൽ, ശബരിമല അയ്യപ്പനെ പോലെയോ അല്ലെങ്കിൽ ഗുരുവായൂരപ്പനെ പോലെയോ ഉള്ള ഒരു ഗോത്രദൈവം മാത്രമാണെന്നാണ് ഞാൻ ധരിച്ചിരുന്നത്. അതുപോലെ മുഹമ്മദ് നബി എന്നാൽ ഇസ്‌ലാം എന്ന മതത്തിൻെറ സ്ഥാപകൻ മാത്രമെന്നും; സിക്ക് മതസ്ഥാപകനായ ഗുരുനാനാക്കിനെ പോലെ.

ഇന്നും ഭൂരിപക്ഷം ജനങ്ങളും ഇസ്‌ലാമിനെ ഇതുപോലെയാണല്ലോ മനസിലാക്കിയിട്ടുള്ളത്? അതുപോലെ ഇസ്‌ലാമിനെ ബഹുഭാര്യത്വ സമ്പ്രദായത്തെയും ജനങ്ങൾ തെറ്റിദ്ധരിച്ചിരിക്കുന്നു. ഞാൻ ഇസ്‌ലാമിനെക്കുറിച്ച് പഠിച്ചുകൊണ്ടിരുന്ന ഒരവസരം ഞാൻ ഇസ്‌ലാമിൻെറ മഹത്വത്തെപ്പറ്റി എൻെറ വീട്ടിൽ പറഞ്ഞപ്പോൾ എൻെറ

അമ്മായി പറഞ്ഞു: 'മുസ്ലിംകൾക്ക് എട്ട് കെട്ടാം; എഴുപത് പുലർത്താം'.

സത്യത്തിൽ ജനങ്ങൾ ഇസ്ലാമിനെപ്പറ്റി ശരിയായി അറിയാത്തത് കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളാണ് കൂടുതലും. ഇസ്ലാമിലെ കുടുംബ ജീവിതത്തെപറ്റിയോ വിവാഹബന്ധങ്ങളെപറ്റിയോ, നിയമങ്ങളെയോ, ആദർശങ്ങളെ പറ്റിയോ ജനങ്ങൾ ശരിയായി മനസിലാക്കാത്തത് കൊണ്ടുണ്ടാകുന്ന ധാരണകൾ മാത്രമാണ് പലതും. മുസ്ലിംകൾ ആണ് എന്ന് പറയുന്ന പലർക്കും ഇസ്ലാം എന്തെന്ന് അറിയില്ല. സത്യത്തിൽ ഈ നാമമാത്രധാരികളായവർ കാട്ടിക്കൂട്ടുന്നത് കണ്ട് ജനങ്ങൾ ഇസ്ലാമിനെ തെറ്റിദ്ധരിച്ചിരിക്കുന്നു. ശരിയായ കാഴ്ചപ്പാട് വളർത്തിയെടുക്കാൻ സത്യാന്വേഷകനുള്ള ബാധ്യതയാണ് ഞാനിവിടെ ഊന്നി പറയുന്നത്.

2

# ഞാൻ കണ്ടെത്തിയ ഇസ്ലാം

ഇസ്ലാം എന്നാൽ ക്രിസ്തുമതത്തെ പോലെയോ, ഹിന്ദുമതത്തെ പോലെയോ ഒരുകൂട്ടം മുസ്ലിം നാമധാരികളുടെ പാരമ്പര്യത്തിൽ അധിഷ്ഠിതമായ ഒരു മതമല്ല. മറിച്ച് അത് മനുഷ്യരുടെ മോചനത്തിന് വേണ്ടി പ്രപഞ്ചസ്രഷ്ടാവ് അവതരിപ്പിച്ച മാർഗദർശനമത്രേ. വിധിവിലക്കുകളും നിയമങ്ങളും കർമ്മങ്ങളും വിശ്വാസവുമാണ് അതിൻെറ ഉള്ളടക്കം.

ഒരു മനുഷ്യൻ പരിപൂർണ്ണമായി ദൈവത്തിന് സമർപ്പിച്ച് അവൻെറ വിധിവിലക്കുകൾ അനുസരിച്ച് ജീവിക്കാമെന്ന് തീരുമാനിച്ചാൽ അവൻ മുസ്ലിമായി. ഒരു മുസ്ലിം മാതാപിതാക്കൾക്ക് ജനിച്ച കുട്ടി അവൻെറ ജന്മം കൊണ്ട് മാത്രം മുസ്ലിം ആവുന്നില്ല. ദൈവിക വിധിവിലക്കുകൾ അനുസരിച്ച് ജീവിക്കാൻ അവൻ തയ്യാറായാൽ മുസ്ലിമായി. മറിച്ചാണെങ്കിൽ ഇസ്ലാമിന് പുറത്താണവൻെറ സ്ഥാനം.

ഇസ്ലാമിൻെറ സിദ്ധാന്തങ്ങൾ പൊതുവെ മൂന്ന് കാര്യങ്ങളിൽ ഊന്നാം: തൗഹീദ്, രിസാലത്ത്, ആഖിറത്ത്. തൗഹീദ് ഏകദൈവ സിദ്ധാന്തവും രിസാലത്ത് ദൈവത്തിങ്കലേക്കുള്ള മാർഗദർശനവും ആഖിറത്ത് മരണാനന്തരജീവിതത്തെപ്പറ്റിയുള്ള വിശ്വാസവുമാണ്.

**തൗഹീദ്**

'ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുറസൂലുല്ലാഹ്' എന്നതാണ് ഇസ്ലാമിന്റെ അടിസ്ഥാന വാക്യം (അല്ലാഹു അല്ലാതെ ഒരാരാധ്യനുമില്ല, മുഹമ്മദ് അവന്റെ പ്രവാചകനാകുന്നു). ഇതിന്റെ ആദ്യ ഭാഗമായ 'ലാ ഇലാഹ' (ഒറ്റ ആരാധനൃമില്ല) നിഷേധമാണ്. ആരാധനയ്ക്ക് അർഹൻ ആരുമില്ല. ഇവിടെ മനുഷ്യൻ ആരാധിച്ചുകൊണ്ടിരിക്കുന്ന സചേതനവും അചേതനവുമായ സകല വസ്തുക്കളെയും നിഷേധിക്കുന്നു. കല്ല് മുതൽ വിഗ്രഹം വരെയും, സ്തൂപങ്ങൾ മുതൽ ശവകുടീരങ്ങൾ വരെയും തുളസിച്ചെടി മുതൽ ആൽമരം വരെയും, എലി മുതൽ പുലിവരെയും, പിശാചുക്കൾ മുതൽ മാലാഖമാർ വരെയും, പുണ്യാത്മാക്കൾ മുതൽ പ്രവാചകർ വരെയും ഉള്ള ആരാധ്യരെ ഈ വചനം നിഷ്കാസനം ചെയ്ത് മനുഷ്യമനസിനെ ശുദ്ധീകരിക്കുന്നു. അതോടൊപ്പം അടുത്ത ഭാഗമായ 'ഇല്ലല്ലാഹ്' (അല്ലാഹുവല്ലാതെ) ഹൃദയത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു.

ഇസ്ലാമിന്റെ ഈ ഏകദൈവാരാധനക്ക് മുമ്പിൽ അത് വരെയുണ്ടായിരുന്ന സകല അനാചാരങ്ങളും അന്ധവിശ്വാസങ്ങളും തകർന്നുവീണു. സൃഷ്ടിപൂജ നടത്തിയും നടത്തിച്ചും ജനങ്ങളെ ചൂഷണം ചെയ്ത് ജീവിച്ചവർ ഇസ്ലാമിന്റെ ഈ അധ്യാപനത്തിന് മുമ്പിൽ തകർന്നുവീണു. ഏകദൈവത്തിന് മുമ്പിൽ സകല മനുഷ്യരും തുല്യരാണ് എന്ന ഇസ്ലാമിന്റെ അധ്യാപനം ജനങ്ങളിൽ സമത്വവും സാഹോദര്യവും വളർത്തി. അവിടെ കറുത്തവനെന്നോ വെളുത്തവനെന്നോ അറബിയെന്നോ അനറബിയെന്നോ വ്യത്യാസമില്ലാതെയായി. ഖുർആൻ പ്രഖ്യാപിച്ചു:

"ഹേ മനുഷ്യരെ, തീർച്ചയായും നിങ്ങളെ നാം ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളന്യോന്യം അറിയേണ്ടതിന്. നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനത്രേ. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു" (49:13).

**രിസാലത്ത്**

"അവനാണ് സൻമാർഗവും സത്യമതവുമായി തന്റെ ദൂതനെ



അയച്ചവൻ. എല്ലാ മതത്തെയും അത് അതിജയിക്കുന്നതാകാൻ വേണ്ടി. ബഹുദൈവ വിശ്വാസികൾക്ക് എത്ര അനിഷ്ഠകരമായാലും ശരി" (ഖുർആൻ 9:33).

'അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ല' എന്ന തത്വം പഠിപ്പിക്കാൻ ദൈവം കാലാകാലങ്ങളിലും വിവിധ ദേശങ്ങളിൽ പ്രവാചകന്മാരെ അയച്ചു. ആ പ്രവാചകന്മാരെല്ലാം പരിശുദ്ധരും ദൈവത്തിന് സമ്പൂർണമായി കീഴൊതുങ്ങിയവരുമായിരുന്നു (മുസ്ലിംകളായിരുന്നു) എന്നതാണ് ഇസ്ലാമിന്റെ അധ്യാപനം. അവരെല്ലാം വന്നത് ദൈവത്തിൽ നിന്നുള്ള സൻമാർഗദർശനം കൊണ്ടാണ്. അവരുടെ പാത പിന്തുടരാനും അതിൽ നിന്ന് വ്യതിചലിക്കാതിരിക്കാനും ഇസ്ലാം പഠിപ്പിക്കുന്നു. അങ്ങനെ കടന്നുവന്ന പ്രവാചകന്മാരിൽ പലരും പ്രവചിച്ചു, മാനവജാതിയിലേക്ക് മുഴുവനുമായി കൊണ്ട് ഒരു പ്രവാചകൻ വരും. അതെ, യേശുവും മോശയും വേദവ്യാസനും പ്രവചിച്ച ആ അന്തിമപ്രവാചകൻ മുഹമ്മദ് (സ) 'ലോകർക്ക് കാരുണ്യമായി കൊണ്ട്' കടന്നുവന്നു. ആ പ്രവാചകനിലൂടെ ദൈവം തന്റെ ദർശനമായ ഇസ്ലാമിനെ പൂർണ്ണമാക്കി. അദ്ദേഹത്തിൽ വിശ്വസിച്ചവരെ ദൈവം തന്റെ കാരുണ്യത്തിലേക്ക് പ്രവേശിപ്പിച്ചു. ആ പ്രവാചകനിൽ വിശ്വസിക്കാതെ, അദ്ദേഹത്തിലൂടെ അവതരിപ്പിക്കപ്പെട്ട ഖുർആനെ പിൻപറ്റാതെ ആരുടെയും ദൈവവിശ്വാസം പൂർണമാകുകയില്ല.

**ആഖിറത്ത്**

ഇഹലോക ജീവിതം വെറും കളിയും ചിരിയും മാത്രമാണെന്ന് ഖുർആൻ പരിചയപ്പെടുത്തുന്നു:

'ഐഹിക ജീവിതം കളിയും വിനോദവും മാത്രമാകുന്നു. നിങ്ങൾ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നപക്ഷം നിങ്ങൾക്കുള്ള പ്രതിഫലം അവൻ നിങ്ങൾക്ക് നൽകുന്നതാണ്' (47:36).

'നിങ്ങൾ അറിയുക: ഇഹലോക ജീവിതമെന്നാൽ കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം ദുരഭിമാനം നടിക്കലും സ്വത്തുക്കളിലും സന്താനങ്ങളിലും പെരുപ്പം കാണിക്കുകയും മാത്രമാണ്-ഒരു മഴപോലെ അത് മൂലമുണ്ടായ ചെടികൾ കർഷകരെ ആശ്ചര്യപ്പെടുത്തി. പിന്നീടതിന് ഉണക്കം ബാധിക്കുന്നു. അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്ക് കാണാം. പിന്നീടത് തുരു

മ്പായി പോകുന്നു. എന്നാൽ പരലോകത്ത് ദുർവൃത്തർക്ക് കഠിനമായ ശിക്ഷയും സദ്‌വൃത്തർക്ക് അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും പ്രീതിയുമുണ്ട്. ഐഹിക ജീവിതം വഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നുമല്ല' (57:20).

ശാശ്വതമായ നിലനിൽപ്പ് പരലോകത്താണ്. പരലോകത്തേക്കുള്ള യാത്രക്ക് വേണ്ടിയാണ് മനുഷ്യൻ ഭൂമിയിൽ കഴിച്ചുകൂട്ടുന്നത്. ജനിച്ച് വീഴുന്ന ഏതൊരു മനുഷ്യനും മരണം ആസ്വദിക്കുക തന്നെ ചെയ്യും. ഇവിടെ സമ്പാദിച്ച് കൂട്ടുന്നവൻ അതിന് വേണ്ടി എന്ത് ചെയ്യാനും മടിക്കാത്ത മനുഷ്യൻ; പക്ഷേ മരിക്കുമ്പോൾ വെറും കയ്യോടെ മടങ്ങുന്നു, തൻെറ സൽക്കർമ്മങ്ങൾ ഒഴിച്ച്.

ഇഹലോക ജീവിതം പരലോകത്തേക്കുള്ള കൃഷിയിടം മാത്രമാണ്. മനുഷ്യരെ പരീക്ഷിക്കാൻ വേണ്ടി മാത്രമാണ് അവനെ ഈ ഭൂമിയിൽ സൃഷ്ടിച്ചത്:

'നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവർ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാണവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു' (67:2).

'ഇഹലോക ജീവിതം വിശ്വാസിയുടെ തടവറയും അവിശ്വാസിയുടെ സ്വർഗ്ഗവുമാകുന്നു' എന്നാണ് പ്രവാചകൻ (സ) പഠിപ്പിച്ചിട്ടുള്ളത്. ഇവിടെ നന്മ ചെയ്യുന്നവന് ശാശ്വത പ്രതിഫലമോ തിന്മ ചെയ്യുന്നവന് ശാശ്വതമായ ശിക്ഷയോ ലഭിക്കുന്നില്ല. ആയിരം പേരെ കൊന്നവനും ഒരാളെ കൊന്നവനും ഒരേ ശിക്ഷ മാത്രമേ ഇവിടെ ലഭിക്കുകയുള്ളൂ. ഒരാളെ കൊന്നവന് വധശിക്ഷ വിധിച്ചാൽ ആയിരം പേരെ കൊന്നവനെ ആയിരം പ്രാവശ്യം അതേ ശിക്ഷ കൊടുക്കാനോ ആയിരമിരട്ടിയായി കൊടുക്കാനോ ഇവിടെ സാധ്യമല്ല. അതുപോലെ ജീവിതത്തിലുടനീളം ദൈവിക മാർഗ്ഗത്തിൽ ജീവിച്ചവർക്ക് ഇവിടെ ദാരിദ്ര്യവും കഷ്ടപ്പാടുകളും മാത്രമേ ഉണ്ടായിട്ടുള്ളൂ. ഉദാഹരണത്തിന് ദൈവത്തിൻെറ പ്രവാചകന്മാർ തന്നെ. ദൈവികമതത്തിന്റെ പ്രബോധനം നടത്തിയതിൻെറ പേരിൽ അവർക്ക് അവരുടെ തന്നെ നാട്ടിലും വീട്ടിലും എതിർപ്പുകളും പ്രയാസങ്ങളും സഹിക്കേണ്ടിവന്നു. അവരിൽ പലരും ദൈവമാർഗത്തിൽ രക്തസാക്ഷിത്വം വരിച്ചു.



ഇവർക്കെല്ലാം ശാശ്വതമായ പ്രതിഫലം ലഭിക്കുന്നത് പരലോകത്ത് മാത്രമാണ്. സത്യത്തിന് വേണ്ടി നിലകൊണ്ടവരും സത്യവിശ്വാസികളും മാത്രമേ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ളൂ. ബാക്കിയെല്ലാവരുടെയും വാസസ്ഥലം നരകവുമായിരിക്കും.

'ഇസ്‌ലാം (ദൈവത്തിലുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവരിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽപെട്ടവനുമായിരിക്കും' (3:85).

**ആരാണ് സത്യവിശ്വാസി?**

പ്രവാചകൻ (സ) പറഞ്ഞു: 'ഞാൻ കൊണ്ടുവരുന്നതിനെല്ലാം നിങ്ങളുടെ ഇച്ഛ വഴങ്ങുന്നതുവരെ നിങ്ങളാരും വിശ്വാസികളാവുകയില്ല' (ബുഖാരി, മുസ്‌ലിം).

വിശുദ്ധ ഖുർആൻ പറയുന്നു: "നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ, പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം. എന്നാൽ അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും വേദഗ്രന്ഥത്തിലും പ്രവാ ചകൻമാരിലും വിശ്വസിക്കുകയും സ്വത്തിനോട് പ്രിയമുണ്ടായിട്ടും അത് ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴിപോക്കനും ചോദിച്ച് വരുന്നവർക്കും അടിമ മോചനത്തിനും നൽകുകയും പ്രാർത്ഥന (നമസ്കാരം) മുറപ്രകാരം നിർവഹിക്കുകയും സക്കാത്ത് നൽകുകയും കരാറിലേർപ്പെട്ടാൽ അത് നിറവേറ്റുകയും വിഷമതകളും ദുരിതങ്ങളും നേരിടുമ്പോഴും യുദ്ധരംഗത്തും ക്ഷമ കൈക്കൊള്ളുകയും ചെയ്തവരാരോ അവരാകുന്നു പുണ്യവാൻമാർ. അവരാകുന്ന സത്യം പാലിച്ചവർ. അവർ തന്നെയാകുന്നു (ദോഷബാധയെ) സൂക്ഷിച്ചവർ' (2:177).

'നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കുകയും ചെയ്യുക. ബന്ധുക്കളോടും അനാഥകളോടും പാവങ്ങളോടും കുടുംബബന്ധമുള്ള അൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസിയോടും വഴിപോക്കനോടും നിങ്ങളുടെ വലതുകൈകൾ ഉമടപ്പെടുത്തിയ അടിമകളോടും നല്ല നിലയിൽ വർത്തിക്കുക. പൊങ്ങച്ചക്കാരനും ദുരഭിമാനിയുമായിട്ടുള്ള ആരേയും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല' (7:36).

'സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവിനുവേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമ്മനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു' (5:8).

'സത്യവിശ്വാസികളെ, നിങ്ങൾ കുമ്പിടുകയും സാഷ്ടാംഗം ചെയ്യുകയും നിങ്ങളുടെ രക്ഷിതാവിനെ ആരാധിക്കുകയും നന്മ പ്രവർത്തിക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം' (22:77).

മുഹമ്മദ് നബി (സ) പഠിപ്പിച്ചു: 'നിങ്ങൾ സത്യം പറയണം. എന്തുകൊണ്ടെന്നാൽ സത്യം പുണ്യത്തിലേക്കും പുണ്യം സ്വർഗ്ഗത്തിലേക്കും എത്തിക്കുന്നു. മനുഷ്യൻ സത്യം പറയുകയും സത്യം ശീലിക്കുകയും ചെയ്താൽ അല്ലാഹുവിൻെറ അടുക്കൽ സത്യവാൻ എന്ന് എഴുതപ്പെടും' (മുസ്ലിം).

'അല്ലാഹുവെപ്പറ്റി പരാമർശിക്കപ്പെട്ടാൽ ഹൃദയങ്ങൾ കിടിലംകൊള്ളുന്നവരും, തങ്ങളെ ബാധിച്ച ആപത്തിനെ ക്ഷമാപൂർവം തരണം ചെയ്യുന്നവരും, നാം നൽകിയിട്ടുള്ളതിൽ നിന്നും ചെലവ് ചെയ്യുന്നവരുമത്രെ അവർ' (22:35).

'തങ്ങളുടെ അനാമത്തുകളും കരാറുകളും പാലിക്കുന്നവരും തങ്ങളുടെ നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിച്ച് പോരുന്നവരുമത്രെ (ആ വിശ്വാസികൾ)' (23:8-9).

'തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെപ്പറ്റിയുള്ള ഭയത്താൽ നടുങ്ങുന്നവരും, തങ്ങളുടെ രക്ഷിതാവിൻെറ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരും തങ്ങളുടെ രക്ഷിതാവിനോട് പങ്കുചേർക്കാത്തവരും രക്ഷിതാവിലേക്ക് തങ്ങൾ മടങ്ങി ചെല്ലേണ്ടവരാണല്ലോ എന്ന് മനസിൽ ഭയമുള്ളതോടുകൂടി തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുന്നവരും ആരോ അവരത്രെ നന്മകളിൽ ധൃതിപ്പെട്ട് മുന്നേറുന്നവർ. അവരത്രെ അവയിൽ മുമ്പേ ചെന്നെത്തുന്നവരും' (23:57-61).

'തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളേക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും. ഏതൊരാൾ തൻെറ മനസിനെ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കുന്നുവോ



അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ' (59:9).

'ഞങ്ങളുടെ നാഥാ ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും നരകശിക്ഷയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യണമേ എന്ന് പ്രാർത്ഥിക്കുന്നവരും' (3:16).

'ക്ഷമ കൈക്കൊള്ളുന്നവരും സത്യം പാലിക്കുന്നവരും ഭയഭക്തിയുള്ളവരും ചെലവഴിക്കുന്നവരും രാത്രിയുടെ അന്ത്യയാമങ്ങളിൽ പാപമോചനം തേടുന്നവരുമാകുന്നു അവർ' (അല്ലാഹുവിൻെറ ദാസന്മാർ) (3:17).

'സത്യവിശ്വാസി സ്വാതികനും മാന്യനുമായിരിക്കും. ദൈവധിക്കാരി വഞ്ചകനും മാന്യതയില്ലാത്തവനുമായിരിക്കും' (അഹ്മദ്, തിർമുദി, അബൂദാവൂദ്).

'വിൽക്കുമ്പോഴും, വാങ്ങുമ്പോഴും കടം കൊടുത്ത് തിരിച്ചു ചോദിക്കുമ്പോഴും വിട്ടുവീഴ്ച മനസ്ഥിതി കാണിക്കുന്ന മനുഷ്യനോട് അല്ലാഹു കരുണ ചെയ്യട്ടെ' (ബുഖാരി).

അവനവന് ഇഷ്ടപ്പെടുന്നത് സ്വസഹോദരനും ഇഷ്ടപ്പെടുന്നതുവരെ നിങ്ങളാരും യഥാർത്ഥ വിശ്വാസിയാവുകയില്ല' (ബുഖാരി, മുസ്ലിം).

'നീ കറി പാകം ചെയ്യുമ്പോൾ കുറച്ചധികം വെള്ളം കൂട്ടി അയൽക്കാരേയും പരിഗണിക്കുക' (മുസ്ലിം).

'നമ്മിൽ ചെറിയവനോട് കരുണ കാണിക്കാത്തവനും വലിയവനെ ആദരിക്കാത്തവനും നമ്മുടെ കൂട്ടത്തിലല്ല ഉൾപ്പെടുക' (അബൂദാവൂദ്, തിർമുദി).

'ഒരു അണുമണി തൂക്കം അഹംഭാവം ഹൃദയത്തിലുള്ള യാതൊരാളും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല' (മുസ്ലിം).

വി. ഖുർആനിൻെറ മറ്റുചില അധ്യാപനങ്ങൾ കൂടി കാണുക:

'നീ ഭൂമിയിൽ അഹന്തയോട് കൂടി നടക്കരുത്. തീർച്ചയായും നിനക്ക് ഭൂമിയെ പിളർക്കാനൊന്നുമാവില്ല. ഉയരത്തിൽ നിനക്ക് നിനക്ക് പർവതങ്ങൾക്കൊപ്പമെത്താനും ആവില്ല. തീർച്ച' (17:37).

'നീ (അഹങ്കാരത്തോടെ) മനുഷ്യരുടെ നേർക്ക് നിൻെറ കവിൾ

തിരിച്ച് കളയരുത്. ഭൂമിയിലൂടെ നീ പൊങ്ങച്ചം കാട്ടി നടക്കുകയുമരുത്. ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ യാതൊരാളേയും അല്ലാഹു ഇഷ്ടപ്പെടുകയില്ല' (31:18).

'സത്യവിശ്വാസികളെ ഒരു ജനവിഭാഗവും മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്നവർ) അവരേക്കാൾ നല്ലവരായിരുന്നേക്കാം. ഒരു വിഭാഗം സ്ത്രീകൾ മറ്റൊരു വിഭാഗം സ്ത്രീകളേയും പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്ന സ്ത്രീകൾ) മറ്റവരേക്കാൾ നല്ലവരായേക്കാം. നിങ്ങൾ അന്യോന്യം കുത്തുവാക്ക് പറയരുത്. നിങ്ങൾ പരിഹാസപ്പേരുകൾ വിളിച്ച് പരസ്പരം അപമാനിക്കുകയും അരുത്. സത്യവിശ്വാസം കൈക്കൊണ്ടതിന് ശേഷം അധാർമ്മികമായ പേര് (വിളിക്കുന്നത്) എത്ര ചീത്ത. വല്ലവനും പശ്ചാത്തപിക്കുന്നപക്ഷം അത്തരക്കാർ തന്നെയാകുന്നു അക്രമികൾ' (49:11).

'സത്യവിശ്വാസികളേ, ഊഹത്തിൽ നിന്ന് മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റകരമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയുമരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ച് പറയുകയുമരുത്. തൻെറ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവൻെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണോ ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു' (49:12).

'കോപം പൈശാചികമാണ്' (അബൂദാവൂദ്).

'ഏഷണിക്കാരൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല' (ബുഖാരി).

'നിൻെറ സഹോദരൻ നിന്നെ വിശ്വസിക്കുന്ന ഒരു കാര്യത്തിൽ നീ അവനോട് കളവ് പറയുകയെന്നത് കൊടും വഞ്ചനയാണ്' (അബൂദാവൂദ്).

'ആരെങ്കിലും ഒരുചാൺ ഭൂമി ആക്രമിച്ച് കൈവശപ്പെടുത്തിയാൽ (പരലോകത്ത്) അത് ഏഴ് ഭൂമിയിൽ നിന്നുമെടുത്ത് അവൻെറ കഴുത്തിലിടും' (ബുഖാരി, മുസ്‌ലിം).

'ആരെങ്കിലും സമ്പാദിക്കാൻ വേണ്ടി യാചന നടത്തിയാൽ തീക്കട്ടയാണ് അയാൾ യാചിച്ച് വാങ്ങുന്നത്' (മുസ്‌ലിം).



'വിനാശകരമായ ഏഴ് പാപങ്ങൾ നിങ്ങൾ വർജിക്കുക. അല്ലാഹുവോട് പങ്കുചേർക്കുക, മാരണം ചെയ്യുക, അല്ലാഹുവെ ആദരിച്ച ജീവനെ അന്യായമായി കൊലപ്പെടുത്തുക, പലിശ തിന്നുക, അനാഥയുടെ ധനം തിന്നുക, ഘോരയുദ്ധം നടക്കുമ്പോൾ പിന്തിരിഞ്ഞോടുക, പതിവ്രതകളും, സത്യവിശ്വാസിനികളും ദുർനടപ്പെന്തെന്ന് അറിയാത്തവരുമായ സ്ത്രീകളെപ്പറ്റി കുറ്റാരോപണം ഉന്നയിക്കുക ഇവയാണ്' (ബുഖാരി, മുസ്‌ലിം).

'പിശുക്ക് കാണിക്കുകയും പിശുക്ക് കാണിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും തങ്ങൾക്ക് അല്ലാഹു അവൻെറ ഔദാര്യം കൊണ്ട് നൽകിയ അനുഗ്രഹം മറച്ചുവെക്കുകയും ചെയ്യുന്നവരാണവർ. ആ നന്ദികെട്ടവർക്ക് അപമാനകരമായ ശിക്ഷയാണ് ഒരുക്കിവെച്ചിട്ടുള്ളത്' (4:37).

'ജനങ്ങളെ കാണിക്കുവാനായി തങ്ങളുടെ സ്വത്തുക്കൾ ചെലവഴിക്കുന്നവരും അല്ലാഹുവിലോ അന്ത്യദിനത്തിലോ വിശ്വാസമില്ലാത്തവരുമാണവർ. പിശാചാണ് ഒരാളുടെ കൂട്ടാളിയാകുന്നതെങ്കിൽ അവൻ എത്ര ദുഷിച്ചയൊരു കൂട്ടുകാരൻ' (4:38).

'അക്രമം സൂക്ഷിക്കുക. അക്രമം അന്ത്യദിനത്തിൽ ഇരുളുകളായിരിക്കും. പിശുക്കിനേയും സൂക്ഷിക്കുക. കാരണം പിശുക്ക് മുമ്പുള്ളവരെ നശിപ്പിച്ചിട്ടുണ്ട്. പരസ്പരം രക്തം ചിന്തുവാനും നിഷിദ്ധമായത് അനുവദനീയമാകാനും അതവരെ പ്രേരിപ്പിക്കുകയുണ്ടായി' (മുസ്‌ലിം).

'അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും തങ്ങളുടെ സ്വത്തുക്കൾ കൊണ്ടും ശരീരങ്ങളും കൊണ്ടും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരം നടത്തുകയും ചെയ്തവരാരോ അവർ മാത്രമാകുന്നു സത്യവിശ്വാസികൾ. അവർ തന്നെയാകുന്നു സത്യവാൻമാർ' (49:15).

### ഖുർആനും ബൈബിളും: സമാനതകൾ

1. ബൈബിളിലും ഖുർആനിലും പ്രവാചകരെപ്പറ്റിയും അവരുടെ അധ്യാപനങ്ങളെപ്പറ്റിയും പറഞ്ഞിരിക്കുന്നു.

2. മോശയുടെ ഈജിപ്തിൽ നിന്നുള്ള പുറപ്പാടിനെപ്പറ്റിയും ഫിർഔൻെറ പീഡനത്തെപ്പറ്റിയും ദൈവം ആ രാജ്യത്തിന് ഏൽപ്പിച്ച

ശിക്ഷയെപ്പറ്റിയും പ്രതിപാദിച്ചിരിക്കുന്നു.

3. ലൂത്ത് (അ) നബിയുടെ ജനതയെയും ആ പ്രദേശങ്ങളെയും നശിപ്പിച്ച കാര്യങ്ങൾ പ്രതിപാദിച്ചിരിക്കുന്നു.

4. ഇബ്രാഹിം (അ) പ്രവാചകന്റെ ജീവിതത്തെപ്പറ്റിയും അദ്ദേഹത്തിന്റെ കുട്ടിയെ ബലികഴിക്കാൻ കൽപ്പിച്ചതും പ്രതിപാദിച്ചിരിക്കുന്നു.

5. ക്രിസ്തുവിനെക്കുറിച്ചും മറിയമിനെക്കുറിച്ചും പറഞ്ഞിരിക്കുന്നു.

ഇങ്ങനെ അനേകം കാര്യങ്ങളിൽ സാമ്യം പുലർത്തുന്നുണ്ടെങ്കിലും മറ്റ് അനേകം കാര്യങ്ങളിൽ വൈരുദ്ധ്യങ്ങളും പുലർത്തുന്നു:

1. പ്രവാചകന്മാരെപ്പറ്റി മോശമായ പല സ്വഭാവങ്ങളും അവരിൽ ബൈബിൾ ആരോപിച്ചിരിക്കുന്നു. എന്നാൽ പ്രവാചകന്മാരെല്ലാം പരിശുദ്ധരും നിഷ്കളങ്കരും ആയിരുന്നുവെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്.

2. യേശുക്രിസ്തു (അ) ദൈവത്തിന്റെ ഒരു പ്രവാചകൻ മാത്രമായിരുന്നെന്നും അദ്ദേഹത്തെ ക്രൂശിച്ചിട്ടില്ലെന്നും ദൈവം അവങ്കലേക്ക് ഉയിർത്തിയെന്നും പഠിപ്പിക്കുന്നു.

3. ദൈവം ലൂത്തിന്റെ ജനതയെ നശിപ്പിച്ചത് ബൈബിൾ വിവരിക്കുന്നു. ഇതുപോലെ മറ്റു പല സമുദായങ്ങളെയും നശിപ്പിച്ചതായും ഖുർആൻ വിവരിക്കുന്നു.

വിശുദ്ധ ഖുർആൻ മുഴുവൻ വായിച്ചുകഴിഞ്ഞപ്പോൾ ഞാനാകെ ആശയക്കുഴപ്പത്തിലായി. ഇതിൽ ഏതാണ് സത്യം?. എന്റെ ക്രിസ്തീയ വിശ്വാസത്തെ തകർക്കുന്ന തരത്തിലുള്ള ഒത്തിരി വചനങ്ങളിൽ എന്റെ ഹൃദയം ഉടക്കി. രണ്ട് ഗ്രന്ഥങ്ങളിലും ദൈവം ഏകനെന്ന് പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ട് ആ വിശ്വാസം സ്വീകരിക്കുവാൻ ബുദ്ധിമുട്ടില്ല. പക്ഷേ യേശുക്രിസ്തുവിന്റെ ദൈവപുത്രസ്ഥാനം എന്തുചെയ്യും? കഴിഞ്ഞ ഇരുപത്തെട്ട് വർഷക്കാലത്തെ വിശ്വാസം തകരുകയാണോ? യേശുവിന്റെ ദൈവപുത്രസ്ഥാനം നിഷേധിച്ചാൽ യേശു ദൈവപുത്രനാണെങ്കിൽ ഞാൻ നരകത്തിൽ പോകില്ലേ? ഞാൻ ആശങ്കിച്ചു. യേശു ഒരു പ്രവാചകനാണെങ്കിൽ ദൈവപുത്രനാണെന്ന് വിശ്വസിച്ചതിന്റെ പേരിലും നരകത്തിൽ പോകും. ചെറുപ്പം മുതലേ സ്വർഗ്ഗത്തിൽ പോകണമെന്ന്



മോഹിച്ച ഞാനാകെ പ്രതിസന്ധിയിലായി. ഏതാണ് സത്യം? ബൈബിളോ? ഖുർആനോ?

എന്റെ ആത്മസംഘർഷം തീർക്കാൻ ഞാൻ ദൈവത്തോട് പ്രാർത്ഥിച്ചു. എന്റെ സ്രഷ്ടാവിന്റെ മുമ്പിൽ പ്രണമിച്ച് ഞാൻ പ്രാർത്ഥിച്ചു.

എന്നെ സൃഷ്ടിച്ചവനും പരിപാലിക്കുന്നവനുമായ നാഥാ നീ എന്നെ സത്യത്തിലൂടെ നയിക്കണമേ; നീ എനിക്ക് നേർമാർഗം കാണിച്ചുതരേണമേ. അതോടൊപ്പം ഞാൻ നിഷ്പക്ഷമായിക്കൊണ്ടും നിഷ്കളങ്കനായിക്കൊണ്ടും ഒരു ക്രിസ്ത്യാനിയുടെ മുൻവിധികളില്ലാതെ എന്റെ അന്വേഷണം ആരംഭിച്ചു. കേവലം ഒരു മനുഷ്യനായി, ഒരു സത്യത്തിന്റെ അന്വേഷകനായി, വേദഗ്രന്ഥങ്ങളിലൂടെ ഞാൻ പോയി.

ഞാൻ എത്തിച്ചേർന്ന സത്യം നിങ്ങൾക്കും പരിശോധിക്കാം. മുൻവിധികൾ മാറ്റിവെച്ച്, നിഷ്കളങ്കമായ ഹൃദയത്തോടെ. ഖുർആൻ പറയുന്നു:

'മനുഷ്യൻ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകരെ നിയോഗിച്ചു. അവർ (ജനങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പുകൽപ്പിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു. എന്നാൽ വേദം നൽകപ്പെട്ടവർ തന്നെ വ്യക്തമായി തെളിവുകൾ വന്നുകിട്ടിയതിനുശേഷം അതിൽ (വേദവിഷയത്തിൽ) ഭിന്നിച്ചിട്ടുള്ളത് അവർ തമ്മിലുള്ള മാത്സര്യം മൂലമല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. എന്നാൽ ഏതൊരു സത്യത്തിൽ നിന്ന് അവർ ഭിന്നിച്ചകന്നുവോ ആ സത്യത്തിലേക്ക് അല്ലാഹു തന്റെ താൽപ്പര്യ പ്രകാരം സത്യവിശ്വാസികൾക്ക് വഴികാണിച്ചു. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു ശരിയായ പാതയിലേക്ക് നയിക്കുന്നു!' (2:213).

ക്രിസ്തുമതത്തെ എത്ര അവഗാഹമായും ആധികാരികതയോടെയും ഖുർആൻ വിശകലനം ചെയ്യുന്നുവെന്ന് ഞാൻ കണ്ടറിഞ്ഞു:

'വേദക്കാരേ, നിങ്ങൾ മതക്കാര്യത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മറിയമിന്റെ മകനായ മസീഹ് ഈസ അല്ലാഹുവിന്റെ ദൂതനും

മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത വചനവും അവങ്കൽ നിന്നുള്ള ഒരാത്മാവും മാത്രമാകുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതന്മാരിലും വിശ്വസിക്കുക. 'ത്രിത്വം' എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നന്മക്കായി നിങ്ങൾ (ഇതിൽ നിന്ന്) വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്കൊരു സന്താനമുണ്ടായിരിക്കുക എന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവൻേറതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി' (4:171).

'അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറയുന്നവർ തീർച്ചയായും അവിശ്വാസികളാകുന്നു. ഏക ആരാധ്യനല്ലാതെ യാതൊരു ആരാധ്യനും ഇല്ല തന്നെ. അവർ ആ പറയുന്നതിൽ നിന്ന് വിരമിച്ചില്ലെങ്കിൽ അവരിൽ നിന്ന് അവിശ്വസിച്ചവർക്ക് വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും' (5:73).

'മറിയമിൻെറ മകൻ മസീഹ് തന്നെയാണ് അല്ലാഹുവെന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളാകുന്നു. എന്നാൽ മസീഹ് (മിശിഹ) പറഞ്ഞത് ഇസ്രായേൽ സന്തതികളേ, എൻേറയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവിനെ വല്ലവനും പങ്കുചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു തന്നെ അവന് സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവൻെറ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല' (5:72).

'ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിനുണ്ടാകുന്നതല്ല. അവൻ എത്ര പരിശുദ്ധൻ. അവൻ ഒരുകാര്യം തീരുമാനിച്ച് കഴിഞ്ഞാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നു' (19:35).

'പരമകാരുണികൻ ഒരു സന്താനത്തെ സ്വീകരിച്ചിട്ടുണ്ടെന്ന് അവർ പറഞ്ഞിരിക്കുന്നു. അപ്രകാരം പറഞ്ഞവരെ, തീർച്ചയായും നിങ്ങൾ ചെയ്തിരിക്കുന്നത് ഗുരുതരമായ ഒരു കാര്യമാണ്' (10: 88, 89).

'അത് നിമിത്തം ആകാശങ്ങൾ പൊട്ടിപ്പിളരുകയും ഭൂമി വിണ്ടുകീറുകയും പർവതങ്ങൾ തകർന്നുവീഴുകയും ചെയ്യുമാറാകും (അതേ); പരമകാരുണികന് സന്താനമുണ്ടെന്ന് അവർ വാദിച്ചത് നിമിത്തം' (19:90, 91).

'സന്താനത്തെ സ്വീകരിക്കുക എന്നത് പരമകാരുണ്യകന് അനുയോജ്യമാകുകയില്ല. ആകാശങ്ങളിലും ഭൂമിയിലുമുള്ള ഏതൊരാളും ഒരു ദാസൻ എന്ന നിലയിൽ പരമകാരുണ്യകൻെറ അടുത്ത് വരുന്നവൻ മാത്രമായിരിക്കും' (19: 92, 93).



യേശുവിന്റെ യഥാർത്ഥ ദൗത്യം ഖുർആൻ പരിചയപ്പെടുത്തുന്നു: 'എനിക്ക് മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്താനായി കൊണ്ടും നിങ്ങളുടെ മേൽ നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങളിൽ ചിലത് നിങ്ങൾക്ക് അനുവദിച്ച് തരുവാൻ വേണ്ടിയുമാകുന്നു (ഞാൻ നിയോഗിക്കപ്പെട്ടത്). നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ദൃഷ്ടാന്തവും നിങ്ങൾക്ക് ഞാൻ കൊണ്ടുവന്നിരിക്കുന്നു. ആകയാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ' (3:50).

'മറിയമിൻെറ പുത്രൻ ഈസ പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു); ഇസ്രായേൽ സന്തതികളേ എനിക്ക് മുമ്പുള്ളത് സത്യപ്പെടുത്താനായിക്കൊണ്ടും എനിക്ക് ശേഷം വരുന്ന അഹ്മദ് എന്ന് പേരുള്ള ഒരു ദൂതനെപ്പറ്റി സന്ദേശവാർത്ത അറിയിക്കുന്നവനുമായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിൻെറ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ. അങ്ങനെ അദ്ദേഹം വ്യക്തമായ തെളിവുകളും കൊണ്ടുചെന്നപ്പോൾ അവർ പറഞ്ഞു. ഇത് വ്യക്തമായ ജാലവിദ്യയാകുന്നു' (61:6).

'നിങ്ങൾ യഹൂദരോ ക്രൈസ്തവരോ ആയാലേ നേർവഴിയിലാകൂ എന്നാണവർ പറയുന്നത്. എന്നാൽ നീ പറയുക. അതല്ല വക്രതയില്ലാത്ത ശുദ്ധ മനസ്കനായിരുന്ന ഇബ്രാഹീമിൻെറ മാർഗമാണ് (പിൻപറ്റേണ്ടത്). അദ്ദേഹം ബഹുദൈവരാധകരിൽപ്പെട്ടവനായിരുന്നില്ല'. 'നിങ്ങൾ പറയുക അല്ലാഹുവിലും അവങ്കൽ നിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ച് കിട്ടിയതിലും ഇബ്രാഹിമിനും ഇസ്മായീലിനും ഇസ്ഹാഖിനും യഅ്ക്കൂബിനും യഅ്ക്കൂബ് സന്തതികൾക്കും അവതരിപ്പിച്ച് കൊടുത്തതിലും മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും സർവ പ്രവാചകന്മാർക്കും അവരുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ടതിലും (സന്ദേശങ്ങളിലും) നിങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപ്പിക്കുന്നില്ല ഞങ്ങൾ അവന് (അല്ലാഹുവിന്) കീഴ്പ്പെട്ടവരാകുന്നു' (3:135, 136).

'അല്ലാഹുവിൻെറ ദൂതനായ മർയമിൻെറ മകനായ മസീഹ് ഈസയെ ഞങ്ങൾ കൊന്നിരിക്കുന്നു എന്നവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു) വാസ്തവത്തിൽ അദ്ദേഹത്തെ അവർ

കൊലപ്പെടുത്തിയിട്ടില്ല, ക്രൂശിച്ചിട്ടുമില്ല. പക്ഷെ (യാഥാർത്ഥ്യം) അവർക്ക് തിരിച്ചറിയാതെയാവുകയാണ് ഉണ്ടായത്. തീർച്ചയായും അദ്ദേഹത്തിൻെറ (ഈസയുടെ) കാര്യത്തിൽ ഭിന്നിച്ചവർ അതിനെപ്പറ്റി സംശയത്തിൽ തന്നെയാകുന്നു. ഊഹാപോഹത്തെ പിൻതുടരുന്നതല്ലാതെ അവർക്ക് അക്കാര്യത്തെപ്പറ്റി യാതൊരു അറിവുമില്ല. ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടുമില്ല' (4:157).

മുകളിൽ ഉദ്ധരിക്കപ്പെട്ട വചനങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. തീർച്ചയായും നിങ്ങളുടെ (ക്രിസ്ത്യൻ സഹോദരന്മാരുടെ) വിശ്വാസവുമായി ഇവ വിയോജിക്കുന്നുണ്ട്. എങ്കിലും ബൈബിളിലെ വചനങ്ങളുമായി അവ യോജിച്ച് പോകുന്നുണ്ട്. നാം നമ്മുടെ ബുദ്ധിയെ മാത്രം ആശ്രയിച്ച് മുന്നോട്ടുപോകുക. നമ്മുടെ ആത്മാവിൻെറയും ശരീരത്തിൻെറയും രക്ഷ നമ്മുടെ മാത്രം ബാധ്യതയാണ്. നമ്മുടെ പ്രവർത്തികൾക്ക് നാം നാളെ പരലോകത്ത് ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും. അന്ന് ചിലർ പറയും എന്നെ ആ പുരോഹിതൻ വഴിതെറ്റിച്ചതാണ്, അല്ലെങ്കിൽ ഇന്ന സുഹൃത്ത് വഴിതെറ്റിച്ചതാണ്; പക്ഷേ അവരെല്ലാം നമ്മെ കൈയൊഴിയും. കത്തിയാളുന്ന ആ നരകം നമ്മുടെ മുമ്പിൽ കൊണ്ടുവരുമ്പോൾ നാം ഓരോരുത്തരും രക്ഷപ്പെടാൻ നമ്മളിൽ കഴിയുന്ന എല്ലാ അടവുകളും പ്രയോഗിക്കും. പക്ഷേ പടച്ചതമ്പുരാൻെറ കോടതിയിൽ നമ്മുടെ അടവുകൾ കൊണ്ട് രക്ഷപ്പെടാനാവില്ല. നാം ശിക്ഷിക്കപ്പെടുക തന്നെ ചെയ്യും; സത്യം വിശ്വസിച്ച സൽകർമ്മികൾ ഒഴിച്ച്. ഖുർആൻ പറയുന്നു: 'നാം നമ്മുടെ ദൃഷ്ടാന്തങ്ങൾ നൽകിയിട്ട് അതിൽ നിന്ന് ഊരിച്ചാടുകയും അങ്ങനെ പിശാച് പിന്നാലെ കൂടുകയും എന്നിട്ട് ദുർമാർഗികളുടെ കൂട്ടത്തിലാവുകയും ചെയ്ത ഒരുവൻെറ വൃത്താന്തം നീ അവർക്ക് വായിച്ച് കേൾപ്പിച്ച് കൊടുക്കുക'. 'നാം ഉദ്ദേശിച്ചിരുന്നു വെങ്കിൽ അവ (ദൃഷ്ടാന്തങ്ങൾ) മൂലം അവന് ഉയർച്ച നൽകുമായിരുന്നു. പക്ഷേ അവൻ ഭൂമിയിലേക്ക് (അത് ശാശ്വതമാണെന്ന ഭാവേന) തിരിയുകയും അവൻെറ തന്നിഷ്ടത്തെ പിൻപറ്റുകയുമാണ് ചെയ്തത്. അപ്പോൾ അവൻെറ ഉപമ ഒരു നായയുടേത് പോലെയാകുന്നു. നീ അതിനെ അക്രമിച്ചാൽ അത് നാവ് തൂക്കിയിടും. നീ അതിനെ വെറുതെ വിട്ടാലും അത് നാവ് തൂക്കിയിടും. അതാണ് നമ്മുടെ ദൃഷ്ടാന്തങ്ങൾ. നിഷേധിച്ച് തള്ളിയ ആളുകളുടെ ഉപമ. അതിനാൽ (അവർക്ക്) ഈ കഥ വിവരിച്ചുകൊടുക്കുക. അവർ ചിന്തിച്ചെന്ന് വരാം' (7:175, 176).

# 3

# ത്രിയേകത്വം

ഇന്നത്തെ ക്രൈസ്തവസഭകളുടെ അടിസ്ഥാന വിശ്വാസം തന്നെ ദൈവം ത്രിത്വത്തിൽ ഏകൻ ആകുന്നു എന്നതാണ്. ഇതിന് ബൈബിളിൽ തെളിവുകളുണ്ടോ? അല്ലെങ്കിൽ ഏതെങ്കിലും പ്രവാചകൻ പഠിപ്പിച്ചതാണോ? എന്ന് ചോദിച്ചാൽ തെളിവായി കുറേ വചനങ്ങൾ വളച്ചൊടിച്ച് ഉദ്ധരിക്കും. എന്നാലും ത്രിത്വത്തിന് പൂർണ തെളിവാകുകയുമില്ല. യേശുക്രിസ്തുവോ ഏതെങ്കിലും പ്രവാചകനോ ഈ തത്വം പഠിപ്പിച്ചിട്ടില്ല എന്നവർ സമ്മതിക്കും. പിന്നെയോ? ഇതവർക്ക് വെളിപാട് കിട്ടിയതാണ്. ആർക്കാണ് വെളിപാട് ലഭിച്ചത്? വെളിപാട് കിട്ടിയ ദൈവദൂതനാര്? എന്നൊക്കെ ചോദിച്ചാൽ അവർ പറയും ദിവ്യമായ രഹസ്യമാണെന്ന്. പാമരന്മാരായ ജനങ്ങളെ അറിഞ്ഞുകൊണ്ട് കബളിപ്പിക്കുകയാണ് ഇവർ ചെയ്യുന്നത്. എന്തിന് അവരുടെ സ്ഥാനമാനങ്ങൾക്കും വയറ്റിപ്പിഴപ്പിനും വേണ്ടി ത്രിത്വത്തിന് തെളിവായിക്കൊണ്ട് അവർ ഉദ്ധരിക്കുന്ന കുറേ വചനങ്ങൾ ശ്രദ്ധിക്കുക:

'പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ' (മത്തായി: 28:19).

ഇവിടെ 'പിതാവ്', 'പുത്രൻ', 'പരിശുദ്ധാത്മാവ്' എന്ന ബഹുത്വത്തെ 'നാമം' എന്ന ഏകവചനം കൊണ്ട് യോജിപ്പിച്ചതിനാൽ അവർ മൂവരും ഒന്നാകുന്നു എന്നാണ് ഒരു വാദം. ഇത് ഭാഷയുടെ ഒരു പ്രയോഗം മാത്രമാണ് എന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്?

എൻെറയും നിൻെറയും നാമത്തിൽ എന്നല്ലാതെ നാമങ്ങളിൽ എന്ന് ആരും പ്രയോഗിക്കാറില്ല. ഇതേപോലെ വേറെവചനങ്ങളും ബൈബിളിൽ കാണാൻ കഴിയും. ഉദാഹരണം നോക്കുക, 'യഹോവയായ ദൈവം ഭൂമിയിലെ സകല മൃഗങ്ങളേയും ആകാശത്തിലെ എല്ലാ പറവകളേയും നിലത്തുനിന്ന് നിർമ്മിച്ചു. അവക്ക് എന്ത് പേരിടുമെന്ന് കാൺമാൻ അവൻെറ മുമ്പിൽനിർത്തി' (ഉൽപ്പത്തി 2:19).

ഇവിടെ ഭൂമിയിലെ സകല 'പക്ഷ്യമൃഗാദികളും എന്ന ബഹുത്വത്തെ' 'എന്ത് പേർ' എന്ന ഏകവചനം കൊണ്ട് യോജിപ്പിച്ചിരിക്കുന്നു. ഇത് വായിച്ച് ഇതുവരെ ആരെങ്കിലും പക്ഷികളും മൃഗങ്ങളും എല്ലാം ഒന്നാണെന്ന് വിചാരിച്ചിട്ടില്ല. അവക്കെല്ലാം വ്യത്യസ്ത രീതിയിലുള്ള അവയവങ്ങളും ജീവിതരീതികളുമാണ്.

'ഞാനും പിതാവും ഒന്നാകുന്നു' (യോഹ 10:30) എന്നത് യേശുക്രിസ്തു യദൂഹന്മാരോട് പറയുന്ന ഒരു വചനമാണ്. ഇതിൻെറ മുമ്പും പിമ്പും വായിച്ചാൽ മാത്രം മതിയാകും യേശു ഇതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്നറിയാൻ. ഇന്നത്തെ പുരോഹിതന്മാരുടെയോ, പണ്ഡിതന്മാരുടെയോ വ്യാഖ്യാനമല്ല നമുക്ക് വേണ്ടത്; യേശു എന്താണ് അർത്ഥമാക്കിയത് എന്നാണ് നമുക്കറിയേണ്ടത്. അതിന് യോഹ 17:21 നോക്കുക: 'നീ എന്നെ അയച്ചിരിക്കുന്നു എന്ന് ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന് പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന് തന്നെ നീ എനിക്ക് തന്നിട്ടുള്ള മഹത്വം ഞാൻ അവർക്ക് കൊടുത്തിരിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന് ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിന് തന്നെ'.

യേശുക്രിസ്തു എന്താണ് അർത്ഥമാക്കിയത് എന്ന് ഈ വചനത്തിൽ നിന്ന് നമുക്ക് വ്യക്തമായി മനസിലാക്കാം. യേശുവും പിതാവ് എന്ന് വിളിക്കുന്ന ദൈവവും ഐക്യത്തിൽ, ഒരേ ആശയത്തിൽ ഒന്നായിരിക്കുന്നു എന്നാണ് മനസിലാക്കാൻ കഴിയുക. ഉദാഹരണത്തിന് വിശുദ്ധ ഖുർആൻ ദൈവവചനങ്ങളാണ് എന്ന കാര്യ ത്തിൽ മുസ്ലിംകൾ ഒന്നാണ് എന്ന് പറഞ്ഞാൽ മുസ്ലിംകളെല്ലാം ഒരു ശരീരമാണ് എന്ന് ആരും വിചാരിക്കില്ല.

ക്രിസ്ത്യൻ പണ്ഡിതന്മാരിൽ ചിലർ ത്രിത്വത്തിന് വിശദീകരണം



നൽകുന്നത് കേട്ടാൽ അവരുടെ ഹൃദയകാഠിന്യം എത്രയെന്ന് വ്യക്തമാകും. ഉദാഹരണത്തിന് സൂര്യ പ്രകാശത്തിൽ ചൂടും രശ്മിയും വെളിച്ചവും അടങ്ങിയതുപോലെ ദൈവത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവ കൂടിചേർന്നിട്ടുണ്ട് എന്നവർ വാദിക്കുന്നു.

ഏത് വിധത്തിലും തങ്ങളുടെ വാദം ജയിക്കാൻ വേണ്ടി ദൈവത്തെ വ്യാജമാക്കാൻ അവർക്ക് യാതൊരു മടിയുമില്ല. സകലതും സൃഷ്ടിച്ച ദൈവത്തെ അവൻ സൃഷ്ടിച്ച് വെച്ച സൃഷ്ടികളോട് ഉപമിക്കുക എന്ന ഹീനകൃത്യമാണ് അവർ ചെയ്യുന്നത്. 'എന്നെ നിങ്ങൾ ആരോട് ഉപമിക്കും. ആരോട് എന്നെ നിങ്ങൾ സാമ്യപ്പെടുത്തും' (എശയ്യാവ്) എന്ന ബൈബിൾ വചനം പോലും ഈക്കൂട്ടർ മറന്നുപോകുന്നു. ഏത് ദൈവദൂതനാണ് അവരെ അത് പഠിപ്പിച്ചത്? അതിനുള്ള എന്ത് തെളിവാണ് അവരുടെ പക്കലുള്ളത്? പദാർത്ഥ ലോകത്തെ സൃഷ്ടിക്കുകയും പദാർത്ഥത്തിന് അതീതനായിരിക്കുകയും ചെയ്യുന്ന ദൈവത്തിൻെറ അസ്ഥിത്വത്തെപ്പറ്റി അവൻ വെളിപ്പെടുത്തിയതിൽ മാത്രം നമ്മൾ വിശ്വസിക്കുക എന്നതാണ് കേവലം അവൻെറ സൃഷ്ടികളായ നമ്മുടെ കടമ.

### ത്രിത്വം വേദവിരുദ്ധം

ഖുർആൻ പറയുന്നു: 'അല്ലാഹു മൂവരിൽ ഒരുവനാകുന്നു എന്ന് വാദിച്ചവരും തീർച്ചയായും നിഷേധികളായിരിക്കുന്നു. എന്തെന്നാൽ ഏകദൈവമല്ലാതെ ഒരു ദൈവവും ഇല്ല തന്നെ. അവർ തങ്ങളുടെ ഇത്തരം വാദങ്ങളിൽ നിന്ന് വിരമിച്ചില്ലെങ്കിൽ, അവരിൽ നിഷേധികളായവരെ വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും. ഇനിയും അവർ പശ്ചാത്തപിക്കുകയും അവനോട് മാപ്പർത്ഥിക്കുകയും ചെയ്യുന്നില്ലേ? അല്ലാഹു ഏറെ മാപ്പരുളുന്നവനും ദയാപരനുമല്ലോ' (5:73).

യേശുക്രിസ്തു ദൈവമാണെന്നോ, മൂവരിൽ ഒരാളാണെന്നോ ബൈബിളിൽ ഒരു സ്ഥലത്തും കണ്ടെത്താൻ കഴിയില്ല. യേശു പറഞ്ഞതും പഠിപ്പിച്ചതും താൻ ദൈവത്താൽ അയക്കപ്പെട്ടവൻ എന്നത് മാത്രമാണ്.

യേശു പറയുന്നു: 'ഏക സത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുന്നത് തന്നെ നിത്യജീവൻ ആകുന്നു' (യോഹ 17:3).

ദൈവം ഏകനാണെന്നും യേശുവിനെ ദൈവം അയച്ചതാണെന്നും യേശു ഒരു ദൈവദൂതൻ മാത്രമാണെന്നും ഇതിൽ നിന്ന് നമുക്ക് മനസിലാക്കാം:

“നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്ന്; ‘എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ’ അടുക്കൽ ഞാൻ കയറിപോകുന്നു എന്ന് അവരോട് പറയുക” (യോഹ: 20:17).

യേശുവിന്റെ പിതാവ് നമ്മുടെയും പിതാവാണെന്നാണ് യേശു പരിചയപ്പെടുത്തുന്നത്. മനുഷ്യരിലെ പിതാവും മക്കളും എന്ന കാഴ്ചപ്പാടല്ല ഇവിടെ. എന്റെ അപ്പച്ചൻ എന്ന് നമ്മൾ നമ്മുടെ പിതാവിനെ വിളിക്കുന്നപോലെ ഒരർത്ഥമല്ല യേശു പിതാവ് എന്ന് വിളിക്കുമ്പോൾ വരുന്നത്. യേശുവിന്റെ മാത്രം പിതാവല്ല. മറിച്ച് സകല മനുഷ്യരുടെയും പിതാവാണ്. വാൽസല്യനിധിയായ ഒരു പിതാവിനെപോലെ, യേശു ദൈവത്തെ നമുക്ക് പരിചയപ്പെടുത്തി തരികയാണ്.

യേശുവിന്റെ ദൈവം നമ്മുടെയും ദൈവമാണ്. യേശു ഒരു ദൈവിക സത്തയുടെ ഭാഗമല്ല. മറിച്ച് നമ്മെ പോലെ, നമുക്ക് തുല്യനായ, ഒരു മനുഷ്യനായ ദൈവദൂതൻ മാത്രമാണ്.

‘യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽ നിന്ന് കയറി. അപ്പോൾ ദൈവാത്മാവ് പ്രാവെന്ന പോലെ ഇറങ്ങി തന്റെമേൽ വരുന്നത് അവൻ കണ്ടു; ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദവും ഉണ്ടായി’ (മത്തായി 3:16)എന്ന വചനം സസൂക്ഷ്മം വായിക്കുക.

ത്രിത്വത്തിന് എതിരായ ഒരു വചനമാണ് ഇത്. പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരു അസ്തിത്വമല്ല. പകരം മൂന്ന് അസ്തിത്വങ്ങളാണ് എന്ന് ഈ വചനം തെളിയിക്കുന്നു. ഇവിടെ പിതാവ് സ്വർഗ്ഗത്തിലും പുത്രൻ ഭൂമിയിലും പരിശുദ്ധാത്മാവ് വായുവിലും ആയി വ്യത്യസ്ത അസ്തിത്വങ്ങളായി കാണുന്നു. ഇതിൽ പിതാവ് എന്ന് പുതിയനിയമത്തിലും യഹോവ എന്ന് പഴയ നിയമത്തിലും പരിചയപ്പെടുത്തുന്ന ദൈവം ഏകനാണെന്നും പുത്രൻ ദൈവദൂതനാണെന്നും മനസിലാക്കാം. ആദികാലം മുതൽ പ്രവാചകരിലും



ദൈവദൂതരിലും പ്രത്യക്ഷപ്പെടുന്ന പരിശുദ്ധാത്മാവ് ദൈവത്തിൽ നിന്ന് വരുന്ന ദൈവസാമീപ്യം ലഭിച്ച മാലാഖയാണെന്നേ മനസിലാക്കാൻ പറ്റുകയുള്ളൂ.

**ഏക ആരാധ്യൻ ദൈവം മാത്രം**

‘ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല (35:24) എന്ന് ഖുർആൻ പറയുന്നു. അവരെല്ലാം പറഞ്ഞത് അല്ലാഹുവെയല്ലാതെ നിങ്ങൾ ആരാധിക്കരുത്’ (41:14), ‘അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ല’ (21:25) എന്നാണ്. ഇന്നുള്ള വേദഗ്രന്ഥങ്ങളിലെല്ലാം തന്നെ ഈ സത്യം അവശേഷിക്കുന്നുണ്ടെങ്കിലും ആ വേദഗ്രന്ഥത്തിന്റെ അനുയായികൾ തന്നെ അതെല്ലാം മറച്ചുവെച്ചു കൊണ്ട് ഏകആരാധ്യന് പുറമെ മറ്റ് ദൈവങ്ങളെ സ്വീകരിക്കുകയാണ്.

വേദഗ്രന്ഥങ്ങളിലെല്ലാം തന്നെ വ്യത്യസ്ത നാമങ്ങളിൽ ഈശ്വരനെ അറിയപ്പെടുന്നു. ഹൈന്ദവ ഗ്രന്ഥങ്ങളിൽ പരബ്രഹ്മം, ബ്രഹ്മാവ്, ഹിരണ്യഗർഭൻ, വിരാട് പുരുഷൻ, പ്രജാപതി എന്നിങ്ങനെയും ബൈബിളിൽ യഹോവ, പിതാവ്, സൈന്യങ്ങളുടെ കർത്താവ് എന്നിങ്ങനെയും ഖുർആനിൽ അല്ലാഹു, പരമ കാരുണികൻ, കരുണാനിധി, പ്രപഞ്ചനാഥൻ, ലോകരക്ഷിതാവ് എന്നിങ്ങനെ വിശിഷ്ടമായ 99 നാമങ്ങളിലും അറിയപ്പെടുന്നു.

**ദൈവിക ഏകത്വം**

‘ഏകം സദ്വിപ്രാ ബഹുധാവദന്തി’ (ഋഗ്വേദം 2:3-6). സത്തായ ഒന്നിനെ വിദ്വാൻമാർ പലതായി പ്രകീർത്തിക്കുന്നു.

യോ ദേവാനാം താമധാ ഏക ഏവാ

ദേവനാമങ്ങൾ ധരിച്ച വ്യക്തി ഒന്നാകുന്നു.

‘യിസ്രായേലേ കേൾക്ക യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻ തന്നെ’ (ആവർത്തനം 6:4).

അല്ലയോ ഇസ്രായേലേ കേൾക്ക, ‘നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്’ (മാർക്കോസ് 12:29).

‘ഏകനേയുള്ളൂ. അവനല്ലാതെ മറ്റൊരുത്തനില്ല’ (മാർക്കോസ് 12:33).

‘എന്നോട് നന്മയെക്കുറിച്ച് ചോദിക്കുന്നത് എന്ത്? നല്ലവൻ ഒരു

ത്തനേ ഉള്ളൂ' (മത്തായി 19:16).

വി. ഖുർആൻ പറയുന്നു: 'അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു' (4:171). 'പറയുക അല്ലാഹു അവൻ ഏകനാകുന്നു' (112:1). 'ഏകനും സർവാധിപതിയുമായ അല്ലാഹുവത്രെ അവൻ' (39:4).

ദൈവത്തെ സൃഷ്ടികൾക്ക് കാണാൻ കഴിയില്ല എന്ന ആശയം ഹൈന്ദവ വേദഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്:

'യന്മനസാന മനുതേയോന ഹുർമ്മതോ മതം

തദേവ ബ്രഹ്മത്വം വിദ്ധിനേത യദിതമുപാസതേ' (കേനോപനിഷത്ത്).

അർത്ഥം: മനസ്സിന് അറിയാൻ കഴിയാത്തതും എന്നാൽ മനസ്സിന് അറിയുവാനുള്ള കഴിവ് നൽകുന്നതുമായ ചൈതന്യത്തെ ബ്രഹ്മമെന്ന് അറിയുക. ഇതാണ് ബ്രഹ്മമെന്ന് വിചാരിച്ച് തന്നിൽ നിന്ന് അന്യമായി ഉപാധിയോട് കൂടി ഉപാസിക്കുന്നതൊന്നും ബ്രഹ്മമല്ല.

യച്ചക്ഷുഷാ നപശ്യതി യേന ചക്ഷ്യം ഷി പശ്വതി

'തദേവ ബ്രഹ്മത്വം വിദ്ധിനേതം യദിത മുപാസതേ (കേനോപനിഷത്ത്).

അർത്ഥം: 'കണ്ണുകൊണ്ട് കാണാൻ കഴിയാത്തതും കണ്ണുകൊണ്ട് വിഷയങ്ങളെ കാണുന്നതിന് ഹേതുഭൂതമായിട്ടുള്ളതുമായ ചൈതന്യമാണ് ബ്രഹ്മമെന്ന് അറിഞ്ഞാലും. ഇത് എന്ന നിലയിൽ തന്നിൽ നിന്ന് അന്യമായ ഉപാധിയോട് കൂടി ഉപവസിക്കുന്നതൊന്നും ബ്രഹ്മമല്ല'.

ബൈബിൾ പറയുന്നു: 'നിനക്ക് എൻെറ മുഖം കാൺമാൻ കഴിയില്ല. ഒരു മനുഷ്യനും എന്നെ കണ്ട് ജീവനോടെ ഇരിക്കുകയില്ല' (പുറപ്പാട് 33:20).

'ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല' (യോഹ: 1:18).

വി. ഖുർആൻ പറയുന്നു: 'കണ്ണുകൾ അവനെ കണ്ടെത്തുകയില്ല. എന്നാൽ കണ്ണുകളെ അവൻ കണ്ടെത്തുകയും ചെയ്യും'. (6:103)

### ത്രിത്വം: ചരിത്രവും ഉദ്ഭവവും

ക്രിസ്തുവിനുശേഷം അദ്ദേഹത്തിൻെറ ഉപദേശങ്ങൾ ഉൾക്കൊണ്ടും അദ്ദേഹത്തിൽ നിന്ന് നേരിട്ട് കേട്ട ഉപദേശങ്ങൾ മറ്റുള്ളവർക്ക് പറഞ്ഞുകൊടുത്തും ജീവിച്ച ആദ്യകാല ക്രൈസ്തവ സമൂഹം തികഞ്ഞ ഏകദൈവവിശ്വാസികളായിരുന്നു. അവർ വിശ്വസിച്ചത് യേശു ഒരു ദൈവദൂതൻ മാത്രമായിരുന്നു എന്നാണ് (അപ്പോ. പ്രവൃത്തി 3:13, 3:26, 4:27, 7:52). യഹൂദരിൽ വളരെയധികം പേർ ക്രിസ്തുവിൽ വിശ്വസിക്കുകയും ചെയ്തു. ക്രൈസ്തവ സമൂഹം ദിനംപ്രതി വളർന്നുകൊണ്ടിരുന്നു.



ക്രിസ്തുവിൽ വിശ്വസിച്ചവരെ ജൂതന്മാർ പീഢിപ്പിച്ചുകൊണ്ടിരുന്നു. പീഢനം ശക്തിപ്രാപിക്കുന്തോറും വിശ്വാസികളുടെ എണ്ണം വർധിച്ചുകൊണ്ടിരുന്നു. ക്രിസ്തു ശിഷ്യന്മാരെ പീഢിപ്പിക്കുന്നതിൽ മുൻപന്തിയിലായിരുന്നു ശൗൽ. പിന്നീട് ഈ ശൗൽ തന്നെ, പൗലോസ് എന്ന ക്രിസ്തു ശിഷ്യനായി പ്രത്യക്ഷപ്പെട്ട്, തനിക്ക് യേശുവിൽ നിന്ന് വെളിപാട് ഉണ്ടായെന്നും യേശു തന്നെ വിജാതിയരിലേക്കുള്ള അപ്പോസ്തലനായി തെരഞ്ഞെടുത്തെന്നും അവകാശപ്പെട്ടു.

യേശു ദൈവപുത്രനാണെന്ന് ആദ്യമായിപ്രസംഗിച്ചത് ഈ പൗലോസാണ് (അപ്പോ. പ്രവൃത്തി 9:20). പിന്നീട് അദ്ദേഹം തൻെറ തന്നെ സുവിശേഷത്തിനായി വളരെയേറെ ത്യാഗം അനുഷ്ഠിച്ചു, വിവിധ രാജ്യങ്ങളിലും വളരെയേറെ പ്രദേശങ്ങളിലും അദ്ദേഹം സഞ്ചരിച്ചു. വിഗ്രഹാരാധികളും ദൈവം എന്തെന്ന് അറിയാത്ത സ്ഥലങ്ങളിലൂടെ അദ്ദേഹം സഞ്ചരിച്ച് തൻെറ ആശയം പ്രചരിപ്പിച്ചു. യേശു ക്രിസ്തു പഠിപ്പിച്ചതിന് വിരുദ്ധമായിട്ട് പ്രസംഗിച്ച് ക്രിസ്തീയ വിശ്വാസത്തിൽ വൈകല്യങ്ങൾ വരുത്തി. പാപപരിഹാര സിദ്ധാന്തം, ജന്മപാപസിദ്ധാന്തം, യേശുവിൻെറ ദിവ്യത്വം, പരിഛേദന റദ്ദാക്കൽ, ഉയിർത്തെഴുന്നേൽപ്പ് തുടങ്ങിയ തൻെറ തന്നെ ആശയങ്ങൾ ക്രിസ്തുവിൻെറ മതത്തിൽ കൂട്ടിക്കലർത്തി.

ഒന്നിലധികം ദൈവങ്ങളിൽ വിശ്വസിച്ച അന്യമതസ്ഥർക്ക് പൗലോസിൻെറ ആശയം പെട്ടെന്ന് സ്വീകാര്യമായി. അവർ കൂട്ടത്തോടെ ക്രിസ്തുമതം സ്വീകരിച്ചു. അതിനുവേണ്ടി

ദൈവിക നിയമങ്ങളെല്ലാം ഓരോന്നായി പൗലോസ് റദ്ദാക്കി. വിജാതിയർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന പരിച്ഛേദനം എടുത്തുകളഞ്ഞു. ദൈവീക നിയമപ്രകാരം ജൂതന്മാർക്ക് നിഷിദ്ധമായിരുന്ന പന്നിമാംസവും രക്തവും ശവവും എല്ലാം പൗലോസ് അനുവദനീയമാക്കി

(റോമ 14:14, 1 കൊരി 10:26). താൻ പ്രചരിപ്പിക്കുന്ന മതത്തിൽ ആർക്കും ഒരു ബുദ്ധിമുട്ടുമില്ലാതിരിക്കാൻ വേണ്ടി എല്ലാവർക്കും യേശുവിൻെറ നാമത്തിൽ (റോമർ10:9) സൗജന്യമായി പാപമോചന സിദ്ധാന്തവും അനുവദിച്ചു. പൗലോസ് തന്നെ പറയുന്നത് ശ്രദ്ധിക്കുക:

'എങ്കിലും അധികം പേരെ നേടേണ്ടതിന് ഞാൻ എന്നെതന്നെ എല്ലാവർക്കും ദാസനാക്കി. യഹൂദരെ നേടേണ്ടതിന്, യെഹൂദന്മാർക്ക് യഹൂദനെ പോലെയായി. ന്യായപ്രമാണത്തിൽ കീഴുള്ളവൻ അല്ല എങ്കിലും ന്യായപ്രമാണത്തിൽ കീഴുളവർക്ക് ന്യായപ്രമാണത്തിൽ കീഴുള്ളവനെ പോലെയായി. ദൈവത്തിന് ന്യായപ്രമാണമില്ലാത്തവൻ ആകാതെ ക്രിസ്തുവിന് ന്യായപ്രമാണമുള്ളവനായിരിക്കെ, ന്യായപ്രമാണമില്ലാത്തവരെ നേടേണ്ടതിന് ഞാൻ ന്യായപ്രമാണമില്ലാത്തവർക്ക് ന്യായപ്രമാണമില്ലാത്തവനെപോലെ ആയി. ബലഹീനരെ നേടേണ്ടതിന് ഞാൻ ബലഹീനർക്ക് ബലഹീനനായി. ഏത് വിധത്തിലും കുറേപേരെ നേടേണ്ടതിന് ഞാൻ എല്ലാവർക്കും എല്ലാമായി തീർന്നു' (1 കൊരി 9:19-28).

ക്രിസ്തുവിൻെറ ഉപദേശങ്ങളെ കാറ്റിൽപറത്തി ക്രിസ്തുവിനെ വിട്ട് എൻെറ അനുയായികളായി തീരുവിൻ എന്ന് ജനങ്ങളെ ആഹ്വാനം ചെയ്യുകയും ചെയ്തു (1 കൊരി 4 15-16).

എങ്കിൽ മറുവശത്ത് പത്രോസും മറ്റ് ശിഷ്യന്മാരും ക്രിസ്തുവിൽ നിന്ന് കേട്ട് പഠിച്ച ദൈവിക സുവിശേഷം പ്രചരിപ്പിച്ചുകൊണ്ടിരുന്നു. ക്രിസ്തുവിൽ നിന്ന് ലഭിച്ച കൽപ്പന മാനിച്ച് (മത്തായി 10: 5-7), അവർ ഇസ്രായേൽ ഗോത്രങ്ങളിൽ മാത്രം പ്രബോധനം നടത്തിവന്നു. അതുകൊണ്ടുതന്നെ അവരുടെ (യഥാർത്ഥ ക്രിസ്തു അനുയായികളുടെ) എണ്ണം പരിമിതമായിരുന്നു.

അവരുടെ കാലശേഷം ക്രിസ്തീയ സഭകളിൽ ക്രിസ്തുവിൻെറ ദിവ്യത്വത്തെച്ചൊല്ലി വാദപ്രതിവാദങ്ങൾ നടന്നുകൊണ്ടിരുന്നു. പത്രോസിനെ പിൻപറ്റിയവർ ക്രിസ്തു ഒരു ദൈവദൂതൻ മാത്രമാണെന്നും പൗലോസിൻെറ അനുയായികൾ ക്രിസ്തു ദൈവപുത്രനാണെന്നും വാദിച്ചു. ബഹുദൈവവിശ്വാസികളുടെ പിൻതലമുറക്കാരായിരുന്ന പൗലോസ് പക്ഷക്കാർക്ക് ഒരിക്കലും ഏകദൈവവിശ്വാസികളാകാൻ കഴിയില്ലല്ലോ?

ക്രിസ്തുവിൻെറ ദിവ്യത്വത്തെച്ചൊല്ലി അലക്സാണ്ട്രിയയിലെ



രണ്ട് ബിഷപ്പുമാരുടെ തർക്കം വിഖ്യാതമാണ്. എ.ഡി 256നും 336നും ഇടയിൽ ജീവിച്ചിരുന്ന ബിഷപ്പായ അറിയൂസും സമകാലികനായ അലക്സാണ്ടറുമായിരുന്നു വാഗ്വാദം നടത്തിയത്.

അലക്സാണ്ടർ, പിതാവും പുത്രനും സമൻമാരാണെന്നും മൂവരായ ദൈവം ഒന്നാണെന്നും ഒരിക്കൽ പ്രസ്താവിച്ചു. അപ്പോൾ കുശാഗ്രബുദ്ധിയായ അറിയൂസ്, ബിഷപ്പിൻെറ ഉപദേശം ശരിയല്ല എന്ന് വാദിച്ച് അദ്ദേഹത്തെ എതിർത്തു. 'പുത്രനായ യേശു പിതാവായ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവനാണെന്നും അതിനാൽ താൻ ഇല്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നെന്നും അറിയൂസ് വാദിച്ചു' (സഭാചരിത്ര സംഗ്രഹം റവ. ഡോ. സി.എസ്. എബ്രഹാം പേജ്: 50).

ഇരുവിഭാഗവും തമ്മിലുള്ള തർക്കം മൂർച്ഛിച്ച് കൊണ്ടിരുന്നു. അപ്പോൾ കോൺസ്റ്റൻൈറൻ ചക്രവർത്തി എ.ഡി 325 നിഖ്യായിൽ സുനോഹോദസ് വിളിച്ചുകൂട്ടി. ചക്രവർത്തിയുടെ അധ്യക്ഷതയിൽ ചേർന്ന പ്രസ്തുത സുന്നോഹദോസിൽ വെച്ചാണ് ത്രിത്വ സിദ്ധാന്തം ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടത്. പ്രസ്തുത സുനോഹദോസിൽ വെച്ച് മറ്റ് പല തീരുമാനങ്ങളും സഭ കൈക്കൊണ്ടു.

1. സൂര്യദേവൻെറ ചിത്രമായിരുന്ന പ്രകാശത്തിൻെറ കുരിശിന് സമാനമായ രക്തം ചീന്തിയ കുരിശ് ക്രൈസ്തവരുടെ ചിഹ്നമാക്കി.

2. സൂര്യദേവൻെറ ജന്മദിനമായ ഡിസംബർ 25 ക്രിസ്മസായി മാറി.

3. സൂര്യദേവൻെറ പുണ്യദിനമായ ഞായറാഴ്ച (Sunday) ശാബത്ത് ആയി ആചരിക്കാൻ തീരുമാനിച്ചു (കടപ്പാട്: എം.എം. അക്ബർ, ക്രൈസ്തവ ദൈവ സങ്കൽപ്പം പേജ്: 78).

നിഖ്യാ സുനോഹദോസിൻെറ തീരുമാനങ്ങൾ അംഗീകരിക്കാൻ കൂട്ടാക്കാതിരുന്ന അറിയൂസിനെയും കൂട്ടരെയും നാട് കടത്തി. എങ്കിലും അതേച്ചൊല്ലിയുള്ള വാദപ്രതിവാദങ്ങൾ വീണ്ടും നടന്നുകൊണ്ടിരുന്നു. ഇതേ പശ്ചാത്തലത്തിൽ എ.ഡി 387 കോൺസ്റ്റന്റിനോപ്പിളിൽ വെച്ച് തിയഡോഷ്യസ് ചക്രവർത്തിയുടെ അധ്യക്ഷതയിൽ രണ്ടാമത്തെ സുന്നോഹദോസ് ചേർന്നു.

നിഖ്യാ സുന്നോഹദോസിൻെറ തീരുമാനങ്ങൾ ശരിവെച്ചുകൊണ്ട് പുതിയ വിശ്വാസ പ്രമാണം ഇങ്ങനെ പ്രഖ്യാപിച്ചു: 'പിതാവായ സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്ന്

പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും ഞങ്ങൾ വിശ്വസിക്കുന്നു' (സഭാചരിത്ര സംഗ്രഹം, പേജ്: 88).

പ്രസ്തുത തീരുമാനങ്ങളെ എതിർത്ത അറിയൂസ് പക്ഷക്കാരെ നിയമാനുസരണം കുറ്റക്കാരാക്കുകയും ചെയ്തതോട് കൂടി തലതിരിഞ്ഞ ഈ വിശ്വാസം ലോക ക്രൈസ്തവരിൽ സ്ഥിരപ്രതിഷ്ഠ നേടിയെന്ന് പറയാം.

# 4

# യേശു: ദൈവമോ? പ്രവാചകനോ?

യേശു ദൈവിക ത്രിത്വത്തിൻെറ ഭാഗമല്ല എന്നും ദൈവം സത്തയിൽ ഏകനെന്നും നാം മനസിലാക്കി. എങ്കിലും യേശു ആരായിരുന്നു എന്ന സംശയം ചിലരിൽ ഉണ്ടാകും. ദൈവ പുത്രനായിരുന്നില്ലേ? ദൈവിക ഗുണങ്ങളുണ്ടായിരുന്നില്ലേ? അത്ഭുതങ്ങൾ പ്രകടമാക്കിയില്ലേ? ദൈവപുത്രനെന്ന് അവകാശപ്പെട്ടില്ലേ? മനുഷ്യരുടെ പാപമോചനത്തിന് വേണ്ടി അവതരിച്ച ദൈവത്തിൻെറ ഭാഗമല്ലേ യേശു എന്നെല്ലാം സംശയിക്കുന്നുവരുണ്ടാകാം.

വളരെ ചെറുപ്പം മുതൽ മനസിൽ ഊട്ടിയുറപ്പിച്ച വിശ്വാസം പെട്ടെന്ന് കയ്യൊഴിയാൻ പറ്റില്ല.

യേശു ആരായിരുന്നു എന്നറിയണമെങ്കിൽ, യേശുവിൻെറ കൂടെ നടന്ന ശിഷ്യന്മാരും അക്കാലത്ത് അദ്ദേഹത്തിൽ വിശ്വസിച്ച ജനങ്ങളും യേശുവിനെപ്പറ്റി എന്ത് മനസിലാക്കി എന്നറിയണം. കൂടാതെ യേശു ദൈവമോ, ദൈവപുത്രനോ എന്നറിയണമെങ്കിലും, ദൈവം ആരാണ്? ദൈവം വേദങ്ങളിലൂടെ വെളിപ്പെടുത്തിയ ദൈവിക ഗുണങ്ങൾ എന്തെല്ലാമാണ്? അതിൽ യേശുവുമായി എത്രമാത്രം ഒത്തുവരുന്നു എന്നെല്ലാം നാം പരിശോധിക്കണം.

**ദൈവിക ഗുണങ്ങൾ**

'അല്ലാഹു-അവനല്ലാതെ ദൈവമില്ല, എന്നെന്നും ജീവിച്ചിരിക്കു

ന്നവൻ, എല്ലാം നിയന്ത്രിക്കുന്നവൻ, മയക്കമോ, ഉറക്കമോ അവനെ ബാധിക്കുകയില്ല, അവന്റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം, അവന്റെ അനുവാദ പ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്. അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവനിച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധകാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രേ' (ഖുർആൻ 2:255).

'താനല്ലാതെ യാതൊരു ആരാധന്യമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണ്യകനും കരുണാനിധിയുമാകുന്നു. രാജാധികാരമുള്ളവനും പരമപരിശുദ്ധനും സമാധാനം നൽകുന്നവനും അഭയം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും പ്രതാപിയും പരമാധികാരിയും മഹത്വമുള്ളവനും ആകുന്നു അവൻ. അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ. സ്രഷ്ടാവും നിർമ്മാതാവും രൂപം നൽകുന്നവനുമായ അല്ലാഹുവത്രെ അവൻ. അവന് ഏറ്റവും ഉത്തമമായ നാമങ്ങളുണ്ട്. ആകാശങ്ങളിലും ഭൂമിയിലുമുള്ളവ അവന്റെ മഹത്വത്തെ പ്രകീർത്തിക്കുന്നു. അവനത്രെ പ്രതാപിയും യുക്തിമാനും' (59:22-24).

(നബിയെ) പറയുക 'അല്ലാഹു ഏകനാണ്. അല്ലാഹു സർവാശ്രയനായ യജമാനനത്രെ. അവൻ (സന്താനം) ജനിപ്പിച്ചിട്ടില്ല. അവൻ (സന്താനമായി) ജനിച്ചിട്ടുണ്ടായിട്ടുമില്ല. അവന് തുല്യരായ യാതൊരുവനും ഇല്ലാതാനും (112: 1-4).

ഇതിൽ നിന്നെല്ലാം സിദ്ധിക്കുന്ന ദൈവത്തെക്കുറിച്ച ആശയങ്ങൾ ഇങ്ങനെ സമാഹരിക്കാം.

1. ദൈവം ഏകനാകുന്നു.

2. അവന് ആരോടും ആശ്രയം ആവശ്യമില്ല. എല്ലാവരും അവനിൽ ആശ്രയിക്കുന്നു.

3. അവൻ ജനിച്ചിട്ടില്ല. (ആദ്യമേ ഉള്ളവൻ) ആരേയും ജനിപ്പിച്ചിട്ടില്ല.

4. അവന് തുല്യരായ ആരുമില്ല.



5. എന്നെന്നും ജീവിച്ചിരിക്കുന്നവൻ.

6. എല്ലാം നിയന്ത്രിക്കുന്നവൻ.

7. ഉറക്കമോ മയക്കമോ അവനെ ബാധിക്കുകയില്ല.

8. അവന്റേതാകുന്നു ഈ പ്രപഞ്ചം മുഴുവൻ, അവന്റെ അധികാരപീഠം ഈ പ്രപഞ്ചം മുഴുവൻ ഉൾക്കൊള്ളുന്നു. അതിന്റെ സംരക്ഷണം അവന് ഏറ്റവും എളുപ്പമുള്ളതാകുന്നു.

9. അവൻ ത്രികാലജ്ഞാനിയാകുന്നു.

10. അവൻ അറിയിച്ച് കൊടുക്കുന്നതല്ലാതെ അവന്റെ സൃഷ്ടികൾക്ക് യാതൊന്നും അറിയാൻ കഴിയില്ല.

11. അവൻ മാത്രമാണ് ആരാധനക്ക് അർഹൻ.

12. അദൃശ്യവും ദൃശ്യവും അറിയുന്നവൻ (എല്ലാറ്റിനേയും പറ്റി സൂക്ഷ്മജ്ഞാനമുള്ളവൻ).

13. പരമകാരുണ്യകനും കരുണാനിധിയും.

14. പരമപരിശുദ്ധൻ (സൃഷ്ടികളായ നമ്മൾ സങ്കൽപ്പിക്കുന്ന എല്ലാ കാര്യങ്ങൾക്കും അതീതൻ).

15. സമാധാനദായകൻ, സമാധാനപ്രഭു.

16. അഭയം നൽകുന്നവൻ, എല്ലാവർക്കും സാന്ത്വനമേകുന്നവൻ.

17. എല്ലാറ്റിന്റെയും മേൽനോട്ടം വഹിക്കുന്നവൻ.

18. പ്രതാപിയും പരമാധികാരിയും മഹത്വമുള്ളവനുമാകുന്നു അവൻ.

19. മുൻ മാതൃകയില്ലാതെ, അന്യൂനമായികൊണ്ട് എല്ലാം സൃഷ്ടിച്ചവൻ.

20. പ്രപഞ്ചത്തിലുള്ള സകല വസ്തുക്കളും അവനെ പ്രകീർത്തിക്കുന്നു.

21. എല്ലാ ശക്തികളേയും അതിജയിക്കുന്ന അതുല്യനായ പ്രതാപശാലി.

22. എല്ലാ വസ്തുക്കളെയും അടക്കിവാഴുകയും തന്റെ അധികാരശക്തിക്ക് എല്ലാവരെയും അധീനപ്പെടുത്തുകയും ചെയ്യുന്ന പരമാധികാരി.

23. എല്ലാവിധ മഹൽഗുണങ്ങളും നിറഞ്ഞ മഹത്വശാലി.

ദൈവം തൻെറ ദൂതന്മാർ മുഖേന മനുഷ്യർക്ക് പരിചയപ്പെടുത്തിയ ചില ദൈവിക ഗുണങ്ങളാണ് മുകളിൽ വിവരിച്ചത്. ദൈവപുത്രനെന്നും സ്രഷ്ടാവായ യേശുവെന്നും ക്രിസ്ത്യാനികൾ വിളിക്കുന്ന യേശുക്രിസ്തുവിനെ ദൈവീക ഗുണങ്ങളുമായി താരതമ്യപ്പെടുത്തുന്നത് പോലും തെറ്റാണ്. എങ്കിലും ക്രിസ്ത്യാനികളുടെ തെറ്റിദ്ധാരണകൾ നീക്കം ചെയ്യേണ്ടതിന് താരതമ്യം ചെയ്ത് നോക്കാം.

**യേശുവിൻെറ ഗുണങ്ങൾ**

'പിതാവ് എന്നേക്കാൾ വലിയവൻ' (യോഹ 14:28).

'എനിക്ക് സ്വന്തമായി ഒന്നും ചെയ്യാൻ കഴിയില്ല' (യോഹന്നാൻ 5:30 5:19).

'ഞാൻ നിങ്ങളോട് പറയുന്ന വചനം സ്വയമായിട്ടല്ല' (യോഹ 1410 8:28).

'യേശുവിന് അന്ത്യനാൾ അറിയില്ല' (മാർക്കോസ് 13: 32).

'കർത്താവെന്ന് (രക്ഷാധികാരി) എന്നെ വിളിക്കരുത്' (മത്തായി 7:21).

'അത്തിമരം കായ്ക്കുന്ന സമയം യേശുവിന് അറിയില്ല' (മാർക്കോസ് 11:13).

'യേശുവിന് വിശന്നു' (മാർക്കോസ് 11:12, ലൂക്ക: 4:2,മത്തായി:4:3).

'യേശുവിന് ദാഹിച്ചു' (യോഹ 19:28).

'യേശു ക്ഷീണിച്ചു'(യോഹ 4:6).

'യേശു ഉറങ്ങി' (മത്തായി 8:24).

'യേശു കരഞ്ഞു' (യോഹ 11:35).

'യേശു ദൈവത്തോട് പ്രാർത്ഥിക്കുന്നു' (ലൂക്കാ 5:15).

'ശിഷ്യരെ ദൈവത്തോട് മാത്രം പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നു' (മത്തായി 7:11).

'യേശു സാത്താനാൽ പരീക്ഷിക്കപ്പെട്ടു' (ലൂക്കാ 4: 1, മത്തായി 4:1).

(ദൈവം സാത്താനാൽ പരീക്ഷപ്പെടുമോ?)

'യേശു അയക്കപ്പെട്ടവൻ'(15:24).



ദൈവത്തിൻേറതായ യാതൊരു ഗുണങ്ങളും യേശുവിൽ കാണാൻ കഴിയില്ല. യേശു ഒരിക്കലും സ്രഷ്ടാവല്ല, ദൈവവുമല്ല.

**മനുഷ്യനായിത്തീർന്ന ദൈവമോ?**

യേശു ഒരിക്കലും താൻ സ്രഷ്ടാവാണെന്ന് അവകാശപ്പെട്ടിട്ടില്ല. ഇനി ക്രിസ്ത്യാനികൾ ആക്കാൻ ശ്രമിച്ചാലും ആവുകയുമില്ല. ദൈവത്തെ വ്യാജമാക്കാൻ എങ്ങനെ ഇക്കൂട്ടർക്ക് ഇത്ര ധൈര്യം ലഭിച്ചുവെന്നതാണ് അത്ഭുതം.

ഇനിയും ചിലർ വാദിക്കാം, യേശു മനുഷ്യനായപ്പോൾ ദൈവഗുണങ്ങൾ മാറ്റിവെച്ചു. എന്നിട്ട് പൂർണനായ മനുഷ്യനായി. എങ്കിൽ മാനുഷികഗുണങ്ങൾ ധരിച്ച് മനുഷ്യനായപ്പോൾ, മനുഷ്യനെപോലെ ദൈവം ഉറങ്ങിയപ്പോൾ ഈ പ്രപഞ്ചത്തെ നിയന്ത്രിച്ചതും കാത്തുകൊണ്ടിരുന്നതെല്ലാം ആരായിരുന്നു? യേശു പൂർണനായ ദൈവമായിരുന്നെങ്കിൽ എന്തിനാണ് അദ്ദേഹം പ്രാർത്ഥിച്ചത്? ആരോടാണ് അദ്ദേഹം പ്രാർത്ഥിച്ചത്?

'നിന്നെ കാക്കുന്നവൻ മയങ്ങുകയില്ല, യിസ്രായേലിൻെറ പരിപാലകൻ ഉറങ്ങുകയില്ല, മയങ്ങുകയുമില്ല, യഹോവ നിൻെറ പരിപാലകൻ' (സങ്കീ: 123:4-5).

ദൈവം ഒരിക്കലും ഉറങ്ങാത്തവൻ, മയങ്ങാത്തവൻ എന്ന് സങ്കീർത്തന പുസ്തകം പറയുന്നു. എങ്കിൽ ഉറങ്ങുന്നവനും മയങ്ങുന്നവനും ക്ഷീണം ബാധിക്കുന്നവരുമെല്ലാം ഒരിക്കലും ദൈവമോ ദൈവത്തിൻെറ സത്തയോ ആവുകയില്ല. യേശു ഒരിക്കലും താൻ ദൈവമാണെന്ന് അവകാശപ്പെട്ടിട്ടില്ല. എങ്കിൽ യേശു ദൈവപുത്രനോ?

**യേശു ദൈവപുത്രനോ?**

"ഉസൈർ (എസ്രാ പ്രവാചകൻ) ദൈവപുത്രനാണെന്ന് യഹൂദന്മാർ പറഞ്ഞു. മസീഹ് (മിശിഹാ) ദൈവ പുത്രനാണെന്ന് ക്രിസ്ത്യാനികളും പറഞ്ഞു. അതവരുടെ വായ്കൊണ്ടുള്ള വാക്ക് മാത്രമാണ്. മുമ്പ് അവിശ്വസിച്ചവരുടെ വാക്കിനെ അവർ അനുകരിക്കുകയാകുന്നു. അല്ലാഹു (ദൈവം) അവരെ ശപിച്ചിരിക്കുന്നു. എങ്ങനെയാണവൻ തെറ്റിക്കപ്പെടുന്നത്?' (9:30).

"പരമകാരുണികൻ ഒരു സന്താനത്തെ സ്വീകരിച്ചിട്ടുണ്ടെന്ന് അവർ

പറഞ്ഞിരിക്കുന്നു. (അപ്രകാരം പറയുന്നവരേ,) തീർച്ചയായും നിങ്ങൾ ചെയ്തിരിക്കുന്നത് ഗുരുതരമായ ഒരു കാര്യമാകുന്നു" (19:88).

യേശു സ്വയം ദൈവപുത്രനെന്ന് സംബോധന ചെയ്തിട്ടുണ്ട്. അതിലേറെ പ്രാവശ്യം മനുഷ്യപുത്രനെന്നും സംബാധന ചെയ്തിട്ടുണ്ട്. താൻ ദൈവപുത്രനെന്ന് യേശു പറഞ്ഞപ്പോൾ യേശു എന്താണ് അർഥമാക്കിയത് എന്ന് നാം മനസ്സിലാക്കണം. അതുപോലെ ദൈവപുത്രൻ എന്ന വിശേഷണം കൊണ്ട് ബൈബിൾ എന്താണ് അർഥം കൽപ്പിച്ചത് എന്ന് നാം മനസ്സിലാക്കണം.

ബൈബിളിലെ പഴയ നിയമത്തിലും പുതിയ നിയമത്തിലും പ്രവാചകരെയും, ദൈവവുമായി അടുത്തവരേയും ദൈവപുത്രൻമാർ എന്നും ദൈവമക്കൾ എന്നും പറഞ്ഞിരിക്കുന്ന വേദഭാഗങ്ങൾ നമുക്ക് പരിശോധിക്കാം:

'കർത്താവ് ഇങ്ങനെ അരുൾ ചെയ്യുന്നു: ഇസ്രയേൽ എൻെറ ആദ്യ ജാതൻ അത്രെ. എന്നെ ശുശ്രൂഷിക്കാൻ എൻെറ പുത്രനെ അയക്കൂ'(പുറ: 4:22).

"നിങ്ങൾ നിങ്ങളുടെ ദൈവമായ കർത്താവിൻെറ പുത്രൻമാരാകുന്നു" (ആവ 14:1).

ഇവിടെ ഇസ്രയേൽ ഗോത്രങ്ങളെ ദൈവത്തിൻെറ പുത്രൻമാരായി ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഒരു സമൂഹത്തെ മുഴുവൻ ദൈവമക്കളായി ദൈവം ഉയർത്തിയിരിക്കുന്നു.

"ഞാൻ അയാൾക്ക് പിതാവും അയാൾ എനിക്ക് പുത്രനും ആയിരിക്കും" (2 ശാമുവേൽ 7:14). സോളമനെക്കുറിച്ച് ദൈവം പറയുന്നു തൻെറ പുത്രനാണെന്ന്:

'അവൻ എന്നോട് അരുൾ ചെയ്തു. നീ എൻെറ പുത്രൻ, ഇന്ന് ഞാൻ നിൻെറ പിതാവായിരിക്കുന്നു (സങ്കീ:2:7). ദാവൂദ് പ്രവാചകനെ ദൈവം പുത്രനെന്ന് സംബോധന ചെയ്യുന്നു.

'ഞാൻ ഇസ്രയേലിന് ഒരു പിതാവാണ്, എഫ്രായിം എൻെറ ആദ്യ ജാതനാണ് (സങ്കീ: 37:9). ഇനിയും അനേകം ഉദാഹരണങ്ങൾ കാണാം. (ആവ 32:19 നോക്കുക).

ഇനി പുതിയനിയമ പുസ്തകങ്ങൾ നോക്കുക.

'സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാൻമാർ. അവർ ദൈവത്തി



ൻെറ പുത്രൻമാർ എന്ന് വിളിക്കപ്പെടും' (മത്തായി 5:9).

'ഞാൻ നിങ്ങളെ കൈകൊണ്ട് നിങ്ങൾക്ക് പിതാവും നിങ്ങൾ എനിക്ക് പുത്രൻമാരും പുത്രികളും ആയിരിക്കും' (2 യോഹ 6:17).

ബൈബിളിലുടനീളം ദൈവഭക്തന്മാരെ ദൈവപുത്രൻ എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. അതേ അർത്ഥത്തിൽ മാത്രമേ യേശുവും ദൈവപുത്രനാകുന്നുള്ളൂ. ഇപ്പോൾ നിങ്ങൾ സംശയിച്ചേക്കാം. യേശു പിതാവല്ലാതെ ദൈവത്തിൻെറ പ്രത്യേക ഇടപെടൽ മൂലം ഉണ്ടായതാണ്. വി. ഖുർആൻ പറയുന്നു: "അല്ലാഹുവെ സംബന്ധിച്ചിടത്തോളം ഈസായെ ഉപമിക്കാവുന്നത് ആദമിനോടാകുന്നു. അവനെ (അവൻെറ രൂപം) മണ്ണിൽ നിന്നും അവൻ സൃഷ്ടിച്ചു. പിന്നീട് അതിനോട് ഉണ്ടാകൂ എന്ന് പറഞ്ഞപ്പോൾ അവൻ (ആദം) ഉണ്ടാകുന്നു" (3:59).

യേശുവിന് പിതാവില്ലെങ്കിൽ ആദമിന് പിതാവും മാതാവുമില്ല. കൂടാതെ ആദമിനെയും ബൈബിൾ ദൈവപുത്രനായി പരിചയപ്പെടുത്തുന്നു 'ആദം ദൈവത്തിൻെറ പുത്രൻ' (ലൂക്കാ 3:38).

**യേശുവിൻെറ വീക്ഷണം**

"നിങ്ങൾ ദേവൻമാർ ആകുന്നു എന്ന് ഞാൻ പറഞ്ഞു എന്ന് നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നില്ലയോ? ദൈവത്തിൻെറ അരുളപ്പാടുണ്ടായവരെ ദേവൻമാർ എന്ന് പറഞ്ഞുവെങ്കിൽ (തിരുവെഴുത്തിന് നീക്കം വന്ന് കൂടായ്കയല്ലോ) ഞാൻ ദൈവത്തിൻെറ പുത്രൻ എന്ന് പറഞ്ഞതുകൊണ്ട് നീ ദൈവദൂഷണം പറയുന്നുവെന്ന് പിതാവ് വിശുദ്ധീകരിച്ച് ലോകത്തിൽ അയച്ചവനോട് നിങ്ങൾ പറയുന്നുവോ?'

ഈ ബൈബിൾ വചനം ദൈവപുത്രൻ എന്ന പദം കൊണ്ട് യേശു എന്താണ് അർത്ഥമാക്കിയതെന്ന് നമുക്ക് സൂചന നൽകുന്നു. പഴയ നിയമത്തിൽ ദൈവത്തിൻെറ അരുളപ്പാടുണ്ടായവരെ ദൈവപുത്രന്മാർ എന്ന് പറഞ്ഞിരിക്കുന്നത് നാം കണ്ടു. യേശു ചോദിക്കുന്നു: അവരെ അങ്ങനെ വിളിച്ചെങ്കിൽ, ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ട എന്നെ (മിശിഹാ) ദൈവപുത്രൻ എന്ന് സംബോധന ചെയ്താൽ അതിലെന്താണ് തെറ്റ് എന്ന്. യേശു നമുക്ക് പരിചയപ്പെടുത്തിതന്ന രൂപത്തിൽ തന്നെ നമുക്ക് യേശുവിനെ മനസിലാക്കാം. യേശു ഒരു ദൈവദൂതൻ മാത്രം എന്ന് ഇത് വ്യക്തമാക്കുന്നു.

## യേശുവിൽ ആരോപിക്കപ്പെട്ട കുറ്റം എന്തായിരുന്നു?

യേശുവിനെ ക്രൂശിക്കാൻ ജൂതന്മാർ അദ്ദേഹത്തിൽ ചാർത്തിയ കുറ്റം ദൈവദൂഷണമായിരുന്നു. പക്ഷേ ജൂതന്മാർക്ക് അത് തെളിയിക്കാൻ കഴിഞ്ഞതുമില്ല. യേശു പരസ്യമായി വളരെക്കാലത്തോളം ദൈവവചനങ്ങൾ പഠിപ്പിച്ചു. തെറ്റ് ചെയ്തവരെ ശാസിച്ചും അവരുടെയിടയിൽ ജീവിച്ചുപോന്നു. അദ്ദേഹത്തിൻെറ ഉപദേശങ്ങൾ കേൾക്കാത്ത ജനങ്ങൾ വളരെ കുറവുമായിരുന്നു. ഇക്കാലങ്ങളിൽ അദ്ദേഹം എപ്പോഴെങ്കിലും താൻ ദൈവത്തിൻെറ പുത്രനാണ് (ഇന്ന് ക്രിസ്ത്യാനികൾ അർത്ഥമാക്കുന്ന വിധത്തിൽ) എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അവർക്ക് തെളിയിക്കാൻ കഴിയുമായിരുന്നു. പക്ഷേ യേശു ഒരിക്കലും അങ്ങനെ അവകാശപ്പെട്ടിട്ടില്ല എന്നതത്രെ സത്യം.

മുഖ്യ പുരോഹിതരും സംഘവും യേശുവിന് മരണശിക്ഷ വിധിക്കാൻ അവന് എതിരെ തെളിവുകൾ കിട്ടുമോ എന്ന് നോക്കി. എന്നാൽ തെളിവൊന്നും അവർക്ക് കിട്ടിയില്ല. പലരും യേശുവിനെതിരെയുള്ള കള്ളസാക്ഷ്യങ്ങൾ പറഞ്ഞെങ്കിലും അവരുടെ മൊഴികൾക്ക് പൊരുത്തം ഇല്ലായിരുന്നു (മാർക്കോസ് 14:55, 56, മത്തായി 26:59, 60 എന്നിവ നോക്കുക).

യേശുവിൻെറ അധ്യാപനപ്രകാരം യേശു ഒരു ദൈവദാസനാണെന്ന് മാത്രമേ നമുക്ക് മനസിലാക്കാൻ കഴിയുകയുള്ളൂ. മറിച്ചായിരുന്നെങ്കിൽ തീർച്ചയായും ജൂതന്മാർക്ക് യേശുവിൽ ദൈവദൂഷണകുറ്റം തെളിയിക്കാൻ കഴിയുമായിരുന്നു. അതുകൊണ്ട് യേശു ദൈവപുത്രനുമല്ല.

ഇനിയും യേശുവിൻെറ അത്ഭുതങ്ങളെപ്പറ്റി ചിലർ വിചാരിക്കുന്നുണ്ടാവും. യേശു തീർച്ചയായും അത്ഭുതങ്ങൾ പ്രവർത്തിച്ചു. പക്ഷേ അതുകൊണ്ട് ഒരാൾ ദൈവമോ ദൈവപുത്രനോ ആകുമോ? അത്ഭുതങ്ങൾ പ്രവർത്തിച്ചാൽ ദൈവപുത്രനാകുമെങ്കിൽ മുൻകാല പ്രവാചകന്മാരെല്ലാം അതേ പദവിക്ക് അർഹരാണ്. യേശു ചെയ്തതും മറ്റ് പ്രവാചകന്മാർ ചെയ്തതും നമുക്ക് താരതമ്യം ചെയ്ത് നോക്കാം:

യേശു 5 അപ്പം കൊണ്ടും 2 മീശം കൊണ്ടും 5000 ആളുകളെ തീറ്റി. ഇരുപത് അപ്പം കൊണ്ട് 100 പേർക്ക് ഏലീശാ വിളമ്പികൊടുത്തു (2 രാജ 4:43).

യേശു കുഷ്ഠരോഗം മാറ്റി. ഏലീശയും കുഷ്ഠരോഗം മാറ്റി (2 രാജ 5:13-14).



യേശു അന്ധന് കാഴ്ച നൽകി. ഏലീശയും അന്ധന് കാഴ്ച നൽകി (2 രാജ 6:17).

യേശു മരിച്ചവരെ ഉയിർപ്പിച്ചു. ഏലീശാവും മരിച്ചവരെ ഉയിർപ്പിച്ചു (2 രാജ: 17:20).

യേശു വെള്ളത്തിന് മുകളിലൂടെ നടന്നു. മോശ കടലിനെ പിളർത്തി (പുറ: 14:22).

ദൈവപുത്രൻമാരെല്ലാം അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. പക്ഷേ ഒരിക്കലും അവരുടെ കഴിവ് കൊണ്ടല്ല. മറിച്ച് ദൈവം അവരിലൂടെ പ്രവർത്തിക്കുകയായിരുന്നു. യേശു തന്നെ പറഞ്ഞിട്ടുണ്ട്. ഞാൻ സ്വയമായി ഒന്നും ചെയ്യുന്നില്ല (യോഹ 5:30).

'പിതാവ് ചെയ്ത് കാണുന്നതല്ലാതെ പുത്രന് സ്വതേ ഒന്നും ചെയ്യാൻ കഴിയില്ല' (യോഹ 5:19).

## യേശു വചനമായ ദൈവമോ?

'ആദിയിൽ വചനമുണ്ടായിരുന്നു വചനം ദൈവത്തോട് കൂടെ ആയിരുന്നു. വചനം ദൈവം ആയിരുന്നു' (യോഹ 1:1).

'വചനം ജഡമായി തീർന്ന് കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു' (യോഹ 1:14).

യോഹന്നാൻ സുവിശേഷമെഴുതിയ വ്യക്തി വചനം ദൈവമാണെന്നും ദൈവം വചനമാണെന്നും സമർത്ഥിക്കുന്നു. ദൈവത്തിൻെറ വചനം (വാക്ക്) ദൈവമാകുമോ? ദൈവമെന്നാൽ വചനം മാത്രമോ? ചിന്തിക്കുക. ബൈബിളിൽ ധാരാളം ദൈവവചനങ്ങളുണ്ട്. ഉദാ: 'എനിക്ക് മുമ്പേ ഒരു ദൈവവും ഉണ്ടായിട്ടില്ല. എനിക്ക് ശേഷം ഉണ്ടാവുകയുമില്ല. ഞാൻ, ഞാൻ തന്നെ യഹോവ. ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല' (യേശയ്യ 41:11).

ഈ വചനം ദൈവമാകുമോ? ഈ വചനം മാത്രമാണോ ദൈവം? തീർച്ചയായും അല്ല. പക്ഷേ ഈ വചനം ദൈവത്തിൻേറതാണ്. അതുപോലെ യേശുവും ദൈവത്തിൻെറ ഒരു വചനത്തിൻെറ ഫലമായി ഉണ്ടായതാണ്. 'ഉണ്ടാവുക' എന്ന വചന പ്രകാരം മറിയയുടെ ഗർഭപാത്രത്തിൽ യേശു ഉണ്ടായി. ആ വചനം ജഡമായി നമ്മുടെ ഇടയിൽ വസിച്ചു.

ഉണ്ടാകുക എന്ന വചന പ്രകാരം ജനിച്ച യേശു ദൈവമാണെങ്കിൽ അതേ വചന പ്രകാരം ഉണ്ടായ മറ്റെല്ലാ വസ്തുക്കളും ദൈവമാകണം. ഉദാ: വെളിച്ചം 'ഉണ്ടാകട്ടെ' എന്ന് ദൈവം കൽപ്പിച്ചു. വെളിച്ചം ഉണ്ടായി (ഉൽപ്പത്തി 1:3). ദൈവം വെള്ളങ്ങളുടെ മധ്യേ ഒരു വിതാനം 'ഉണ്ടാകട്ടെ' ...വിതാനത്തിന് ആകാശം എന്ന് പേരിട്ടു (ഉൽപ്പത്തി 1:6-8). വെള്ളത്തിൽ ജലജന്തുക്കൾ കൂട്ടമായി ജനിക്കട്ടെ (ഉൽപ്പത്തി 1:20).

ഇവയെല്ലാം ദൈവത്തിൻെറ ഉണ്ടാവുക എന്ന 'വചന' പ്രകാരം ഉണ്ടായതാണ്. ഇവയെല്ലാം ദൈവമാകുമോ? ഒരിക്കലുമില്ല. ദൈവത്തിൻെറ വചനം ദൈവമാണെന്ന് അംഗീകരിച്ചാലും ആ വചന പ്രകാരം ഉണ്ടായ വസ്തുക്കൾ ദൈവമാകുകയില്ല. അങ്ങനെ നോക്കിയാൽ ഈ പ്രപഞ്ചം മുഴുവൻ ദൈവമായി മാറും. ഇവിടെ ഖുർആൻ നമുക്ക് കൃത്യമായി വഴികാട്ടുന്നു:

“വേദക്കാരേ, നിങ്ങൾ മതക്കാര്യത്തിൽ അതിര് കവിയരുത്. അല്ലാഹുവിൻെറ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മറിയമിൻെറ മകനായ മസീഹ് ഈസാ അല്ലാഹുവിൻെറ ദൂതനും മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവൻെറ വചനവും അവങ്കൽ നിന്നുള്ള ഒരാത്മാവും മാത്രമാകുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതൻമാരിലും വിശ്വസിക്കുക. തിത്വം എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നന്മക്കായി (ഇതിൽ നിന്ന്) വിരമിക്കുക. അല്ലാഹു ഏകആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവൻേറതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി” (4:171).

### ശിഷ്യന്മാർക്ക് യേശു ആരായിരുന്നു?

ഈസാ നബി (അ)യോടൊപ്പം ഉണ്ണുകയും ഉറങ്ങുകയും അദ്ദേഹത്തോടൊപ്പം ദിവസങ്ങളോളം കൂടെ സഞ്ചരിക്കുകയും അദ്ദേഹത്തിൽ നിന്ന് ദൈവവചനങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത അദ്ദേഹം തെരഞ്ഞെടുത്ത ശിഷ്യന്മാർ അദ്ദേഹത്തെപ്പറ്റി എന്താണ് മനസിലാക്കിയതെന്ന് നമുക്ക് നോക്കാം.

ക്രിസ്തുവിൻെറ ഉയിർപ്പിന് ശേഷം ഒന്നാം ദിവസം രണ്ട് ക്രിസ്തു ശിഷ്യന്മാർ യെരുശേലമിൽ നിന്ന് എമ്മവൂസിലേക്ക് പോകുന്നു. അവരുടെ യാത്രക്കിടയിൽ യേശു അവർക്ക് പ്രത്യക്ഷപ്പെട്ട് അവരോട് കൂടെ നടന്നു. യേശുവിനെ തിരിച്ചറിയാത്തവണ്ണം അവരുടെ കണ്ണ് നിരോധിച്ചിരുന്നു. യേശു അവരോട്, നിങ്ങൾ ആരെപ്പറ്റിയാണ് സംസാരിക്കുന്നത്? എന്ന് ചോദ്യത്തിന് മറുപടിയായി അവർ പറഞ്ഞു. 'യെരുശേലേമിൽ നീ മാത്രമേ ഈ നാളുകളിൽ ഇവിടെ സംഭവിച്ചത് അറിയാതിരിക്കുന്നുവോ?' ഏത് എന്ന് അവരോട് ചോദിച്ചതിന് മറുപടിയായി, 'ദൈവത്തിനും സകല ജനത്തിനും മുമ്പാകെ പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായിരുന്നു നസറായനായ യേശുവിനെക്കുറിച്ച് തന്നെ' (ലൂക്ക് 24:19) എന്ന് നാം വായിക്കുന്നു.



യേശു ക്രിസ്തുവിൻെറ ആരോഹണത്തിനുശേഷം ശിഷ്യന്മാരുടെ പ്രബോധനസമയത്ത് ക്രിസ്തുശിഷ്യന്മാരായ പത്രോസും യോഹന്നാനും യേശുവിനെക്കുറിച്ച് ജനങ്ങളോട് പറയുന്നത് കാണുക:

'അബ്രാഹാമിൻെറയും യിസ്ഹാഖിൻെറയും യാക്കോബിൻെറയും ദൈവമായ നമ്മുടെ പിതാക്കൻമാരുടെ ദൈവം തൻെറ ദാസനായ യേശുവിനെ മഹത്വപ്പെടുത്തി' (അപ്പോ. പ്രവൃത്തി 3:13).

ഈ വചനങ്ങളിൽ നിന്നും യേശുവിൻെറ ശിഷ്യന്മാർ മനസിലാക്കിയത് യേശു ദൈവത്തിൻെറ ദാസൻ മാത്രമാണെന്നാണ്.

### യേശുവിൻെറ സമകാലികരായ ജനങ്ങൾ എന്ത് വിശ്വസിച്ചു?

അവൻ യെരുശലേമിൽ കടന്നപ്പോൾ നഗരം മുഴുവൻ ഇളകി. ഇവൻ ആർ എന്ന് പറഞ്ഞു: 'ഇവൻ ഗലീലയിലെ നസറെത്തിൽ നിന്നുള്ള *പ്രവാചകനായ യേശു* എന്ന് പുരുഷാരം പറഞ്ഞു' (മത്തായി 21:11).

'അവൻെറ ഉപമകളെ മഹാപുരോഹിതന്മാരും പരീശൻമാരും കേട്ടിട്ട്, ഞങ്ങളെ കൊണ്ട് പറയുന്ന എന്ന് അറിഞ്ഞു. അവനെ പിടിപ്പാൻ അന്വേഷിച്ചു. എന്നാൽ പുരുഷാരം അവനെ *പ്രവാചകൻ* എന്ന് എണ്ണുക കൊണ്ട് അവരെ ഭയപ്പെട്ടു' (മത്തായി 2:46).

'മരിച്ചവൻ എഴുന്നേറ്റ് ഇരുന്ന് സംസാരിക്കാൻ തുടങ്ങി. അവൻ അവനെ അമ്മക്ക് ഏൽപ്പിച്ചുകൊടുത്തു. എല്ലാവർക്കും ഭയം പിടിച്ചു. ഒരു വലിയ *പ്രവാചകൻ* നമ്മുടെ ഇടയിൽ എഴുന്നേറ്റിരിക്കുന്നു' (ലൂക്ക 7:16).

യേശുവിൽ നിന്ന് അത്ഭുതങ്ങൾ ദർശിച്ച ആ കാലഘട്ടത്തെ

ജനങ്ങൾ മനസിലാക്കി; യേശു ഒരു പ്രവാചകനായിരുന്നെന്ന്.

**യേശുവിനെക്കുറിച്ച് യേശു എന്തു പറഞ്ഞു?**

യേശു തൻെറ സ്വദേശത്ത് വന്ന് ജനങ്ങളെ ദൈവരാജ്യത്തിൻെറ സുവിശേഷം പഠിപ്പിക്കുന്നു. അപ്പോൾ യേശുവിൻെറ നാട്ടുകാർ അദ്ദേഹത്തിൻെറ ജ്ഞാനത്തെപ്പറ്റി അത്ഭുതപ്പെടുകയും അദ്ദേഹത്തിൽ സംശയിക്കുകയും ചെയ്യുന്നു. തന്നെ സംശയിച്ച ജനങ്ങളോട് യേശു തന്നെപ്പറ്റി പറയുന്നു: 'ഒരു *പ്രവാചകനും* സ്വദേശത്തും സ്വഭവനത്തിലും മാത്രമേ ബഹുമതി ലഭിക്കാതിരിക്കുന്നുള്ളൂ' (മത്തായി 13:58).

'എന്നാൽ ദൈവത്തോട് കേട്ടിട്ടുള്ള സത്യം നിങ്ങളോട് സംസാരിച്ചിരിക്കുന്നു. *മനുഷ്യനായ* എന്നെ നിങ്ങൾ കൊല്ലുവാൻ നോക്കുന്നു' (യോഹ 8:40). യേശു അദ്ദേഹത്തെപ്പറ്റി പരിചയപ്പെടുത്തിത്തന്നത് താൻ ഒരു സാധാരണ മനുഷ്യനായിരുന്നെന്നും ദൈവത്തിൻെറ പ്രവാചകനുമായിരുന്നു എന്നുമാണ്. ദൈവപ്രവാചകന്മാരെല്ലാം സാധാരണ മനുഷ്യർ തന്നെയായിരുന്നു. നമ്മെപോലെ തന്നെ ഉണ്ണുകയും ഉറങ്ങുകയും സന്തോഷിക്കുകയും കരയുകയും ക്ഷീണിതരാവുകയും വിശക്കുന്നവരും ദൈവത്തോട് മാത്രം പ്രാർത്ഥിക്കുന്നവരും വേദനകളും ദുഃഖങ്ങളും അനുഭവിക്കുന്നവരുമായിരുന്നു. ദൈവപ്രവാചകൻമാരെല്ലാം അവർ നമുക്ക് തുല്യരായി കൊണ്ട് ദൈവീക നിയമങ്ങൾ അനുസരിച്ച് നമുക്ക് മാതൃകകളായി ജീവിച്ചു.

അവർ വിശ്വസിച്ചു, ദൈവം ഏകനെന്ന്. അവർ പഠിപ്പിച്ചു ദൈവം ഏകനെന്ന്. അവർ അനുഷ്ഠിച്ചു, ദൈവിക നിയമങ്ങൾ. അവർ ജനങ്ങളെ കൊണ്ട് അനുഷ്ഠിപ്പിച്ചു, ദൈവിക നിയമങ്ങൾ. അവർ പ്രാർത്ഥിച്ചു, ദൈവ കാരുണ്യത്തിന് വേണ്ടി, പാപമോചനത്തിന് വേണ്ടി. അവർ പ്രാർത്ഥിച്ചത് പോലെ പ്രാർത്ഥിക്കാൻ ജനങ്ങളോട് ആഹ്വാനം ചെയ്തു. അവർ സ്വർഗ്ഗത്തിലേക്കുള്ള വഴികാണിച്ചു. അവർ അതിലേ സഞ്ചരിച്ചു. വരൂ, നമുക്കും ആ വഴി പിന്തുടരാം.

ഖുർആൻ പറയുന്നു: 'എനിക്ക് ശേഷം ഏതൊരു ദൈവത്തെയാണ് നിങ്ങൾ ആരാധിക്കുക എന്ന് യഅ്ഖൂബ് മരണം ആസന്നമായ സന്ദർഭത്തിൽ തൻെറ സന്തതികളോട് ചോദിച്ചപ്പോൾ നിങ്ങളവിടെ സന്നിഹിതായിരുന്നോ? അവർ പറഞ്ഞു. 'ഞങ്ങളുടെ ആരാധ്യനായ തങ്ങളുടെ പിതാക്കളായ ഇബ്രാഹിമിൻെറയും ഇസ്മായേലിൻെറയും



ഇസ്ഹാഖിൻെറയും ആരാധ്യനായ ഏകദൈവത്തെ മാത്രം ഞങ്ങൾ ആരാധിക്കും. ഞങ്ങൾ അവന് കീഴ്പ്പെട്ട് ജീവിക്കുന്നവരായിരിക്കും' (2:133).

**നാം ആരെ പിൻപറ്റണം?**

"നൂഹിനോട് കൽപ്പിച്ചതും (മുഹമ്മദ്) നിനക്ക് നാം ബോധനം നൽകിയതും ഇബ്രാഹിം, മൂസാ, ഈസാ എന്നിവരോട് നാം കൽപ്പിച്ചതുമായ കാര്യം നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക. അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക എന്ന കാര്യം-അവൻ നിങ്ങൾക്ക് മതനിയമമായി നിശ്ചയിച്ചിരിക്കുന്നു. ആ ബഹുദൈവ വിശ്വാസികളെ നിങ്ങൾ ഏതൊരു കാര്യത്തിലേക്ക് ക്ഷണിക്കുന്നുവോ അത് അവർക്ക് വലിയ ഭാരമായി തോന്നിയിരിക്കുന്നു. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു തൻെറ അടുക്കലേക്ക് തെരഞ്ഞെടുക്കുന്നു. താഴ്മയോടെ മടങ്ങുന്നവരെ അവങ്കലേക്കുള്ള മാർഗത്തിൽ നയിക്കുകയും ചെയ്യുന്നു" (42:13).

'നിങ്ങൾ പറയുക, അല്ലാഹുവിലും അവങ്കൽ നിന്ന് ഞങ്ങൾക്ക് അവതരിച്ച് കിട്ടിയതിലും ഇബ്രാഹിമിനും ഇസ്മായേലിനും ഇസ്ഹാഖിനും യാക്കോബിനും യാക്കോബ് സന്തതികൾക്കും അവതരിപ്പിച്ച് കൊടുത്തതിലും മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും സർവ പ്രവാചകന്മാർക്കും അവരുടെ രക്ഷിതാവിങ്കൽ നിന്നും നൽകപ്പെട്ടതി (സന്ദേശങ്ങളി)ലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപ്പിക്കുന്നില്ല. ഞങ്ങൾ അവന് (അല്ലാഹുവിന്) കീഴ്പ്പെട്ട് ജീവിക്കുന്നവരാകുന്നു' (2:133).

ദൈവത്തിലും അവനിൽ നിന്ന് പ്രവാചകന്മാർ മുഖേന അവതരിപ്പിച്ച് കിട്ടിയ എല്ലാ പ്രമാണങ്ങളിലും വിശ്വസിക്കാൻ ദൈവം കൽപ്പിക്കുന്നു. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം യേശു ഒഴികെ എല്ലാ പ്രവാചകന്മാരെയും അവർ കളവാക്കുന്നു. പക്ഷേ അവരെല്ലാം ദൈവത്തിൻെറ പരിശുദ്ധരായ പ്രവാചകന്മാരാണ് എന്ന് വി. ഖുർആൻ പരിചയപ്പെടുത്തുന്നു. ക്രിസ്തുവിനെ പിൻപറ്റുന്നവരാണ് ക്രിസ്ത്യാനി. പക്ഷേ ഇന്നത്തെ ക്രൈസ്തവരും ക്രിസ്തുവും തമ്മിൽ കടലും കടലാടിയും തമ്മിലുള്ള ബന്ധം മാത്രമേയുള്ളൂ. അവർക്ക് ക്രിസ്തുവുമായുള്ള ബന്ധം ക്രൂശ് മരണം മാത്രമാണ്. അവരുടെ എല്ലാ പാപങ്ങളും അവർ ക്രിസ്തുവിൽ വെച്ച് കെട്ടി. എന്നിട്ട്

ക്രിസുതുവിനെ അടിച്ച് പുറത്താക്കി. പകരം പൗലോസിൻെറ ഉപദേശങ്ങൾ സ്വീകരിച്ചു.

**യേശുവിനെ പിൻപറ്റണം**

'ഞാൻ ലോകത്തിൻെറ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കുകയില്ല' (യോഹ 8:12).

'നിങ്ങൾ എൻെറ നുകം വഹിക്കുക. എന്നിൽ നിന്ന് നിങ്ങൾ പഠിക്കുക' (മത്തായി 11:12).

'എൻെറ ആടുകൾ എൻെറ സ്വരം ശ്രവിക്കുന്നു ഞാൻ അവയെ തിരിച്ചറിയുന്നു. അവ എന്നെ അനുഗമിക്കുന്നു' (യോഹ 10:27).

'നിങ്ങൾ നായകൻമാർ എന്ന് വിളിക്കപ്പെടരുത് കാരണം നിങ്ങൾക്ക് ഒരു നായകനെയുള്ളു, അത് ക്രിസ്തുവാണ്'. (മത്തായി 23:10).

'എൻെറ പ്രവചനങ്ങൾ കേട്ട് പ്രവർത്തിക്കുന്നവൻ പാറമേൽ വീട് പണിത ബുദ്ധിമാനായ മനുഷ്യനു തുല്യൻ' (മത്തായി 7:24).

'സ്വന്തം കുരിശ് എടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്ക് അയോഗ്യനാണ്, സ്വന്തം ജീവൻ കണ്ടെത്തുന്നവൻ അത് നഷ്ടപ്പെടുത്തും എനിക്ക് വേണ്ടി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ അത് കണ്ടെത്തും' (മത്തായി 10:38,39).

''എന്നെ സ്നേഹിക്കുന്നവൻ എൻെറ വചനം പ്രണമിക്കും' (യോഹ 14:23)

ഇസ്രായേലിലേക്ക് നിയമിക്കപ്പെട്ട യേശുക്രിസ്തു (മത്തായി 15: 24) അദ്ദേഹത്തിൻെറ ജനങ്ങളോട് ഉപദേശിച്ചതുതന്നെ അദ്ദേഹത്തെ പൂർണ്ണമായും അനുഗമിക്കാനാണ്.

5

# യേശുവിൻെറ ദൗത്യം എന്തായിരുന്നു?

ഓരോ കാലഘട്ടത്തിലും വ്യത്യസ്ത ദേശങ്ങളിലേക്ക് ദൈവം ദൂതൻമാരെ നിയോഗിക്കാറുണ്ട്. വിശുദ്ധ ഖുർആൻ പറയുന്നു. 'ഏകനായ ദൈവത്തെ ആരാധിക്കുവാനും ദൈവേതര മൂർത്തികളെ വെടിയാനുള്ള സന്ദേശവുമായി സർവസമുദായങ്ങളിലേക്കും നാം ദൈവദൂതൻമാരെ നിയോഗിച്ചിട്ടുണ്ട്'.

ഫിർഔൻെറ അടിമത്വത്തിൽ നിന്ന് മോചിപ്പിക്കാനും ഇസ്രായേലർക്ക് ന്യായപ്രമാണം നൽകുവാനുമായി ദൈവം മോശയെയും ഇസ്രായേൽ ജനം ഒരു രാജാവിനെ ആവശ്യപ്പെട്ടപ്പോൾ അവരിലേക്ക് താലൂത്തിനെയും ദൈവം നിയോഗിച്ചു. അതേപോലെ, മോശയുടെ ന്യായപ്രമാണത്തെ പുനരുജ്ജീവിപ്പിക്കാനും അഹ്മദ് എന്ന പ്രവാചകനെ പറ്റി അറിയിക്കാനും യേശുവിനെ നിയോഗിച്ചു.

വിശുദ്ധ ഖുർആൻ യേശുവിൻെറ നിയോഗത്തെപറ്റി പറയുന്നു: 'മർയമിൻെറ പുത്രൻ ഈസ പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു). ഇസ്രായേലി സന്തതികളോ എനിക്ക് മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായി കൊണ്ടും എനിക്ക് ശേഷം വരുന്ന അഹ്മദ് എന്ന് പേരുള്ള ദൂതനെ പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായി കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിൻെറ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ. അങ്ങനെ അദ്ദേഹം വ്യക്തമായ തെളി

വുകളും കൊണ്ട് അവരുടെ അടുത്ത് ചെന്നപ്പോൾ അവർ പറഞ്ഞു: ഇത് വ്യക്തമായ ജാലവിദ്യയാകുന്നു".(61:6)

യേശുവിൻെറ ഇതേ പ്രസ്താവന ബൈബിളിലും കാണാൻ കഴിയും. യേശു പറഞ്ഞു. " ഞാൻ ന്യായപ്രമാണത്തെയോ(തൗറാത്ത്) പ്രവാചകരെയോ നീക്കേണ്ടതിന് വന്നു എന്ന് നിരൂപിക്കരുത്. നീക്കുവാനല്ല, നിവർത്താനത്രേ ഞാൻ വന്നത്" (മത്തായി 8:17).

യേശു വരാനുള്ള പ്രവാചകനെക്കുറിച്ച് അറിയിക്കുന്നു, 'ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ (Paraclete) നിങ്ങളുടെ അടുക്കൽ വരുകയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും.....ഇനിയും വളരെ നിങ്ങളോട് പറയാനുണ്ട്. എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിൻെറ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യും. അവൻ എനിക്കുള്ളതിൽ നിന്ന് എടുത്ത് നിങ്ങൾക്ക് അറിയിച്ചുതരുന്നത് കൊണ്ട് എന്നെ മഹത്വപ്പെടുത്തും' (യോഹ 16:7-15).

യേശുവിൻെറ ഈ വചനത്തെപ്പറ്റി വരുവാനുള്ള കാര്യസ്ഥനെപ്പറ്റി ക്രൈസ്തവസഭകൾ ഒന്നടങ്കം പറയും അത് പരിശുദ്ധാത്മാവാണെന്ന്. ഇത് എത്രമാത്രം ശരിയാണ് നമുക്ക് പരിശോധിക്കാം:

യേശു വരാനുള്ള കാര്യസ്ഥനെപ്പറ്റി പറയുന്നു.

1. യേശു പറഞ്ഞു: ഞാൻ പോകാഞ്ഞാൽ അവൻ വരികയില്ല. യേശു ഈ ലോകത്തിൽ നിന്ന് പോയതിന് ശേഷം വരുന്ന വ്യക്തിയാണ്. അതൊരിക്കലും പരിശുദ്ധാത്മാവല്ല. എന്തെന്നാൽ പരിശുദ്ധാത്മാവ് ആദ്യമേ ലോകത്തുണ്ട്.

2. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധ്യം വരുത്തും.

ക്രൈസ്തവസഭ പറയുന്ന പരിശുദ്ധാത്മാവ് ഇതുവരെ പാപം എന്ത്? നീതി എന്ത് എന്ന് പഠിപ്പിച്ചിട്ടില്ല. അതിന് പ്രത്യക്ഷ ഉദാഹരണമാണ് ആയിരത്തിലധികം സഭകൾ. അവർ എല്ലാവരും അവകാശപ്പെടുന്നു ഞങ്ങളുടെ പരിശുദ്ധാത്മാവാണ് ശരിയായത്. ഒരു



പ്രൊട്ടസ്റ്റൻറ്കാരനോട് ചോദിച്ചാൽ അയാൾ പറയും റോമൻ കാത്തലിക്കക്കാരൻെറ ആചാരം മുഴുവൻ തെറ്റാണ്, അവർ വിഗ്രഹാരാധന നടത്തുന്നവരാണ്, മധ്യസ്ഥ പ്രാർത്ഥന തുടങ്ങിയതെല്ലാം തെറ്റാണ്. പക്ഷേ അനേകം കാത്തലിക്കാ വിശ്വാസികൾ പരിശുദ്ധാത്മാവ് ബാധിച്ച് പിച്ചും പേയും പറയുന്നവരാണ്. അവരെല്ലാം മധ്യസ്ഥ പ്രാർത്ഥന നടത്തുന്നവരാണ്. അവരിൽ പലരും പണം പലിശക്ക് കൊടുക്കുന്നവരും, മദ്യം കഴിക്കുന്നവരുമാണ്. ഇനി യഹോവ സാക്ഷിയുടെ വീക്ഷണത്തിൽ അവരുടെ വിശ്വാസം ഒഴിച്ച് ബാക്കിയെല്ലാവരുടെയും തെറ്റാണ്. അവർ യഹോവയെ (ഏക) ദൈവത്തെ ആരാധിക്കുന്നവരും ത്രിത്വത്തെ നിഷേധിക്കുന്നവരുമാണ്. ഇനി നിങ്ങൾ ചിന്തിക്കുക, ഇവരിൽ ആരുടെ പരിശുദ്ധാത്മാവാണ് ശരിയായത് എന്ന്.

പാപം എന്ത്, നീതി എന്ത് എന്ന് കൃത്യമായി ലോകത്തെ ബോധ്യപ്പെടുത്തിക്കൊടുത്ത യേശുവിന് ശേഷമുള്ള ഒരേയൊരു വ്യക്തി മുഹമ്മദ് നബി (സ) മാത്രമാണ്.

3. അവൻ ന്യായവിധിയെക്കുറിച്ച് ബോധ്യം വരുത്തും.

ബൈബിളിലെ മുഴുവൻ പുസ്തകങ്ങൾ പരിശോധിച്ചാലും എന്താണ് ന്യായവിധി എന്ന് മനസിലാക്കാൻ കഴിയില്ല. ന്യായവിധിയെക്കുറിച്ച് ക്രിസ്തുവിൻെറ ഏതാനും വചനങ്ങളുണ്ടെങ്കിലും നമുക്ക് പൂർണമായ ചിത്രം ലഭിക്കില്ല. എന്നാൽ മുഹമ്മദ് (സ) നബിയിലൂടെ അവതരിച്ച അന്തിമ വേദഗ്രന്ഥമായ ഖുർആനിൽ കൃത്യമായി ന്യായവിധി എന്ത്, അത് എങ്ങനെ, പാപവും പുണ്യവും എങ്ങനെയാണ് വേർതിരിക്കുക എന്നെല്ലാം കൃത്യമായി വിവരിച്ചിരിക്കുന്നു. കൂടാതെ സ്വർഗം എങ്ങനെയാണ്, അവിടെ എന്തെല്ലാമാണ്, നരകശിക്ഷ എങ്ങനെയാണ്, എന്നിവയെക്കുറിച്ചെല്ലാം ഖുർആൻ വിവരിച്ചിരിക്കുന്നു.

4. അവൻ സകല സത്യത്തിലും വഴിനടത്തും.

ഈ ഭൂമിയിലെ മനുഷ്യരെല്ലാം വ്യത്യസ്ത മേഖലകളിൽ ജോലി ചെയ്യുന്നവരും വ്യത്യസ്ത സംസ്കാരം ഉൾക്കൊള്ളുന്നവരുമാണ്. നമ്മളിൽ പലരും കച്ചവടക്കാരും ന്യായാധിപൻമാരും ഭരണം നടത്തുന്നവരും സൈന്യത്തിൽ ജോലി ചെയ്യുന്നവരും എല്ലാമാണ്. നാം ഏത് രംഗത്ത് പ്രവർത്തിക്കുന്നവരായാലും നമുക്ക് മുഹമ്മദ് നബി

യിൽ മാതൃകയുണ്ട്. അദ്ദേഹം കച്ചവടക്കാരനായിട്ടുണ്ട്, ന്യായാധിപനായിട്ടുണ്ട്, ഭരണകർത്താവായിട്ടുണ്ട്, സൈന്യത്തലവനായിട്ടുണ്ട്. ഇനിയും ആ മനുഷ്യൻെറ ജീവിതചര്യകളിൽ ഏറ്റവും ചെറിയ കാര്യം മുതൽ എല്ലാത്തിലും മാതൃകയുണ്ട്. അതായത് എങ്ങനെ പല്ല് തേക്കണം, എങ്ങനെ കുളിക്കണം, എങ്ങനെ ഭക്ഷണം കഴിക്കണം, എങ്ങനെ പ്രാർത്ഥിക്കണം, എങ്ങനെ കിടന്നുറങ്ങണം, എങ്ങനെ കുളിമുറിയിൽ പ്രവേശിക്കണം, എങ്ങനെ ഇരിക്കണം എന്നെല്ലാം കൃത്യമായ മാർഗനിർദേശങ്ങൾ അദ്ദേഹത്തിൽ നിന്ന് നമുക്ക് ലഭ്യമാണ്. മനുഷ്യസമുദായത്തെ സകല സത്യത്തിലും വഴിനടത്തുന്ന ആത്മാവ് മുഹമ്മദ് നബി (സ) മാത്രം.

5. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ച് തരികയും ചെയ്യും.

മുഹമ്മദ് (സ) നബിയിലൂടെ അവതരിച്ച വിശുദ്ധ ഖുർആൻ ദൈവവചനങ്ങൾ മാത്രം ഉൾക്കൊള്ളുന്നതാണ്. ദൈവത്തിൽ നിന്ന് ഗബ്രിയേൽ (ജിബ്രീൽ) മാലാഖ വഴി ഓതി കേൾപ്പിക്കുകയും പിന്നീട് അത് ജനങ്ങൾക്ക് ഓതി കേൾപ്പിക്കുകയും ചെയ്തു.

മരണാനന്തര ജീവിതത്തെക്കുറിച്ച് എല്ലാ കാര്യങ്ങളും നബി (സ) നമുക്ക് അറിയിച്ചുതന്നിട്ടുണ്ട്. മരണാനന്തരമുള്ള ബർസഖീ (ആത്മീയ) ജീവിതത്തെക്കുറിച്ചും പിന്നീടുള്ള ഉയിർപ്പിനെപ്പറ്റിയും ന്യായവിധിയെപ്പറ്റിയും അവിടെ വെച്ച് സ്വർഗത്തിലേക്കും നരകത്തിലേക്കും വേർതിരിക്കുന്നതിനെക്കുറിച്ചുമെല്ലാം അറിയിച്ച് തന്നിട്ടുള്ള ഒരേയൊരു വ്യക്തി മുഹമ്മദ് നബി (സ) മാത്രമാണ്.

6. അവൻ എന്നെ മഹത്വപ്പെടുത്തും.

യേശു ക്രിസ്തുവിന് ശേഷം അദ്ദേഹത്തെ മഹത്വപ്പെടുത്തിയ ഒരേയൊരു വ്യക്തി മുഹമ്മദ് (സ) മാത്രമാണ്. കുരിശ് മരണം അദ്ദേഹത്തിൽ ആരോപിക്കുക വഴി ക്രിസ്തുവിനെ ശപിക്കപ്പെട്ടവനായി ചിത്രീകരിക്കുകയാണ് (ഗലാ: 2-13, ആവ: 21:22) ബൈബിൾ ചെയ്തിട്ടുള്ളത്. എന്നാൽ ഖുർആൻ പ്രസ്താവിച്ചു, 'അവർ അദ്ദേഹത്തെ ക്രൂശിച്ചിട്ടില്ല. കൊലപ്പെടുത്തിയിട്ടില്ല. ദൈവം അവങ്കലേക്ക് ഉയർത്തുകയത്രേ ചെയ്തത്'. അങ്ങനെ യേശുവിനെ മുഹമ്മദ് മഹത്വപ്പെടുത്തി. കൂടാതെ മദ്യം ഉണ്ടാക്കിയവനായി (യോഹ 2:5-9) ചിത്രീ



കരിച്ച് ബൈബിൾ അദ്ദേഹത്തിൻെറ മഹത്വത്തെ ഇകഴ്ത്തി. തൊട്ടിലിൽ വെച്ച് സംസാരിക്കുന്നവനായി കൊണ്ടും കളിമണ്ണിൽ നിന്ന് പക്ഷിയെ ഉണ്ടാക്കി അതിൽ അല്ലാഹുവിൻെറ അനുമതി പ്രകാരം ജീവൻ കൊടുക്കുന്നവനായി കൊണ്ടും വി. ഖുർആൻ അദ്ദേഹത്തെ മഹത്വപ്പെടുത്തി.

ക്രിസ്തു പോയശേഷം വരുന്ന വ്യക്തിക്ക് യേശു 'പാരക്ലീറ്റ്' എന്ന പേര് നൽകി. യേശു യഥാർത്ഥത്തിൽ പറഞ്ഞത് അദ്ദേഹത്തിൻെറ അരമായിക് ഭാഷയിൽ അഹമ്മദ് എന്നാണെന്ന് ഖുർആൻ പറയുന്നു. സുവിശേഷങ്ങളൊന്നും അദ്ദേഹത്തിന്റെ ഉപദേശങ്ങൾ അദ്ദേഹത്തിൻെറ ഭാഷയിൽ രേഖപ്പെടുത്തിയിട്ടില്ല. പകരം ഗ്രീക്കിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇന്ന് രേഖപ്പെടുത്തപ്പെട്ട പദം Paraclete എന്നാണ്. ഇതേപദം Paraclyte എന്ന പദത്തോട് വളരെ സാമ്യമുള്ളതാണ് എന്ന അഭിപ്രായം അ വഗണിക്കാൻ വയ്യ. ഈ വാക്കിൻെറ അർത്ഥം 'സ്തുതിക്കപ്പെട്ടവൻ' (അഹ്മദ്) എന്നാണ്.

ക്രിസ്തുവർഷം രണ്ടാം നൂറ്റാണ്ടിലെ അജ്ഞാതനായ എഴുത്തുകാരൻ യോഹന്നാൻ ഇതിനെ Paraclete എന്ന് തെറ്റായി ഉപയോഗിച്ചതാണ്. ഏതായാലും ശരിയായ മൂലഗ്രന്ഥം ലഭിക്കാത്തിടത്തോളം കാലം സംശയത്തിൻെറ ആനുകൂല്യം വരാനുള്ള പ്രവാചകന് വകവെച്ച് കൊടുക്കാം. കാരണം പ്രസ്തുത പദത്തിന് പല ഭാഷാന്തരങ്ങൾ നൽകിയിട്ടുണ്ട്. മലയാള ബൈബിളിൽ ഇങ്ങനെ കാണാം: കാര്യസ്ഥൻ, പാർക്കലീത്ത, സത്യത്തിൻെറ ആത്മാവ്, സഹായകൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ. നിലവിലുള്ള ഇംഗ്ലീഷ് വെർഷൻ ബൈബിളിൽ ഈ പദത്തിന് 'ആശ്വാസകൻ' എന്ന അർത്ഥമാണ് നൽകിയിട്ടുള്ളത്. ഈ തർജ്മ കൃത്യമായ അർത്ഥമാകുന്നില്ല. ആശ്വാസകൻ എന്നാൽ എല്ലാ ജീവികളോടും ദയയുള്ളവൻ എന്നാണ്. Paraclete എന്നാൽ വക്താവ്. ആരാണോ മറ്റൊന്നിന് വേണ്ടി പ്രവർത്തിക്കുന്നത് അവൻ. ആരാണോ ഉപദേശിക്കുന്നത്? അതായത് മനുഷ്യരാശിക്ക് വേണ്ടി വ്യക്തമായി വന്ന് ഉപദേശം നടത്തുന്നത് ആരാണോ അവൻ. വി. ഖുർആനിലത് 'ഹരീസുൽ അലൈക്കും' നിങ്ങളുടെ ക്ഷേമത്തിന് ഉൽസുകനായിട്ടുള്ളവൻ എന്നാണ് പറയുന്നത്.

ഗ്രീക്കിലെ പുതിയ നിയമത്തിൽ Preumutees Aleetheests എന്ന് പറഞ്ഞതിൻെറ അർത്ഥം ആത്മീയമായ വിവരങ്ങൾ നൽകുന്നവൻ എന്നാണ്. അതായത് Paraclete വളരെ സത്യവാദിയും വിശ്വാസം

രക്ഷിക്കുന്നവനും ആണ്. കർത്തവ്യപാലകനെന്നുമുള്ള പേരുകൾ അവന് അനുയോജ്യമാണ്. ഗ്രീക്കിലെ aleethes, അറബിയിലെ അൽ-അമീൻ എന്ന വിശേഷത്തിന് തുല്യമാണ്. ഇത് മുഹമ്മദ് (സ) നബിയുടെ ആദ്യകാല നാമമായിരുന്നു.

എങ്ങനെയായാലും ഇതൊരിക്കലും പരിശുദ്ധാത്മാവല്ല. പരിശുദ്ധാത്മാവിനെക്കുറിച്ച് യേശു പലപ്പോഴും പറഞ്ഞിട്ടുണ്ട്. അവയെല്ലാം Holy Spirit (പരിശുദ്ധാത്മാവ്) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പക്ഷേ ഇവിടെ മാത്രമേ Paraclete അഥവാ സത്യത്തിൻെറ ആത്മാവ്, ആശ്വാസദായകൻ, കാര്യസ്ഥൻ എന്നെല്ലാം രേഖപ്പെടുത്തിയിട്ടുള്ളത്. ക്രൈസ്തവസഭ പറഞ്ഞ് നടക്കുന്ന പരിശുദ്ധാത്മാവല്ല ഇത്. യേശു ഉദ്ദേശിച്ചത് പരിശുദ്ധാത്മാവിനെ ആയിരുന്നെങ്കിൽ ഇവിടെ വ്യത്യസ്തമായ നാമങ്ങൾ ഒരിക്കലും ഉപയോഗിക്കേണ്ടിവരില്ലായിരുന്നു. പരിശുദ്ധാത്മാവിനെ Paraclete എന്ന് യേശു വേറൊരു സ്ഥലത്തും ഉപയോഗിച്ചിട്ടുമില്ല. അതുകൊണ്ട് വരാനുള്ള ഒരു പ്രവാചകനെ കുറിക്കുന്ന പദം തന്നെയാണിത്.

**വേദങ്ങളിലെ മുഹമ്മദ്**

'തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തിക്കാണുന്ന നിരക്ഷരനായ പ്രവാചകദൂതനെ പിന്തുടരുന്നവരാരോ, (അവരാകുന്ന ഇന്ന് ഈ അനുഗ്രഹത്തിന് അർഹരായിട്ടുള്ളവർ). അദ്ദേഹം അവർക്ക് നന്മ വിധിക്കുന്നു. തിന്മ വിലക്കുന്നു. അവർക്കായി ശുദ്ധ വസ്തുക്കൾ അനുവദിച്ച് കൊടുക്കുന്നു. അശുദ്ധ വസ്തുക്കളെ നിരോധിക്കുകയും ചെയ്യുന്നു. അവരെ ഞെരിച്ചുകൊണ്ടിരുന്ന ഭാരങ്ങൾ ഇറക്കിവക്കുന്നു. അവരെ വരിഞ്ഞുമുറുക്കിയിരുന്ന ചങ്ങലകൾ പൊട്ടിച്ചെറിയുന്നു. അതിനാൽ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ ബലപ്പെടുത്തുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതീർണ്ണമായ പ്രകാശത്തെ പിന്തുടരുകയും ചെയ്യുന്നവരാരോ, അവർ മാത്രമാകുന്നു വിജയം പ്രാപിക്കുന്നവർ' (വി.ഖു: 7:157).

1. ദൈവം അബ്രാഹമിന് വാഗ്ദാനം നൽകുന്നു

a. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും (ഉൽപ്പത്തി 12:3).

b. നിന്നെ ഞാൻ ബഹുജാതികൾക്ക് പിതാവാക്കും (17:5).



ആദർശധീരനും, ദൈവദൂതനുമായ ഇബ്രാഹിം (അ) പ്രവാചകനോട് ദൈവം വാഗ്ദാനം നൽകുന്നു, നീ മൂലം ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹീതരാവും. കൂടാതെ നിന്നെ ഞാൻ ബഹുജാതികൾക്ക് പിതാവാക്കും. ബൈബിൾ പ്രകാരം ഈ പ്രവചനം, ബൈബിൾ എഴുതപ്പെടുന്ന കാലത്തൊന്നും പൂർത്തീകരിച്ചതായി കാണാൻ കഴിയില്ല.

എങ്ങനെയാണ് അബ്രാഹിമിനെക്കൊണ്ട് ഭൂമിയിലെ സകല മനുഷ്യരും അനുഗ്രഹിക്കപ്പെടുക? അദ്ദേഹത്തിൻെറ വംശപരമ്പരയിൽ നിന്ന് ലോകത്തിന് മുഴുവനുമായി കൊണ്ട് ഒരു പ്രവാചകനെ എഴുന്നേൽപ്പിക്കുകയും അദ്ദേഹം ലോകർക്ക് അനുഗ്രഹമായി ഇരിക്കുകയും വേണം. ഇതേ അർത്ഥം തന്നെയാണ് ബൈബിൾ പ്രകടമാക്കുന്നതും. യേശുവിനുശേഷം പത്രോസ് ജനങ്ങളെ സംബോധന ചെയ്യുമ്പോൾ പറയുന്നു, ലോകർക്ക് അനുഗ്രഹമായി കടന്നുവന്നത് യേശുവാണെന്ന് (അപ്പോ പ്രവൃ: 3:25). യേശു, ഒരു ദൈവദൂതനെന്ന് തെളിയിക്കേണ്ടത് പത്രോസിൻെറ ലക്ഷ്യമായിരുന്നു. അതുകൊണ്ട് വരാനുള്ള പ്രവാചകനെക്കുറിച്ചുള്ള പ്രവചനങ്ങളെല്ലാം തന്നെ അവർ യേശുവിൽ സ്ഥാപിക്കുന്നു.

യേശുവിൻെറ അധ്യാപന പ്രകാരം, യേശു ഒരിക്കലും അവകാശപ്പെട്ടിട്ടില്ല 'താൻ ലോകർക്ക് മുഴുവൻ അനുഗ്രഹവുമായാണ് കടന്നുവന്നതെന്ന്'. പിന്നെയോ അദ്ദേഹം പറഞ്ഞത്, ഞാൻ യിസ്രായേലിലേക്ക് മാത്രം നിയോഗിക്കപ്പെട്ട പ്രവാചകനാണെന്നാണ് (മത്തായി: 15:24, 10:5, 6). ആയതിനാൽ അദ്ദേഹത്തിൻെറ ഉപദേശങ്ങളും അത്ഭുത പ്രവർത്തനങ്ങളുമെല്ലാം ഇസ്രായേലിൽ മാത്രം പരിമിതപ്പെടുത്തി (നോക്കുക: മത്തായി: 15:26, 27).

പിന്നെ ലോകർക്ക് മുഴുവൻ കാരുണ്യമായ പ്രവാചകൻ ആരാണ്? ഇബ്രാഹിമും ഇസ്മായേലും കൂടി കഅ്ബാ (മക്കാ പള്ളി) നിർമ്മിക്കുമ്പോൾ അവരിവരും പ്രാർത്ഥിച്ചു: 'ഞങ്ങളുടെ രക്ഷിതാവേ ഞങ്ങളിൽ നിന്ന് നീയിത് സ്വീകരിക്കണമേ. തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. ഞങ്ങളുടെ രക്ഷിതാവേ ഞങ്ങളിരുവരേയും നിനക്ക് കീഴ്പ്പെടുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിനക്ക് കീഴ്പ്പെടുന്ന ഒരു സമുദായത്തെ ഉണ്ടാക്കുകയും ഞങ്ങളുടെ ആരാധനാക്രമങ്ങൾ ഞങ്ങൾക്ക് കാണിച്ച് തരികയും ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യേണ

മേ. തീർച്ചയായും നീ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു. ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് (ഞങ്ങളുടെ സന്താനങ്ങൾക്ക്) നിൻെറ ദൃഷ്ടാന്തങ്ങൾ ഓതി കേൾപ്പിച്ച് കൊടുക്കുകയും വേദവും വിജ്ഞാനവും അഭ്യസിപ്പിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരിൽ നിന്ന് തന്നെ നീ നിയോഗിക്കുകയും ചെയ്യണമേ. തീർച്ചയായും നീ പ്രതാപവാനും അഗാധജ്ഞാനിയുമാകുന്നു' (വി. ഖുർആൻ 2:128-129).

ഇബ്രാഹിം (അ) പ്രവാചകൻെറ പ്രാർത്ഥന ദൈവം കൈക്കൊള്ളുകയും ലോകർക്ക് മുഴുവനായിക്കൊണ്ട് ഒരു ദൂതനെ നിയോഗിക്കുകയും ചെയ്തു. ഇബ്രാഹിമിൻെറ ആദ്യ ജാതനായ ഇസ്മായേലിൻെറ വംശ പരമ്പരയിൽ ജനിച്ച മുഹമ്മദ് നബിയിലൂടെയാണ് ഈ പ്രവചനം പൂർത്തിയാകുന്നത്. വി. ഖുർആൻ പറയുന്നു: 'ലോകർക്ക് മുഴുവൻ അനുഗ്രഹമായി കൊണ്ടല്ലാതെ നബിയെ നിന്നെ നാം നിയോഗിച്ചിട്ടില്ല' (21:107).

**ദൈവം മോശക്ക് വാഗ്ദാനം നൽകുന്നു**

'നിന്നെപോലെ ഒരു പ്രവാചകനെ ഞാൻ അവർക്ക് അവരുടെ സഹോദരന്മാരുടെ ഇടയിൽ നിന്ന് എഴുന്നേൽപ്പിച്ച് എൻെറ വചനങ്ങളെ അവൻെറ നാവിൻമേൽ ആക്കും. ഞാൻ അവനോട് കൽപ്പിക്കുന്നതൊക്കെയും അവൻ അവരോട് പറയും. അവൻ എൻെറ നാമത്തിൽ പറയുന്ന എൻെറ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോട് ഞാൻ ചോദിക്കും. എന്നാൽ ഒരു പ്രവാചകൻ ഞാൻ അവനോട് കൽപ്പിക്കാത്ത വചനം എൻെറ നാമത്തിൽ അഹങ്കാരത്തോടെ പ്രസ്താവിക്കുകയോ അന്യ ദൈവങ്ങളുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ ആ പ്രവാചകൻ മരണശിക്ഷ അനുഭവിക്കണം' (ആവർത്തനം 18:18-20).

മോശക്ക് ശേഷം വരുമെന്ന് പ്രഖ്യാപിച്ച ആ പ്രവാചകൻെറ ലക്ഷണങ്ങൾ ഇവയാണ്:

1. നിന്നെപോലെ ഒരു പ്രവാചകൻ (മോശക്ക് തുല്യൻ).
2. ഞാൻ അവർക്ക് അവരുടെ സഹോദരരിൽ നിന്നും.
3. എൻെറ വചനങ്ങൾ അവൻെറ നാവിൻമേൽ ആക്കും.
4. ഞാൻ കൽപ്പിക്കുന്നത് അവൻ അവരോട് പറയും.



5. അന്യ ദേവൻമാരുടെ നാമത്തിൽ സംസാരിച്ചാൽ അദ്ദേഹം മരിക്കും.

**1. മോശക്ക് തുല്യനായ പ്രവാചകൻ**

ആ പ്രവാചകനെ തിരിച്ചറിയാൻ ദൈവം നിർദ്ദേശിച്ച ഒന്നാമത്തെ കാര്യം അദ്ദേഹം മോശക്ക് തുല്യനായിരിക്കും എന്നാണ്. എല്ലാം സൃഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്യുന്ന ത്രികാലജ്ഞാനിയായ ദൈവം ഒരു കാര്യം പറയുമ്പോൾ അതിൽ വ്യത്യാസങ്ങളൊന്നും ഉണ്ടാകാൻ പാടില്ല. അതായത് എല്ലാ അർത്ഥത്തിലും അദ്ദേഹം മോശക്ക് തുല്യനായിരിക്കും. ബൈബിൾ പ്രകാരം ഇസ്രായേലിൽ മോശക്ക് തുല്യനായി ഒരു പ്രവാചകൻ പിന്നെ ഉണ്ടായിട്ടില്ല (ആവർത്തനം 34:12).

ക്രിസ്ത്യൻ വീക്ഷണ പ്രകാരം ഈ പ്രവചന പൂർത്തീകരണം യേശുവിലാണ് അവർ സ്ഥാപിക്കുന്നത്. ഒരിക്കലും യേശു മോശക്ക് തുല്യനായിരുന്നില്ലെന്ന് വേദപഠനം നടത്തിയ ആർക്കും മനസിലാക്കാം. അതിന് വേണ്ടി ഒരു താരതമ്യ പഠനം നടത്താം.

| | മോശ | മുഹമ്മദ് | യേശു |
|---|---|---|---|
| **പ്രവാചകത്വം** | 40-ാം വയസിൽ (സീനായിമലയിൽ വെച്ച്) | 40-ാം വയസിൽ | ജന്മനാ |
| **ജനങ്ങളുടെ പ്രതികരണം** | ആദ്യം തിരസ്കരിച്ചു പിന്നീട് സ്വീകരിച്ചു. ഹിജ്റ പോയി | ആദ്യം തിരസ്കരിച്ചു പിന്നീട് സ്വീകരിച്ചു. ഹിജ്റ പോയി | ആദ്യാവസാനം തിരസ്കരിച്ചു. ഹിജ്റ പോയില്ല. |
| **നേതാവ് എപ്രകാരം** | ആത്മീയമായും ഭൗതികമായും | ആത്മീയമായും ഭൗതികമായും | ആത്മീയമായി മാത്രം |
| **നിയമങ്ങൾ** | ദൈവത്തിൽ നിന്ന് ഗ്രന്ഥം സ്വീകരിച്ചു | ദൈവത്തിൽ നിന്ന് ഗ്രന്ഥം സ്വീകരിച്ചു | മോശയുടെ ന്യായപ്രമാണം നിവർത്താൻ വന്നു |
| **ഭൗതിക ജീവിതം** | വിവാഹം കഴിച്ചു കുട്ടികളുണ്ട്. സൈനികനായിരുന്നു. ന്യായാധിപനായിരുന്നു. | വിവാഹം കഴിച്ചു. കുട്ടികളുണ്ട്. സൈനിക സേവനം നടത്തി. ന്യായാധിപനായിരുന്നു. | വിവാഹം കഴിച്ചില്ല. ജനങ്ങൾക്ക് ന്യായാധിപനോ പോരാളിയോ ആയിരുന്നില്ല |
| **മരണം** | സ്വഭാവികം | സ്വഭാവികം | അസാധാരണം |

**2. ഞാൻ അവർക്ക് അവരുടെ സഹോദരൻമാരിൽ നിന്നും**

ഇബ്രാഹിം (അ) പ്രവാചകന്റെ രണ്ട് മക്കളാണ് ഇസ്മായേലും ഇസ്ഹാക്കും. ഇതിൽ ഇസ്മായേലിൽ നിന്ന് അറബി സമൂഹവും (12 ഗോത്രങ്ങൾ ഉൽപത്തി 25:13-16 നോക്കുക) ഇസ്ഹാക്കിന്റെ പുത്രനായ യാക്കൂബിൽ നിന്നും ഇസ്രായേൽ പന്ത്രണ്ട് ഗോത്രങ്ങളും ഉണ്ടായി. ഇസ്രായേലിന്റെ ഗോത്ര സഹോദരൻമാർ ഇസ്മായേല്യരാണ്. ഈ ഇസ്മായേൽ ഗോത്രങ്ങളിൽ നിന്നാണ് ഈ പ്രവചന പ്രകാരം മോശക്ക് തുല്യനായ പ്രവാചകൻ വരേണ്ടത്.

അന്ത്യപ്രവാചകനായ മുഹമ്മദ് നബി(സ) ഇസ്മായേലിന്റെ (അ) രണ്ടാമത്തെ പുത്രനായ കേദാറിന്റെ പരമ്പരയിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ വംശപരമ്പര ഈ വിധമാണ്. അബ്രഹാം, ഇസ്മായിൽ, കേദാർ, അദ്നാൻ, മഅദ്, നിസാർ, മൂദർ ഇല്യാസ്, മുദ്രിക്ക, ഖുസൈമ, കിനാന്ന- അന്നദ്ർ- മാലിക്ക്- ഖുറൈശ്- ഗാലിബ്- ലുഅയ്യ്- കഅ്ബ്- മുർറ- കിലാബ്- ഖുസയ്യ്- അബ്ദു മനാഫ്- ഹാശിം- അബ്ദുൽ മുത്തലിബ്- അബ്ദുള്ള- മുഹമ്മദ്.

ക്രൈസ്തവ പണ്ഡിതന്മാർ ഈ വചനത്തെ തെറ്റായി ഉദ്ധരിക്കുകയും ഇസ്രായേൽ സഹോദരൻമാരിൽ നിന്ന് എന്നതിന് പകരം ഇസ്രായേരിൽ നിന്ന് തന്നെ എന്ന് വാദിക്കുകയും ചെയ്യുന്നു. അവരുടെ ഈ വാദപ്രകാരം ബൈബിൾ ദൈവിക ഗ്രന്ഥമല്ലെന്ന് അവർ തന്നെ പരോക്ഷമായി സമ്മതിക്കുകയാണ് ചെയ്യുന്നത്. കാരണം ത്രികാല ജ്ഞാനിയായ ദൈവം പറയുന്നു. (ബൈബിൾ ദൈവ വചനങ്ങളാണ് എന്ന അവരുടെ വാദപ്രകാരം) 'ഇസ്രായേലിൽ മോശക്ക് തുല്യനായി ഒരു പ്രവാചകൻ ഉണ്ടായിട്ടില്ല' (മുമ്പ് ഉദ്ധരിച്ച ഭാഗം നോക്കുക). ഈ വചന പ്രകാരം ഇസ്രായേലിൽ മോശക്ക് തുല്യനായി ഒരു പ്രവാചകൻ ഉണ്ടാകാൻ പാടില്ല. അഥവ മോശക്ക് തുല്യൻ യേശുവാണെന്ന അവരുടെ വാദപ്രകാരം ഈ വചനം കൊണ്ട് ദൈവം സർവ്വജ്ഞാനിയല്ലെന്ന് അവർ പറയേണ്ടി വരും.

**3. എന്റെ വചനങ്ങൾ അവന്റെ നാവിൻമേൽ ആക്കും. ഞാൻ കൽപ്പിക്കുന്നത് അവൻ അവരോട് പറയും.**

വിശുദ്ധ ഖുർആൻ മുഴുവൻ ദൈവം മുഹമ്മദ് നബി (സ)യുടെ നാവിലൂടെയാണ് അവതരിപ്പിക്കപ്പെട്ടത്. 23 വർഷകാലയളവിലായി വിവിധ സന്ദർഭങ്ങളിൽ ദൈവം അദ്ദേഹത്തിന് ദിവ്യസന്ദേശങ്ങൾ



നൽകുകയും ദിവ്യസന്ദേശങ്ങൾ ഏറ്റുവാങ്ങിയശേഷം അദ്ദേഹം അത് ഓതുകയും അനുയായികൾ അത് എഴുതിവെക്കുകയും മനഃപാഠമാക്കുകയും ചെയ്യുകയായിരുന്നു.

4. എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോട് ഞാൻ ചോദിക്കും. അന്യദേവൻമാരുടെ നാമത്തിൽ സംസാരിച്ചാൽ പ്രവാചകൻ മരിക്കും.

ഖുർആൻ ആരംഭിക്കുന്നത് തന്നെ സ്രഷ്ടാവായ നാഥന്റെ നാമത്തിലാണ്. 'പരമകാരുണ്യകനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ' എന്ന് പറഞ്ഞാണ് വി. ഖുർആന്റെ അധ്യായങ്ങൾ ആരംഭിക്കുന്നത്. ഈ വചനങ്ങൾ അനുസരിക്കാത്തവരോട് ദൈവം തന്നെ ചോദിക്കുന്നതാണ്. അന്യദേവൻമാരുടെ നാമത്തിൽ ആ പ്രവാചകൻ സംസാരിച്ചാൽ മരിക്കും. ഇതേ വാക്യം ഖുർആനും രേഖപ്പെടുത്തിയിട്ടുണ്ട്:

'നമ്മുടെ പേരിൽ (പ്രവാചകൻ) വല്ല വാക്കുകളും കെട്ടിച്ചമച്ച് പറഞ്ഞിരുന്നെങ്കിൽ, അദ്ദേഹത്തെ നാം വലത് കൈകൊണ്ട് പിടികൂടുകയും എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചുകളയുകയും ചെയ്യുമായിരുന്നു' (69:44-46).

**അറബി ദേശത്തെക്കുറിച്ചുള്ള പ്രവചനം**

'ഭേദാന്യരുടെ സ്വാർത്ഥഗണങ്ങളായുള്ളോരെ, നിങ്ങൾ അറബിയിലെ കാട്ടിൽ രാപാർപ്പിൻ. തേമാ ദേശ നിവാസികളെ, നിങ്ങൾ ദാഹിച്ചിരിക്കുന്നവന് വെള്ളം കൊണ്ട് ചെല്ലുവിൻ. ഓടി പോകുന്നവരെ അപ്പവുമായി ചെന്ന് എതിരേൽപ്പിൻ. അവൻ വാളിനെ ഒഴിഞ്ഞ് ഓടിപോകുന്നവരാകുന്നു. ഊരിയ വാളിനേയും കുലച്ച വില്ലിനേയും യുദ്ധത്തിന്റെ കൊടുമയേയും ഒഴിഞ്ഞ് ഓടുന്നവർ തന്നെ. കർത്താവ് ഇപ്രകാരം എന്നോട് അരുളി ചെയ്തു. കൂലിക്കാരന്റെ ആണ്ട് പോലെയുള്ള ഒരു ആണ്ടിനകം കേദാരിന്റെ മഹത്വം ഒക്കെയും ക്ഷയിച്ച് പോകും. കേദാര്യരിൽ വീരൻമാരായ വില്ലാളികളുടെ കൂട്ടത്തിൽ ശേഷിക്കുന്നവർ ചുരുക്കമായിരിക്കും. യിസ്രായേലിന്റെ ദൈവമായ യഹോവയല്ലോ അരുൾ ചെയ്തിരിക്കുന്നത്'(യെശയ്യ 21: 13-17).

പ്രവാചകനും കൂട്ടരും മക്കയിൽ നിന്ന് മദീനയിലേക്ക് പാലായനം

ചെയ്യുന്ന സംഭവത്തിൻെറ പ്രവചനമാണിത്. തേമാദേശം എന്നതു കൊണ്ട് മദീനയായിരിക്കും ഉദ്ദേശിച്ചിരിക്കുന്നത്. അതികഠിനമായ പീഡനം മൂലം പ്രവാചകനും അനുയായികളും മദീനയിലേക്ക് പോകുകയും അവിടെ വെച്ച് ഇസ്‌ലാം വളരുകയും ശക്തി പ്രാപിക്കുകയും ചെയ്യുന്നു. 'കേദാർ' എന്നത് ഇസ്മായേലിൻെറ രണ്ടാമത്തെ പുത്രൻെറ പേരാണ്. ഇവിടെ കേദാർ എന്ന സൂചന കൊണ്ട് മുഴുവൻ അറബി ഗോത്രത്തെയായിരിക്കും ഉദ്ദേശിച്ചിരിക്കുന്നത്. ഏതായാലും ഈ പ്രവചനം അനുസരിച്ച് തൻെറ പ്രവാചകനെ എതിർത്തവരെല്ലാം തന്നെ പിന്നീട് ഇസ്‌ലാമിൻെറ കീഴിൽ വന്നു.

'അവൻ കാണുന്നത് അറിയിക്കട്ടെ. ഈ രണ്ടീരണ്ടായി വരുന്ന കുതിരപ്പടയേയും കഴുതപ്പടയേയും ഒട്ടകപ്പടയേയും കാണുമ്പോൾ അവൻ ബഹുശ്രദ്ധയോടെ ശ്രദ്ധിക്കട്ടെ'. (യേശയ്യ 21:7)

ഈ വചന പ്രകാരം കുതിരപ്പുറത്ത് വരുന്ന ദാവൂദിനേയും, കഴുതപ്പുറത്ത് വരുന്ന യേശുവിനേയും നമുക്ക് ബൈബിളിൽ കാണാം. പക്ഷേ ഒട്ടകപുറത്തുവരുന്ന ഒരു പ്രവാകനെ ക്രൈസ്തവ സമൂഹം എന്തുകൊണ്ട് ശ്രദ്ധിക്കുന്നില്ല? ഇവിടെ പ്രതിപാദിച്ച ഒട്ടകപ്പുറത്ത് വരുന്ന ആൾ മുഹമ്മദ് (സ) അല്ലാതെ മറ്റാരുമല്ല.

മറ്റൊരു പ്രവചനം നോക്കുക:

'എഴുന്നേറ്റ് പ്രകാശിക്ക, നിൻെറ പ്രകാശം വന്നിരിക്കുന്നു. യഹോവയുടെ തേജസും നിൻെറമേൽ ഉദിച്ചിരിക്കുന്നു. അന്ധകാരം ഭൂമിയേയും കൂരിരുട്ട് ജാതികളേയും മൂടുന്നു. നിൻെറ മേലോ യഹോവ ഉദിക്കും. അവൻെറ തേജസും നിൻെറമേൽ പ്രത്യക്ഷമാകും. ജാതികൾ നിൻെറ പ്രകാശത്തിലേക്കും രാജാക്കന്മാർ നിൻറ ഉദയശോഭയിലേക്കും വരും....ഒട്ടകങ്ങളുടെ കൂട്ടരും മിദ്യാനിലെയും എഫയിലേയും ചിറ്റൊട്ടകങ്ങളും നിന്നെ മൂടും. ശേബയിൽ നിന്ന് അവരൊക്കെയും വരും. പൊന്നും കുന്തിരക്കവും അവർ കൊണ്ടുവന്ന് യഹോവയുടെ സ്തുതിയെ ഘോഷിക്കും. കേദാരിലെ ആടുകൾ ഒക്കെയും നിൻെറ അടുക്കൽ ഒന്നിച്ച് കൂടും. നെബായോത്തിലെ മുട്ടാടുകൾ നിനക്ക് ശുശ്രൂഷ ചെയ്യും. അവ പ്രസാദമുള്ള യാഗമായി എൻെറ പീഠത്തിന്മേൽ വരും. അങ്ങനെ ഞാൻ എൻെറ മഹത്വമുള്ള ആലയത്തെ മഹത്വപ്പെടുത്തും' (യേശയ്യ 60:1-8).

അന്ധകാര സമുച്ചയത്തിൽ ആറാടിയിരുന്ന അറബി സമൂഹം. അവിടേക്ക് പ്രകാശവുമായി കടന്നുവന്ന പ്രവാചകൻ സർവ



ലോകങ്ങൾക്കും കാരുണ്യമായി വിളങ്ങി (ഖുർആൻ 21:107).

ക്രിസ്തുവിനുശേഷം ഒരു പ്രവാചകരുമില്ലാതെയും യേശുവിൻെറ ഉപദേശങ്ങളെ വികലമാക്കിയും പൗരോഹിത്യത്തിൻെറ ഇരുമ്പ് ദണ്ഡുകളിൽ ഭൂമി മുഴുവൻ കൂരിരുട്ട് പിടിച്ചുനിൽക്കുന്നു. അവിടേക്ക് സത്യത്തിൻെറ പ്രകാശവുമായി ജനസമുദായങ്ങൾക്കെല്ലാം അല്ലാഹുവിൻെറ കരുണ പ്രഖ്യാപിക്കാൻ വേണ്ടി കാരുണ്യത്തിൻെറ ഗ്രന്ഥം കൊണ്ടുവന്നവൻ. നിങ്ങളെ ഇരുളുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ വേണ്ടി.

ഏശയ്യാവിൻെറ (അ) പ്രവചനമനുസരിച്ച് ഭൂമി മുഴുവൻ അന്ധകാരത്തിലിരിക്കുന്ന സമയത്ത് ലോകത്തിന് മുഴുവൻ വഴികാട്ടിയായി കൊണ്ട് ഒരു പ്രവാചൻ വരണം. അദ്ദേഹത്തെ രാജാക്കന്മാർ അനുസരിക്കും. അറബി ഗോത്രങ്ങൾ മുഴുവൻ അനുസരിക്കും. അങ്ങനെ ഭൂമി മുഴുവൻ ദൈവത്തെ മഹത്വപ്പെടുത്തും. അഥവാ ലോകം മുഴുവൻ ഏകദൈവ ആരാധന നടപ്പിൽവരും. അവരെല്ലാം യഹോവയുടെ ആലയത്തിലേക്ക് ആരാധന അർപ്പിക്കാൻവരും.

ഈ പ്രവചനം പൂർണ്ണമായി പൂർത്തീകരിക്കുന്നത് മുഹമ്മദ് (സ) നബിയിലൂടെയാണ്. യേശുവിനുശേഷം അഞ്ച് നൂറ്റാണ്ടുകൾക്ക് ശേഷം സർവലോകർക്കും ആയികൊണ്ടുവന്ന പ്രവാചകനാണ് മുഹമ്മദ് (സ). അറബി ഗോത്രങ്ങളെല്ലാം അദ്ദേഹത്തിൽ വിശ്വസിച്ചു. അദ്ദേഹത്തിലൂടെ മാത്രമാണ് ഭൂമി മുഴുവൻ ഏകദൈവ ആരാധന സ്ഥാപിതമായത്. ലോകത്തുള്ള ഏത് മുസ്‌ലിം ആയാലും പ്രവചന പൂർത്തീകരണം പോലെ മക്കയിൽ അല്ലാഹുവിന് പ്രസാദമുള്ള യാഗവുമായി എത്തുന്നു.

### ആരെ അനുഗമിക്കണം?

ക്രൈസ്തവ സഭകളുടെ അടിസ്ഥാനം ക്രിസ്തുവിലോ, പൗലോസിലോ? പാപ പരിഹാരസിദ്ധാന്തം, ജന്മപാപ സിദ്ധാന്തം, കുരിശുമരണം, ക്രിസ്തുവിൻെറ ദിവ്യത്വം ഇതെല്ലാം പൗലോസിൻെറ കണ്ടുപിടുത്തങ്ങളാണ്. അദ്ദേഹത്തിൻെറ പുതിയ മതം വിജയിപ്പിച്ചെടുക്കാൻ ദൈവിക ഗ്രന്ഥത്തിൽ നിന്നും ആവശ്യാനുസരണം ഉദ്ധരണികൾ എടുക്കുകയും വേണ്ടവിധത്തിൽ തൻെറ തത്വസംഹിതകളുമായി യോജിപ്പിക്കുകയും ചെയ്യുന്നതിൽ അദ്ദേഹം വിജയിച്ചു എന്നാണ് നമുക്ക് മനസിലാക്കാൻ കഴിയുന്നത്. ക്രിസ്തുവും പൗലോസും

അവതരിപ്പിച്ച ആശയങ്ങൾ തമ്മിലുള്ള വ്യത്യാസം നമുക്ക് നോക്കാം:

| **ക്രിസ്തു** | **പൗലോസ്** |
|---|---|
| 1.ദൈവരാജ്യത്തിൻെറ (ദൈവത്തിൻെറ) സുവിശേഷം പ്രസംഗിച്ചു (മാർക്കോസ് 1:14). അനുതപിക്കൂ, സുവിശേഷത്തിൽ വിശ്വസിക്കൂ. | 1. പൗലോസ് തൻെറ സുവിശേഷം പ്രസംഗിച്ചു (II തിമോത്തി 2:9).<br>മരിച്ച് ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിൽ വിശ്വസിക്ക. |
| 2. താൻ കേവലം ഒരു മനുഷ്യനാണെന്ന് പഠിപ്പിക്കുന്നു. ദൈവത്തിൻെറ പ്രവാചകനാണെന്നും പറയുന്നു (യോഹ 8:40, മത്താ: 13-57). | 2. യേശു ദൈവമാണെന്നും ദൈവപുത്രനാണെന്നും പ്രഖ്യാപിക്കുന്നു (ഫിലിപ്പി: 2:6,7, കൊയ്യോ: 2:9, ഗലാത്തി 1:16, അപ്പോ. പ്രവൃ: 9:20). |
| **രക്ഷയുടെ ഉപദേശം** | |
| 3. നിത്യജീവൻ പ്രാപിക്കാൻ കല്പനകൾ പ്രമാണിക്കുക (മത്തായി: 19: 16). | 3.“നിയമാനുഷ്ഠാനങ്ങളെ ആശ്രയിക്കുന്നവൻ രോഗഗ്രസ്തനാണ്' (ഗലാ: 3-10).<br>‘ദൈവകൃപയാൽ ക്രിസ്തു യേശുവിലേ വീണ്ടെടുപ്പ് മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്ക് അവൻ തൻെറ രക്തം മൂലം പ്രായശ്ചിതമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു' (റോമ 3:24, 25).<br>‘നിയമാനുഷ്ഠാനങ്ങൾ വഴി ആരും നീതീകരിക്കപ്പെടുന്നില്ല' (ഗലാ 2:16). |
| 4. ‘നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുദ്ധാരണം ചെയ്യും' (യോഹ 5:29).<br>‘നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശൻമാരുടെയും നീതിയെ കവിയണം' (മത്തായി 5:20). | 4. യേശുവിനെ കർത്താവ് എന്ന് വായകൊണ്ട് ഏറ്റുപറയുകയും ദൈവ അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്പെടും' (റോമ 10:9).<br>നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രിസ്തു മരിച്ച് സംസ്കരിക്കപ്പെട്ടു (I കൊരിന്ത്യർ 15:3). |



| **ക്രിസ്തുവിൻെറ ഉപദേശം** | **പൗലോസിൻെറ ഉപദേശം** |
|---|---|
| 5.‘ഞാൻന്യായപ്രമാണത്തെയോ പ്രവാചകരെയോ റദ്ദാക്കനല്ല, മറിച്ച് നിവർത്താൻ വന്നതത്രേ. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുവോളം നിയമത്തിൻെറ വള്ളിപുള്ളി മാറുകയില്ല. ഈ കൽപ്പനകളെ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗ രാജ്യത്തിൽ വലിയവനെന്ന് അറിയപ്പെടും' (മത്തായി 5:17-19).<br>നിൻെറ വാക്കുകളാൽ നീതീകരിക്കപ്പെടുകയും നിൻെറ വാക്കുകളാൽ കുറ്റം വിധിക്കപ്പെടും.കയും ചെയ്യും (മത്ത: 12-37). | 5. ‘നിയമത്തിൻെറ സകല നിർബനധങ്ങളോടും കൂടി നമുക്കെതിരായി നിലവിലിരുന്ന ആ പ്രമാണപത്രം അവൻ റദ്ദാക്കി അവൻ കുരിശിൽ വെച്ച് അസാധുവാക്കി' (കൊളോസിയർ 2:14).<br>‘നാം നിയമത്തിൽ നിന്ന് ഒഴിവുള്ളവരായിരിക്കുന്നു' (റോമ 7:6).<br>‘അവൻ സ്വന്തം പുത്രനെ പാപപങ്കിലമായ ജഡത്തിൻെറ സാതൃവിത്തിൽ ലോകത്തിലേക്ക് അയച്ച് ജഡത്തിന് ശിക്ഷ വിധിച്ചു' (റോമ 8:3). |
| **പൗലോസിൻെറ ജന്മപാപ സിദ്ധാന്തം** | |
| ‘സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങൾ മനഃപരിവർത്തനം വന്ന് ശിശുക്കളെ പോലെ ആയില്ലെങ്കിൽ ഒരിക്കലും സ്വർഗ്ഗ രാജ്യത്തിൽ പ്രവേശിക്കയില്ലൻ' (മത്താ: 18:3).<br>‘ശിശുക്കൾ എൻെറ അടുക്കൽ വരട്ടെ അവരെ തടയരുത്. ദൈവരാജ്യം ഇവരെ പോലുള്ളവരുടേതാകുന്നു. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. ശിശുവിനെപോലെ ദൈവരാജ്യത്തെ സ്വീകരിക്കാത്ത ഒരുവനും അവിടെ പ്രവേശിക്കയില്ല' (മർക്കോ: 10-14, 15). | ‘ഒരു മനുഷ്യനിലൂടെ ലോകത്തിൽ പാപമുണ്ടായി. പാപത്തിലൂടെ മരണവും' (റോമ 5:12).<br>‘ഒരു മനുഷ്യൻെറ അനുസരണക്കേട് മൂലം അനേകർ പാപികളായത് പോലെ ഒരു മനുഷ്യൻെറ അനുസരണം അനേകരെ നീതീകരിക്കും' (റോമ: 5:11). |
| **പരിഛേദന** | |
| 1. ‘എട്ട് ദിവസം പൂർത്തിയായപ്പോൾ ശിശുവിന് പരിചേഛദന നടത്തി അവൻ ഗർഭം ധരിക്കും മുമ്പ് മാലാഖ നിർദ്ദേശിച്ച യേശു എന്ന നാമം അവന് നൽകി' (ലൂക്കാ 2:21)<br>‘നീയും നിൻെറ ശേഷം തലമുറ തലമുറയായി നിൻെറ സന്തതിയും എൻെറ | 1. ‘യഥാർത്ഥ പരിച്ഛേദനം ബാഹ്യവും ശാരീരികവുമല്ല' (ഗലാത്തി 5:2, 3).<br>‘പൗലോസായ ഞാൻ പറയുന്നു. പരിച്ഛേദനം സ്വീകരിക്കുന്നെങ്കിൽ നിങ്ങൾക്ക് ക്രിസ്തുവിനെകൊണ്ട് നേട്ടമില്ല' (ഗലാത്തി 5:2, 3). |

| | |
|---|---|
| നിയമം പ്രമാണിക്കണം. എനിക്കും നിങ്ങൾക്കും നിൻെറ ശേഷം നിൻെറ സന്തതിക്കും മധ്യേയുള്ളതും നിങ്ങൾ പ്രമാണിക്കേണ്ടതുമായ എൻെറ നിയമം ഇതാണ്. നിങ്ങളിൽ പുരുഷ പ്രജയൊക്കെയും പരിച്ഛേദന ഏൽക്കണം. നിങ്ങളുടെ അഗ്രചർമ്മം പരിച്ഛേദന ചെയ്യണം. അത് എനിക്കും നിങ്ങൾക്കും മധ്യേയുള്ള നിയമത്തിൻെറ അടയാളം ആകും. തലമുറ തലമുറയായി നിങ്ങളിൽ പുരുഷ പ്രജയൊക്കെയും എട്ടുദിവസം പ്രായമാകുമ്പോൾ പരിച്ഛേദന ഏൽക്കണം........എൻെറ നിയമം നിങ്ങളുടെ ദേഹത്തിൽ നിത്യനിയമമായിരിക്കണം. അഗ്ര ചർമ്മിയായ പുരുഷപ്രജയെ പരിച്ഛേദന ഏൽക്കാതിരുന്നാൽ ജനത്തിൽ നിന്ന് ഛേദിച്ച് കളയണം. അവൻ എൻെറ നിയമം ലംഘിച്ചിരിക്കുന്നു' (ഉൽപ്പത്തി 17:12-14). | 'പരിച്ഛേദനയല്ല, അഗ്രചർമ്മവുമല്ല പുതിയ സൃഷ്ടിയത്രേ കാര്യം' (ഗലാത്തി 6:15). |
| **ഭക്ഷണം** | |
| ലേവിയർ പുസ്തകം 11:1 മുതൽ വായിക്കുക:<br>(ക്രിസ്തു ശിഷ്യനായ യാക്കോബിൻെറ അഭിപ്രായം നോക്കുക).<br>വിഗ്രഹമാലിന്യങ്ങൾ, പരസംഗം ശ്വാസംമുട്ടി ചത്തത്, രക്തം എന്നിവ വർജ്ജിപ്പാൻ നാം അവർക്ക് എഴുതണം എന്ന് ഞാൻ അഭിപ്രായപ്പെടുന്നു (അപ്പോ പ്രവൃ 15:20). | 'ഒന്നും സ്വതേ അശുദ്ധമല്ല എന്ന് ഞാൻ അറിയുന്നു' (റോമ 14-14).<br>'കമ്പോളത്തിൽ കിട്ടുന്ന ഏത് മാംസവും ഭക്ഷിക്കാം. മനസാക്ഷി കുത്ത് വേണ്ട. കാരണം ഭൂമിയും അതിലുള്ള സമ്തവും കർത്താവിൻേറതാണ്' (I കൊറി 10:25-26).<br>'എടുക്കരുത് രുചിക്കരുത് തൊടരുത് എന്നിങ്ങനെയുള്ള അതിൻെറ ശാസനകൾക്ക് എന്തിന് വഴങ്ങണം' (കോളോ: 2:21).<br>'വിഗ്രഹങ്ങളുമായുള്ള ചിരപരിചയം കൊണ്ട് വിഗ്രഹങ്ങൾക്ക് നിവേദിയുടെ എന്ന നിലയിൽ ആ ഭക്ഷണം കഴിക്കുന്നു. ദുർബല മനസ്കരായാൽ അവർക്ക് മനസാക്ഷികുത്തുണ്ടാവുന്നു'. |



| | |
|---|---|
| | 'ഭക്ഷണം നമ്മെ ദൈവത്തോട് അടുപ്പിക്കില്ല. തിന്ന് തീരുന്നത് കൊണ്ട് നമുക്ക് കോട്ടമൊന്നുമില്ല. തിന്നുന്നത് കൊണ്ട് നമുക്ക് മെച്ചവുമില്ല' ( I കൊറി 8-7, 8). |
| **പൗലോസിൻെറ അഹന്ത** | |
| "നിങ്ങളിൽ വലിയവനാവാൻ ആഗ്രഹിക്കന്നവൻ എല്ലാവർക്കും ദാസനാകണം" 'വിധിക്കുന്നവൻ ഒരുവനുണ്ട് ദൈവം (ന്യായപ്രമാണമനുസരിച്ച് വിധിക്കും) (യോഹ 8:50). | 'ഞാൻ അതിശ്രേഷ്ഠതയുള്ള അപ്പോസ്തലൻമാരേക്കാൾ ഒട്ടും കുറഞ്ഞവനല്ല' (I കൊറി 11:5).<br>'പലരും ജഡ പ്രകാരം പ്രശംസിക്കയാൽ ഞാനും പ്രശംസിക്കും' (I കൊറി 11:18).<br>'ഞാൻ ഏതുമില്ല എങ്കിലും അതിശ്രേഷ്ഠതയുള്ള അപ്പോസ്തലൻമാരിൽ ഒട്ടും കുറഞ്ഞവനല്ല' (II കൊറി 12: 11).<br>'പൗലോസായ എൻെറ സുവിശേഷ പ്രകാരം വിധിക്കും' (റോമ 2:16). |
| **ആരെ അനുഗമിക്കണം?** | |
| 'ഞാൻ ലോകത്തിൻെറ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കുകയില്ല' (യോഹ 8:12).<br>'എൻെറ വചനങ്ങൾ അനുസരിച്ച് നടക്കുന്നവൻ പാറപ്പുറത്ത് വീട് പണിത ബുദ്ധിമാനായ മനുഷ്യന് തുല്യൻ' (മത്താ: 7:24-26).<br>'തൻെറ കുരിശ് എടുത്ത എന്നെ അനുഗമിക്കാത്തവൻ എനിക്ക് യോഗ്യനല്ല' (മത്താ: 10:38).<br>യേശു ദൈവത്താൽ നയിക്കപ്പെടുന്നു. | ക്രിസ്തു യേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്തിൽ ജനിപ്പിച്ചത് ആകയാൽ എൻെറ അനുകാരികളാകുവിൻ എന്ന് ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു.<br>പൗലോസ് സാത്താനാൽ നയിക്കപ്പെടുന്നു (II കൊറി 12:7-9). |

**ആരെ അനുഗമിക്കണം?**

പിൻപറ്റേണ്ടത് ആരെയെന്ന്? ദൈവദൂതനായ യേശുവിനെയോ അതോ കളവ് പറയുന്ന പൗലോസിനെയോ. പൗലോസിന് വെളിപാടുണ്ടായി എന്ന് അദ്ദേഹം വാദിക്കുന്നു. നമുക്ക് മുമ്പിൽ സത്യസന്ധമായ സാക്ഷികളില്ല. അദ്ദേഹത്തിന് ആരിൽ നിന്നാണ് വെളിപാട് ഉണ്ടായത്. യേശുക്രിസ്തുവിൽ നിന്നോ? അത് വിശ്വാസയോഗ്യമാണോ? ജീവിതകാലത്ത് ശിഷ്യന്മാരോട് യേശു കൽപ്പിച്ചു, നിങ്ങൾ വിജാതിയരുടെ അടുക്കൽ പോകരുത് (മത്തായി: 10:5, 6). ഒരു ദേശത്ത് നിങ്ങളെ ഉപദ്രവിക്കുമ്പോൾ വേറെ ദേശത്തേക്ക് നിങ്ങൾ പോവുക. അങ്ങനെ മനുഷ്യപുത്രൻ വരുവോളം നിങ്ങൾ യിസ്രായേൽ പട്ടണം സഞ്ചരിച്ച് തീർന്നിട്ടുണ്ടാവില്ലെന്ന് യേശു ആണയിട്ട് പറയുന്നു (മത്തായി: 10:23). യേശു ജീവിച്ചിരിക്കുമ്പോൾ നൽകാത്ത കൽപ്പന അദ്ദേഹത്തിൻെറ ആകാശാരോഹണത്തിന് ശേഷം തൻെറ സഭയെ പീഡിപ്പിച്ച ഒരാൾക്ക് അപ്പോസ്തല പദവി നൽകി എന്നത് വിശ്വാസയോഗ്യമല്ല. അതും താൻ ജീവിതകാലത്ത് സത്യം ചെയ്ത് പറഞ്ഞ പ്രസ്താവനക്ക് എതിരായിട്ട്. അതുകൊണ്ടുതന്നെ പൗലോസിൻെറ വാദം തള്ളിക്കളയേണ്ടതാണ് (യേശുവിൻെറ കൽപ്പനക്ക് വിരുദ്ധമായി പ്രവർത്തിച്ച പൗലോസിനും ബർണബാസിനും ഉണ്ടായ അനുഭവം അപ്പോ. പ്രവൃ 14:8-18 വിവരിക്കുന്നു. അതറിയാവുന്നതുകൊണ്ട് തന്നെയാണ് യേശു അവരെ വിലക്കിയത്).

ഇനിയും പൗലോസിൻെറ തന്നെ വാദപ്രകാരം തൻെറ വെളിപാട് വ്യാജമാണെന്ന് നമുക്ക് മനസിലാക്കാം. അദ്ദേഹം സംബോധന ചെയ്ത് വ്യത്യസ്ത സമൂഹങ്ങളോട് വ്യത്യസ്ത രീതിയിൽ ഇതേ സംഭവം വിവരിക്കുന്നു. നമുക്ക് നോക്കാം.

a. അപ്പോ. പ്രവൃ. 9:2-9 വരെ നോക്കുക:

'അവനോട് കൂടെ പ്രയാണം ചെയ്ത പുരുഷന്മാർ ശബ്ദം കേട്ടെങ്കിലും ആരെയും കാണാതെ മരവിച്ച് നിന്നു....ശൗൽ നിലത്ത് നിന്ന് എഴുന്നേറ്റ് കണ്ണ് തുറന്നാറെ ഒന്നും കണ്ടില്ല. അവർ അവനെ കൈക്ക് പിടിച്ച് ദമാസ്കസിൽ കൂട്ടിക്കൊണ്ടുപോയി'.

b. സാക്ഷ്യം 2. അപ്പോ. പ്രവൃ. 22:6-11 വരെ നോക്കുക. യഹൂദരോട് സാക്ഷ്യം പറയുന്നു.

'ഏകദേശം ഉച്ചക്ക് പെട്ടെന്ന് ആകാശത്ത് നിന്ന് വലിയൊരു



പ്രകാശം എൻെറ ചുറ്റും മിന്നി. ഞാൻ നിലത്ത് വീണു....എന്നോട് കൂടെയുള്ളവർ വെളിച്ചം കണ്ടു എങ്കിലും ശബ്ദം കേട്ടില്ല. കർത്താവേ ഞാൻ എന്ത് ചെയ്യണം എന്ന് ചോദിച്ചതിന് കർത്താവ് എഴുന്നേറ്റ് ദമാസ്കസിലേക്ക് പോവുക. അവിടെ വെച്ച് നീ ചെയ്യേണ്ടതെല്ലാം പറയും. വെളിച്ചം ഹേതുവായി കണ്ണ് കാണാഞ്ഞിട്ട് കൂടെയുള്ളവർ എന്നെ കൈക്ക് പിടിച്ച് ദമാസ്കസിലേക്ക് നടത്തി.

c. സാക്ഷ്യം 3 അപ്പോ പ്രവൃ. 26:13-21 അഗ്രിപ്പോ രാജാവിനോട് സാക്ഷ്യം പറയുന്നു.

നട്ടുച്ചക്ക് വഴിയിൽ വെച്ച് സൂര്യൻെറ പ്രകാശത്തെ വെല്ലുന്ന ഒരു പ്രകാശം ആകാശത്തിൽ നിന്ന് എന്നെയും, എന്നോട് കൂടെ യാത്ര ചെയ്യുന്നവരേയും ചുറ്റി പ്രകാശിച്ചു. ഞങ്ങൾ എല്ലാവരും നിലത്തുവീണു......നീ ആരാകുന്നു കർത്താവേ എന്ന് ചോദിച്ചതിന് നീ ഉപദ്രവിക്കുന്ന യേശു തന്നെ ഞാൻ, എഴുന്നേറ്റ് നിവർന്ന് നിൽക്ക നീ എന്നെ കണ്ടതിനും ഇനി ഞാൻ നിനക്ക് പ്രത്യക്ഷൻ ആവാനിരിക്കുന്നതിനും നിന്നെ ശുശ്രൂഷകൾ സാക്ഷിയുമായി നിയമിക്കാൻ ഞാൻ നിനക്ക് പ്രത്യക്ഷനായി.....ഞാൻ നിന്നെ ഇപ്പോൾ അവരുടെ അടുക്കൽ അയക്കുന്നു.

സാക്ഷ്യം 4: ഗാലാത്തി 1:15-20.

'ദൈവം തൻെറ പുത്രനെക്കുറിച്ചുള്ള സുവിശേഷം ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിന് അവനെ എന്നിൽ വെളിപ്പെടുത്താൻ പ്രസാദിച്ചപ്പോൾ ഞാൻ മാംസ രക്തങ്ങളോട് ആലോചിക്കുകയോ എനിക്ക് മുമ്പ് അപ്പോസ്തലൻമാരായവരുടെ അടുക്കൽ യെരുശേലേമിലേക്ക് പോവുകയോ ചെയ്യാതെ നേരെ അറേബ്യയിലേക്ക് പോവുകയും ദമാസ്കസിലേക്ക് മടങ്ങിപോരുകയും ചെയ്തു.

വ്യത്യസ്ത സാക്ഷ്യങ്ങൾ നിങ്ങൾക്ക് ദർശിക്കാം.

1. സാക്ഷ്യം 1 ൽ പറയുന്നത് ശ്രദ്ധിക്കുക.

കൂടെ സഞ്ചരിച്ചവർ ശബ്ദം കേട്ടെങ്കിലും ആരെയും കാണാതെ മരവിച്ച് നിന്നു. ശൗൽ മാത്രം വീഴുന്നു. കൂടെയുള്ളവർ പിടിച്ച് ദമാസ്കസിലേക്ക് കൊണ്ടുപോകുന്നു.

2. സാക്ഷ്യം 2ൽ

a. എൻെറ ചുറ്റും പ്രകാശിച്ചു. ഞാൻ നിലത്തുവീണു.

b. കൂടെ സഞ്ചരിച്ചവർ വെളിച്ചം കണ്ടു. ശബ്ദം കേട്ടില്ല (ആദ്യത്തേതിന് നേരെ വിപരീതമാണ് ഈ പ്രസ്താവന).

c. ശൗൽ മാത്രം വീഴുന്നു.

d. എന്ത് ചെയ്യണമെന്ന് ചോദിച്ചതിന് എഴുന്നേറ്റ് ദമാസ്കസിലേക്ക് പോവുക. അവിടെ വെച്ച് ചെയ്യേണ്ടതെല്ലാം പറഞ്ഞുതരും എന്ന് പറയുന്നു.

ദമാസ്കസിലേക്ക് കൂടെയുള്ളവർ പിടിച്ചുനടത്തുന്നു.

3. സാക്ഷ്യം 3ൽ

a. സാക്ഷ്യം 2 aയിലും cയിലും സാക്ഷ്യം 1 bയിലും പറഞ്ഞതിന് വിരുദ്ധമായി പറയുന്നു. ഞങ്ങളുടെ ചുറ്റും പ്രകാശം മിന്നി. ഞങ്ങൾ എല്ലാവരും നിലത്തുവീണു.

b. എന്ത് ചെയ്യണമെന്ന് ചോദിച്ചതിന് എഴുന്നേറ്റ് ദമാസ്കസിലേക്ക പോവുക. അവിടെ വെച്ച് ചെയ്യാനുള്ളത് പറഞ്ഞുതരും എന്ന് സാക്ഷ്യം 2 dയിൽ പറഞ്ഞതിന് വിരുദ്ധമായി സാക്ഷ്യം 3ൽ പറയുന്നു. കാര്യങ്ങളെല്ലാം തന്നെ വെളിച്ചമടിച്ച സ്ഥലത്ത് തന്നെ വെച്ച് പറയുന്നു.

ഈ പറഞ്ഞതിൽ നിന്നെല്ലാം ഏറ്റവും വലിയ കള്ളമായി തോന്നിയത് ഗലാത്തികൾക്ക് എഴുതിയ ലേഖനത്തിൽ (സാക്ഷ്യം 4ൽ) പറയുന്നതാണ്.

ആദ്യത്തെ മൂന്ന് സാക്ഷ്യങ്ങളിലും പറഞ്ഞിരിക്കുന്നു. വെളിച്ചം കൊണ്ട് അന്ധനായി തീരുകയും കൂടെയുള്ളവർ കൈകക്ക് പിടിച്ച് ദമാസ്കസിലേക്ക് നടത്തിയെന്നും അനന്യാസ് എന്ന് ക്രിസ്തു ശിഷ്യൻ കൈവെച്ച് അനുഗ്രഹിച്ചപ്പോൾ കാഴ്ചശക്തി വീണ്ടുകിട്ടിയെന്നും പ്രസ്താവിക്കുന്നു. എങ്കിൽ ഈ നാലാം സാക്ഷ്യത്തിൽ പൗലോസ് പറയുന്നു. എനിക്ക് വെളിപാട് കിട്ടിയതിനുശേഷം ഞാൻ എനിക്ക് മുമ്പേ അപ്പോസ്തലൻമാരുടെ അടുക്കൽ പോയിട്ടില്ല. എന്നും നേരെ അറേബ്യയിലേക്ക് പോവുകയും പിന്നീട് ദമാസ്കസിലേക്ക് തിരിച്ചുവരികയും ചെയ്തു എന്ന് പറയുന്നു. ഈ സാക്ഷ്യത്തിൽ നിന്ന് എന്താണ് മനസിലാക്കുക. പൗലോസിന് അന്ധത ബാധിച്ചോ ഇല്ലയോ? അദ്ദേഹം ആദ്യം പോയത് ദമാസ്കസിലേക്കോ അറേബ്യയിലേക്കോ? ഇനിയും ക്രിസ്തുവിൻെറ കൽപ്പനക്ക് വിരുദ്ധമായി ദമാസ്കസിലേക്ക് പോവുക എന്നതിന് പകരം



എന്തിനാണ് അറേബ്യയിലേക്ക് പോയത്?

പൗലോസിൻെറ കള്ളസാക്ഷ്യങ്ങളും ക്രിസ്തു പഠിപ്പിച്ചതിന് വിരുദ്ധമായി പഠിപ്പിച്ച വ്യാജ സുവിശേഷങ്ങളും തെളിയിക്കുന്നത് ഇതാണ്: യേശു മുന്നറിയിപ്പ് നൽകിയ വ്യാജ ഉപദേഷ്ടാക്കളുടെ ലക്ഷണമാണ് പൗലോസിൽ കാണുന്നത്. 'കള്ള പ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ. അവർ ആടുകളുടെ വേഷം പൂണ്ട് നിങ്ങളുടെ അടുക്കൽ വരുന്നു. അകമേ കടിച്ചുകീറുന്ന ചെന്നായക്കളാകുന്നു.....നല്ല വൃക്ഷം ഒക്കെയും നല്ല ഫലം കായ്ക്കുന്നു. ചീത്ത വൃക്ഷമോ ചീത്ത ഫലവും.....ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം', എന്ന ബൈബിൾ വചനം അനുസ്മരിക്കുക.

ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും മുഹമ്മദ് (സ) ഒരു കള്ള പ്രവാചകനാണെന്ന് ധരിച്ച് വെയ്ക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്യുന്നു. യേശുവിനുശേഷം, യേശുവിൻെറ പ്രവചന പ്രകാരം അദ്ദേഹത്തെ മഹത്വപ്പെടുത്തിക്കൊണ്ട് ദൈവത്തിൻെറ സുവിശേഷം പ്രചരിപ്പിച്ച മുഹമ്മദ് (സ) നബിയോ? അതോ യേശുവിൻെറ സുവിശേഷത്തിനെതിരെ തൻെറ തന്നെ ആശയം പ്രചരിപ്പിക്കുകയും (ഗലാത്തി 3:13) യേശു ശപിക്കപ്പെട്ടവനെന്ന് വരുത്തിതീർത്ത പൗലോസോ? ആരാണ് വ്യാജൻ?. ബുദ്ധിയുള്ളവർ ചിന്തിക്കട്ടെ!

# 6

# ക്രിസ്തു ക്രൂശിക്കപ്പെട്ടുവോ?

**ഖുർആനിൻെറ വീക്ഷണം**

"അല്ലാഹുവിൻെറ ദൂതനായ, മർയമിൻെറ മകൻ മസീഹ് ഈസായെ ഞങ്ങൾ കൊന്നിരിക്കുന്നു എന്നവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു). വാസ്തവത്തിൽ അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടുമില്ല, ക്രൂശിച്ചിട്ടുമില്ല. പക്ഷേ (യാഥാർത്ഥ്യം) അവർക്ക് തിരിച്ചറിയാതെ വരികയാണുണ്ടായത്. തീർച്ചയായും അദ്ദേഹത്തിൻെറ (ഈസായുടെ) കാര്യത്തിൽ ഭിന്നിച്ചവർ അതിനെപ്പറ്റി സംശയത്തിൽ തന്നെയാകുന്നു. ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് ആക്കാര്യത്തെപ്പറ്റി യാതൊരു അറിവുമില്ല. ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല" (4:157).

വി. ഖുർആൻെ പിൻപറ്റിയവർക്ക് യേശുവിൻെറ കുരിശുമരണത്തെ സംബന്ധിച്ച് യാതൊരു സംശയവുമില്ല. അദ്ദേഹത്തെ യഹൂദികൾക്ക് ക്രൂശിക്കാൻ കിട്ടിയിട്ടില്ല:

"എന്നാൽ അദ്ദേഹത്തെ അല്ലാഹു അവങ്കലേക്ക് ഉയർത്തുകയത്രേ ചെയ്തത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (4:158).

ഇന്ന് ലോകത്തിലെ ഏറ്റവും വലിയ മതമായ ക്രിസ്തു മതക്കാർ വിശ്വസിക്കുന്നത് യേശുവിനെ ക്രൂശിക്കുകയും ശേഷം ഉയിർത്തെഴു



ന്നേൽ ചെയ്തു എന്നാണ്. എന്നാൽ ഖുർആൻ പറയുന്നത് ശ്രദ്ധിക്കൂ. ക്രൂശ് മരണത്തെപറ്റിയുള്ള യഥാർത്ഥ വസ്തുത അവർക്ക് തിരിച്ചറിയാതെയാവുകയാണുണ്ടായത്. അവർ പിന്തുടരുന്നത് ഊഹാപോഹങ്ങൾ മാത്രം. അക്കാര്യത്തെപ്പറ്റി അവർക്ക് യാതൊരറിവുമില്ല.

ഖുർആൻ പറയുന്ന എല്ലാ കാര്യങ്ങളും വളരെ കൃത്യമാണ്. എന്തുകൊണ്ടെന്നാൽ ക്രിസ്ത്യാനികളുടെ പുതിയ നിയമം പുസ്തകങ്ങൾ വെച്ചുകൊണ്ട് ഒരിക്കലും യേശുവിൻെറ ക്രൂശീകരണം തെളിയിക്കുക സാധ്യമല്ല. കാരണം അതിൽ പരസ്പര വൈരുദ്ധ്യങ്ങൾ ധാരാളം ഉണ്ടെന്നുള്ളത് തന്നെ. കൂടാതെ അത് ദൈവചനങ്ങളുമല്ല. യേശു ക്രിസ്തുവിനുശേഷം 30 മുതൽ 60 വർഷം കാലയളവിൽ എഴുതപ്പെട്ടതാണ്. യേശു (അ) എന്ന കഥാപാത്രത്തെ ആസ്പദമാക്കി കണ്ടതും കേട്ടതുമായ സംഭവവിവരണങ്ങൾ എഴുതിയിരിക്കുന്നു (ലൂക്കോസ് 1:1-4 നോക്കുക). എഴുതിയവർ ഒരിക്കലും ഇത് ദൈവവചനമാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഈസ (അ) നബിക്ക് ദൈവം ഇഞ്ചീൽ എന്ന ഗ്രന്ഥം അവതരിപ്പിച്ചെന്ന് വി. ഖുർആൻ പറയുന്നു. യേശു ദൈവരാജ്യത്തിൻെറ സുവിശേഷം പ്രസംഗിച്ചെന്ന് മാർക്കോസ് 1:14-16 രേഖപ്പെടുത്തിയിരിക്കുന്നു. യേശു തൻെറ നാലുവർഷക്കാലത്തെ പരസ്യ പ്രബോധനത്തിൽ ഉപദേശിച്ചവ എത്രയധികം ഉണ്ടാകും. എന്നാൽ ഇന്നത്തെ സുവിശേഷങ്ങളിലെല്ലാം കൂടിയുള്ളവ എടുത്താൽ മൂന്നോ നാലോ പേജുകളിൽ ഉൾക്കൊള്ളുന്നവ മാത്രമേ ഉണ്ടാകൂ. സുവിശേഷം എഴുതിയവർ അദ്ദേഹത്തിൻെറ ഉപദേശങ്ങൾ രേഖപ്പെടുത്തുന്നതിനേക്കാൾ പ്രാധാന്യം ചരിത്രസംഭവങ്ങൾക്ക് നൽകി. വിവിധ ദേശങ്ങളിൽ അദ്ദേഹത്തെപ്പറ്റി പ്രചരിച്ചത് വ്യത്യസ്ത തരത്തിലായതിനാൽ വിവിധ ദേശക്കാരായ എഴുത്തുകാരും വ്യത്യസ്ത രീതിയിൽ യേശുവിനെ അവതരിപ്പിച്ചു.

യേശുവിനെ ക്രൂശിച്ചിട്ടില്ലെന്ന് ദൈവം വ്യക്തമാക്കിയ നിലക്ക് അതിൽ നമുക്ക് സംശയമില്ല. അദ്ദേഹത്തെപ്പറ്റി ഭിന്നിച്ചവർ അതിനെപ്പറ്റി സംശയത്തിലാകുന്നു. അവർ ഊഹാപോഹത്തെ പിന്തുടരുന്നു. ഈ ഊഹാപോഹത്തെപ്പറ്റി നമുക്ക് നോക്കാം:

**രക്ഷിക്കപ്പെടുന്നതെങ്ങനെ? ബൈബിളിൻെറ വീക്ഷണം**

യേശുവിനെ മാത്രം പിൻപറ്റി എന്ന നിലക്ക് ഒരു ക്രിസ്ത്യാനിക്ക് ക്രൂശ് മരണം രക്ഷക്കോ ശിക്ഷക്കോ കാരണമാകുന്നില്ല. കാരണം

ക്രിസ്തുവിൻെറ ഉപദേശപ്രകാരം നിലനിൽക്കുക എന്നതാണ് ക്രിസ്ത്യാനിയുടെ ബാധ്യത. യേശുവിൻെറ ഉപദേശ പ്രകാരം സ്വർഗ്ഗം ലഭിക്കാനുള്ള വഴികൾ ഇതാണ്.

1. ഏകദൈവത്തിലും അവൻ അയച്ച യേശുക്രിസ്തുവിലും വിശ്വസിക്കുക (യോഹ 17:3).

ദൈവം ഏകനെന്ന് വിശ്വസിക്കുക. യേശു ദൈവത്തിൻെറ ദൂതനാണെന്നും ദൈവം അയച്ചതാണെന്നും വിശ്വസിക്കുക. പിന്നീട് സൽക്കർമ്മങ്ങളാണ് ചെയ്യേണ്ടത്.

a. കൽപ്പനകൾ പ്രമാണിക്കുക (മത്താ: 19:16).

b. ശിശുക്കളെ പോലെ നിഷ്കളങ്കരാകുക (മത്താ: 18:3, 19:4).

c. നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശൻമാരുടെയും നീതിയെ കവിയുക (മത്ത: 5:20).

d. വീണ്ടും ജനിക്കുക. പാപത്തെപ്പറ്റി ബോധ്യം വന്ന് പശ്ചാത്തപവിവശനായി ദൈവത്തിങ്കലേക്ക് തിരിയുക.

e. സ്വർഗ്ഗസ്ഥനായ പിതാവിൻെറ രാജ്യവും നീതിയും അന്വേഷിക്കുക (മത്താ: 6:33).

f. സ്വർഗ്ഗസ്ഥനായ പിതാവിൻെറ ഇഷ്ടം നിറവേറ്റുക (മത്താ: 7:21).

g. സ്വർഗ്ഗ രാജ്യത്ത് സമ്പാദ്യങ്ങൾ കരുതുക.

h. സർവോപരി നിങ്ങളുടെ പാപങ്ങളും ഉത്തരവാദിത്തങ്ങളും സ്വയം ഏറ്റെടുത്ത് ഞാൻ കാണിച്ച മാർഗത്തിലൂടെ സഞ്ചരിക്കുക. അതായത് കുരിശെടുത്ത് യേശുവിനെ അനുഗമിക്കുക (മത്താ: 10: 39).

i. യേശുവിനെ സ്നേഹിക്കുന്നുവെങ്കിൽ യേശുവിൻെറ വചനങ്ങൾ പ്രമാണിക്കുക (യോഹ: 14:21, 14:23) (യേശു, വരുമെന്ന് പ്രവചിച്ച അന്ത്യ പ്രവാചകനെ പിൻപറ്റുക).

ഇതാണ് യേശുവിൻെറ ഉപദേശപ്രകാരം സ്വർഗ്ഗം ലഭിക്കാനുള്ള മാർഗം. ഈ മാർഗമാണ് ക്രിസ്ത്യാനി അവലംബിക്കേണ്ടത്. പിന്നെ യേശുവിൻെറ കുരിശ് മരണം രക്ഷയായി തീരുന്നത് ആർക്കാണ്? 'ഞാൻ നിങ്ങളുടെ പാപങ്ങൾക്ക് വേണ്ടി മരിക്കാം' എന്ന് യേശു എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ? ഇല്ല. എങ്കിൽ ഈ വ്യാജ ഉപ



ദേശത്തിൻെറ സത്യം ബോധ്യപ്പെടുത്തേണ്ടത് യേശുവിനെ സ്നേഹിക്കുന്നവരുടെ കടമയാണ്. ക്രൂശ് മരണത്തെ തെളിയിക്കേണ്ടത് പൗലോസിൻെറ പിൻഗാമികളുടെ ബാധ്യതയും. യേശുവിനെ ശപിക്കപ്പെട്ടവനായി ചിത്രീകരിക്കേണ്ടത് യഹൂദ റബ്ബിമാരുടെ ആവശ്യമായിരുന്നു. കുരിശിൽ കിടക്കുന്നവൻ ശപിക്കപ്പെട്ടവൻ എന്ന തിരുവെഴുത്ത് അവർക്ക് യേശുവിലൂടെ പ്രാവർത്തികമാക്കണമായിരുന്നു. അങ്ങനെ യേശുവിനെ ദൈവത്താൽ ശപിക്കപ്പെട്ടവൻ എന്ന് തെളിയിക്കുകയായിരുന്നു യഹൂദികളുടെ ആവശ്യം. പക്ഷേ ദൈവം തൻെറ പരിശുദ്ധ ദാസനെ അതിൽ നിന്ന് കാത്തു. എങ്കിലും പിൽക്കാല ജനങ്ങളുടെ മുമ്പിൽ യേശുവിനെ ശപിക്കപ്പെട്ടവനായി അവതരിപ്പിക്കാൻ യഹൂദികൾ നടത്തിയ കുതന്ത്രത്തിൻെറ ഫലമാണ് പൗലോസിൻെറ രംഗപ്രവേശം എന്ന് സംശയിക്കണം. തന്ത്രപൂർവം യേശു ശിഷ്യന്മാരുടെ ഇടയിൽ കയറി യേശുവിൻെറ ഉപദേശങ്ങൾക്ക് വിരുദ്ധമായി ഉപദേശിച്ച് അവരെ നശിപ്പിക്കുക എന്ന ഗൂഢതന്ത്രമാണ് പൗലോസ് നിർവഹിച്ചത്.

'കുരിശ് മരണത്തിലൂടെ രക്ഷ' എന്ന വ്യാജ ഉപദേശം ആദ്യമായി അവതരിപ്പിച്ചത് പൗലോസ് തന്നെയാണ്. ഇന്നുള്ള പുതിയനിയമ ഗ്രന്ഥങ്ങളിൽ സുവിശേഷങ്ങൾക്ക് മുമ്പ് എഴുതപ്പെട്ടതുമായ ഒന്നാം കൊരിന്ത്യർ ലേഖനത്തിലാണ് ആദ്യമായി കുരിശിൻെറ രക്ഷ അവതരിപ്പിക്കുന്നത്. അതിനെപ്പറ്റി പ്രശസ്ത സുവിശേഷകനായ ജോഷ് മാക്ഡവൽ തൻെറ ഇസ്‌ലാം ഡിബേറ്റ് എന്ന ഗ്രന്ഥത്തിൽ പറയുന്നത് നോക്കുക:

"ഏറ്റവും കൂടുതൽ ദൃക്സാക്ഷി വിവരണം സുവിശേഷങ്ങളിൽ കാണുന്നില്ല എന്നത് ശരിയാണ്. അത് നാം കാണുന്നത് അപ്പോസ്തലനായ പൗലോസ് കൊര്യന്തർക്കെഴുതിയ ഒന്നാം ലേഖനം15: 10 അധ്യായത്തിലാണ്. എ.ഡി 55, 56 എന്നീ വർഷങ്ങളിലാണ് അതെഴുതിയത്" (പേജ് 247).

'ക്രിസ്താബ്ദം 56-ാംമാണ്ട് ആരംഭത്തിൽ കൊരിന്ത്യർക്ക് ഈ ഒന്നാമത്തെ ലേഖനമെഴുതിയിരിക്കും' (റവ. എ.സി. ക്ലേയിറ്റൻ പേജ്: 125).

നിലവിലുള്ള സുവിശേഷങ്ങൾക്ക് വളരെ മുമ്പ് എഴുതപ്പെട്ട പൗലോസിൻെറ ലേഖനമാണ് കുരിശ് മരണത്തെ വരച്ചുകാണിക്കു

ന്നത്. ആ കുരിശ് മരണം വഴി രക്ഷ എന്ന ആശയം മുന്നോട്ടുവെച്ചത് പൗലോസായിരുന്നു. അദ്ദേഹം എഴുതുന്നത് നോക്കുക:

'ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം' (I കൊരി 15:14). 'ക്രിസ്തു നിദ്ര കൊണ്ടവരിൽ ആദ്യ ഫലമായി മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർന്നിരിക്കുന്നു. മനുഷ്യൻ മൂലം മരണം ഉണ്ടായാൽ മരിച്ചവരുടെ പുനരുദ്ധാരണവും മനുഷ്യൻ മൂലം ഉണ്ടായി' (I കൊരി 15: 20, 21). (ഈ വചനം മത്തായി 27:82ന് വിപരീതമാണ്).

'പൗലാസ് പറയുകയാണ് യേശുവിൻെറ പുനരുത്ഥാനത്തിന് സാക്ഷികളായി അഞ്ഞൂറിൽപരം ആളുകൾ ഉള്ളതായി ഞാൻ കേട്ടറിഞ്ഞിട്ടുണ്ട്' (ദി ഇസ്‌ലാം ഡിബേറ്റ് പേജ്: 247).

യഹൂദികളും പൗലോസും നടത്തിയ ഗൂഡാലോചന വഴി ക്രിസ്തുവിനെ ശപിക്കപ്പെട്ടവനാക്കാൻ വേണ്ടി അഞ്ഞൂറല്ല, ആയിരത്തിൽ പരം സാക്ഷികളെ പൗലോസിന് ഹാജരാക്കാൻ പറ്റും. ആദ്യകാല സഭയിൽ ഈ വിശ്വാസം കൊണ്ടുവരാൻ പൗലോസ് വളരെയേറെ പണിപ്പെട്ടിട്ടുണ്ട്. ന്യായ പ്രമാണത്താൽ മനുഷ്യൻ നീതീകരിക്കപ്പെടില്ല, മറിച്ച് ക്രിസ്തു മരണത്താലാണ് മനുഷ്യന് രക്ഷ എന്ന തത്വം യഥാർത്ഥ സുവിശേഷം അറിയിച്ച് പോന്നു. അതുകൊണ്ട് തന്നെ പൗലോസും മറ്റ് ശിഷ്യന്മാരും വഴക്കടിച്ചിരുന്നതായി പൗലോസിൻെറ ലേഖനങ്ങളിൽ കാണാം.

പൗലോസിൻെറ സുവിശേഷത്തിനെതിരായി ന്യായപ്രമാണത്തിൽ വിശ്വസിച്ച ഗലാത്തിയിലെ സഭക്കാർക്ക് പൗലോസ് എഴുതുന്നത് കാണുക:

'ഹാ ബുദ്ധിയില്ലാത്ത ഗലാത്യരെ, യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായ് നിങ്ങളുടെ കണ്ണിന് മുമ്പിൽ വരച്ചുകാട്ടിയിരിക്കെ നിങ്ങളെ ക്ഷുദ്രം ചെയ്ത് മയക്കിയതാര്? ഞാൻ ഇതൊന്നുമാത്രം നിങ്ങളോട് ഗ്രഹിപ്പാൻ ഇച്ഛരിക്കുന്നു. നിങ്ങൾക്ക് ആത്മാവ് ലഭിച്ചത് ന്യായപ്രമാണത്തിൻെറ പ്രവൃത്തിയിലോ വിശ്വാസത്തിൻെറ പ്രസംഗം കേട്ടതിനാലോ? നിങ്ങൾ ഇത്ര ബുദ്ധികെട്ടവരോ? ആത്മാവ് കൊണ്ട് ആരംഭിച്ചു. ഇപ്പോൾ ജഡം കൊണ്ടോ സമാപിക്കുന്നത്?.......എന്നാൽ ന്യായപ്രമാണത്തിൻെറ പ്രവൃത്തിയാൽ ആശ്രയിക്കുന്ന ഏവരും ശാപത്തിൻ കീഴിലാകുന്നു.....എന്നാൽ ന്യായപ്രമാണത്താൽ ആരും



ദൈവസന്നിധിയിൽ നീതികരിക്കപ്പെടുന്നില്ല എന്നത് സ്പഷ്ടം' (ഗലാത്തി 3:1-11).

പൗലോസിൻെറ സുവിശേഷത്തിനെതിരെ യഥാത്ഥ്യം പറഞ്ഞ മറ്റ് അപ്പോസ്തലൻമാരെ പൗലോസ് അധിക്ഷേപിക്കുന്നു. 'ഒരുത്തൻ വന്ന് ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ പ്രസംഗിക്കുകയോ നിങ്ങൾക്ക് ലഭിക്കാത്ത വേറൊരു ആത്മാവെങ്കിലും നിങ്ങൾ കൈക്കൊള്ളാത്ത വേറൊരു ആത്മാവെങ്കിലും നിങ്ങൾ കൈക്കൊള്ളാത്ത വേറൊരു സുവിശേഷമെങ്കിലും ലഭിക്കുകയോ ചെയ്യുമ്പോൾ നിങ്ങൾ പൊറുക്കുന്നത് ആശ്ചര്യം. ഞാൻ അതിശ്രേഷ്ഠതയുള്ള അപ്പോസ്തലൻമാരേക്കാൾ ഒട്ടും കുറഞ്ഞവനല്ല എന്ന് നിരൂപിക്കുന്നു' (2 കൊരി 11:4-6).

'എന്നെ നിന്ദിപ്പാൻ കാരണം അന്വേഷിക്കുന്നവർക്ക് കാരണം അറുത്ത് കളയേണ്ടതിന് ഞാൻ ചെയ്യുന്നത് മേലാലും ചെയ്യും. അവർ പ്രസംഗിക്കുന്ന കാര്യത്തിൽ ഞങ്ങളെപോലെ അവരെ കാണട്ടെ. ഇങ്ങനെയുള്ളവർ കള്ള അപ്പോസ്തലൻമാർ, കപടവേലക്കാർ, ക്രിസ്തുവിൻെറ അപ്പോസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രേ. ആരും എന്നെ ബുദ്ധിഹീനൻ എന്ന് വിചാരിക്കരുത്. എന്ന് ഞാൻ പിന്നെയും പറയുന്നു. വിചാരിച്ചാലോ ഞാനും അൽപ്പം പ്രസംഗിക്കേണ്ടതിന് ബുദ്ധിഹീനരെ പോലെയെങ്കിലും എന്നെ കൈക്കൊള്ളുവിൻ........പലരും ജഡ പ്രകാരം പ്രശംസിക്കയാൽ ഞാനും പ്രശംസിക്കും.......അവർ എബ്രായരോ? ഞാനും അതെ. അവർ ഇസ്രായിലരോ? ഞാനും അതെ. അവർ അബ്രാഹമിൻെറ സന്തതിയെ, ഞാനും അതെ. ക്രിസ്തുവിൻെറ ശുശ്രൂഷകരോ. ഞാൻ ബുദ്ധിബ്രഹ്മമായി സംസാരിക്കുന്നു. ഞാൻ അധികം ഞാൻ ഏറ്റവുമധികം അധ്വാനിച്ചു' (2 കൊരി 11:12-24).

## യേശുവിൻെറ നിലപാട്

ക്രിസ്തുവിൻെറ ആഗമനോദ്ദേശ്യം എന്തായിരുന്നുവെന്ന് നാം മനസിലാക്കി. ക്രിസ്തു പഠിപ്പിച്ചതനുസരിച്ച് നോക്കിയാൽ, നമ്മൾ സൂക്ഷ്മ വിശകലനം നടത്തിയാൽ ക്രൂശ് മരണം നടന്നിട്ടില്ല എന്ന് മനസിലാക്കണം. 'പാപം ചെയ്തവൻ ശിക്ഷ അനുഭവിക്കണം' എന്ന ന്യായപ്രമാണ നിയമമനുസരിച്ച് ദൈവം ന്യായം വിധിക്കും. ഓരോ വ്യക്തിയും ചെയ്ത പാപം ന്യായവിധിക്ക് ശേഷം അവർ അനുഭവി

ക്കേണ്ടിവരും എന്ന ക്രിസ്തുവിൻെറ അധ്യാപനവും അനുസരിച്ച് ക്രിസ്തുവിൻെറ ക്രൂശീകരണത്തിന് യാതൊരു പ്രാധാന്യവുമില്ല.

ദൈവദൂഷണ കുറ്റം ചെയ്തവൻ ദൈവത്താൽ ശപിക്കപ്പെട്ടവൻ. ദൈവികനിയമമനുസരിച്ച് അവനെ ക്രൂശിക്കണം (ആവ: 21:22). ക്രൂശിൽ മരിക്കുന്നവൻ ദൈവത്തിൻെറ ശാപം പേറുന്നവൻ. നിങ്ങൾ ചിന്തിക്കുക: യേശുക്രിസ്തു ദൈവിക ശാപം പേറിയവനോ? ഒരിക്കലുമല്ല. എങ്കിൽ പിന്നെ അദ്ദേഹമൊരിക്കലും ക്രൂശിക്കപ്പെടരുത്. യഹൂദികൾ അദ്ദേഹത്തെ ശാപഗ്രസ്ഥനാകാൻ ക്രൂശിൽ കയറ്റി വധിക്കാൻ ഗൂഢാലോചനകൾ നടത്തുന്നു. ആ ക്രൂശിൽ നിന്ന് രക്ഷപ്പെടാൻ ക്രിസ്തു ആഗ്രഹിക്കുകയും അതിനുവേണ്ടി ശ്രമിക്കുകയും ചെയ്യുന്നു.

യേശു അതികഠിനമായ ദുഃഖത്താൽ സാഷ്ടാംഗം ചെയ്തുകൊണ്ട് പ്രാർത്ഥിക്കുന്നു. 'പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീങ്ങിപോകേണമേ' (മത്താ: 26:39). പ്രാണവേദനയാലുള്ള അദ്ദേഹത്തിൻെറ പ്രാർത്ഥന മൂലം വിയർപ്പുകൾ രക്തതുള്ളികളായി മാറി (ലൂക്കാ: 22:44). ഈ പ്രാർത്ഥന ദൈവം കേൾക്കാതിരിക്കുമോ?

ക്രിസ്തു പഠിപ്പിച്ചു: 'യാചിപ്പിൻ നിങ്ങൾക്ക് ലഭിക്കും. മുട്ടുവിൻ തുറക്കപ്പെടും. മകൻ അപ്പം ചോദിച്ചാൽ അവന് കല്ല് കൊടുക്കുന്ന മനുഷ്യർ നിങ്ങളിലുണ്ടോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ നൽകാൻ അറിയുന്നുവെങ്കിൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോട് യാചിക്കുന്നവനോട് എത്രയധികം നൽകും' (മത്താ: 7:7-11).

ഇങ്ങനെ പഠിപ്പിച്ച യേശു തന്നെ യാചിച്ചു. യേശു അന്വേഷിച്ചു, യേശു മുട്ടി. ദൈവത്തിൻെറ പരിശുദ്ധ ദാസൻ ഇങ്ങനെ യാചിക്കുകയും അന്വേഷിക്കുകയും മുട്ടുകയും ചെയ്തിട്ട് ആ പ്രാർത്ഥന ദൈവം കേട്ടില്ലേ? നീതിമാൻെറ പ്രാർത്ഥന ദൈവം കേൾക്കും എന്ന് യാക്കോബ് പറഞ്ഞിരിക്കുന്നു (5:16).

തീർച്ചയായും ദൈവം ആ പ്രാർത്ഥന കേട്ടു. യേശുവിനെ രക്ഷപ്പെടുത്താൻ ദൈവം മാലാഖയെ അയച്ചു (ലൂക്കാ: 22:43). യേശുവിനെ ശക്തിപ്പെടുത്താനാണ് എന്ന് സുവിശേഷകൻ പറഞ്ഞിരിക്കുന്നു. എന്തിന് വേണ്ടി ശക്തിപ്പെടുത്തണം. ക്രൂശീകരണത്തിന്



മുമ്പ് മരിക്കാതെയിരിക്കാനോ? അതോ കുരിശുമരണം കണ്ടുനിൽക്കാനോ? അങ്ങനെ യേശുവിനെ ശക്തിപ്പെടുത്താനാണ് എന്നുള്ള സുവിശേഷകൻെറ വാദം വേദഗ്രന്ഥത്തിന് എതിരാണ്. മാലാഖയെ ദൈവം അയക്കുന്നത് നീതിമാൻമാരെ രക്ഷപ്പെടുത്താനാണ്. ലൂത് നബിയെ (അ) രക്ഷപ്പെടുത്താൻ മാലാഖ വരുകയും ആ ഗ്രാമം നശിപ്പിക്കുന്നതിന് മുമ്പ് ഓടി രക്ഷപ്പെടാൻ അനുവദിക്കുകയും ചെയ്തതായി ഉൽപ്പത്തി പുസ്തകം 19-ാം അധ്യായം പറയുന്നു. തീർച്ചയായും ഇവിടെയും മാലാഖ വന്നത് യേശുവിനെ രക്ഷപ്പെടുത്താൻ തന്നെയാണ്.

## ക്രൂശീകരണവും ബൈബിൾ വൈരുദ്ധ്യവും

'തീർച്ചയായും ഈസയുടെ കാര്യത്തിൽ ഭിന്നിച്ചവർ ഉറപ്പായും അദ്ദേഹത്തെ വധിച്ചിട്ടില്ല, ക്രൂശിച്ചിട്ടുമില്ല. പിന്നെയോ, സംഭവം അവർക്ക് അവ്യക്തമാവുകയത്രെ ഉണ്ടായത്. അദ്ദേഹത്തെക്കുറിച്ച് ഭിന്നാഭിപ്രായമുള്ളവരും സന്ദേഹഗ്രസ്ഥർ തന്നെയാകുന്നു. അവരുടെ പക്കൽ ആ സംഭവത്തെക്കുറിച്ച്, കേവലം ഊഹത്തെ പിന്തുടരുന്നതല്ലാതെ, ഒരറിവുമില്ല. അവർ മസീഹിനെ ഉറപ്പായും വധിച്ചിട്ടില്ല. പ്രത്യുത അദ്ദേഹത്തെ അല്ലാഹു അവങ്കലേക്കുയർത്തിയതാകുന്നു' (വി. ഖുർആൻ: 4:157)

'ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു. യോനാ പ്രവാചകൻെറ അടയാളമല്ലാതെ അതിന് അടയാളം ലഭിക്കില്ല. യോനാ കടലാനയുടെ വയറ്റിൽ മൂന്ന് രാവും മൂന്ന് പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്ന് രാവും മൂന്ന് പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും'. (മത്തായി 12:3,40)

ക്രിസ്തു തൻെറ കുരിശുമരണത്തെക്കുറിച്ച് സൂചിപ്പിക്കുന്ന പ്രവചനമാണിത്. അതിൽ ഒന്നാമതായി പറയുന്നു. മൂന്ന് രാവും മൂന്ന് പകലും ഭൂമിയുടെ ഉള്ളിൽ ആയിരിക്കും. യോനയെ പോലെ. യോന മൂന്ന് രാവും പകലും തിമിംഗലവയറ്റിലായിരുന്നതുപോലെ മനുഷ്യപുത്രനും ആകും. ഈ പ്രവചനം ഫലിച്ചില്ല എന്ന് എല്ലാവർക്കുമറിയാം. കാരണം യേശു ഇരുന്നത് കേവലം രണ്ട് രാത്രിയും ഒരു പകലും മാത്രമായിരുന്നു. വെള്ളിയാഴ്ച രാത്രി കല്ലറയിൽ വെക്കുന്നു. ഞായർ വെളുപ്പിന് ഉയിർക്കുന്നു. വെള്ളിയാഴ്ചയുടെ രാത്രിയും ശനിയുടെ പകലും ശനിയുടെ രാത്രിയും മാത്രം കല്ലറയി

ൽ ഇരിക്കുന്നു. കൂടാതെ യോനയെ പോലെ യേശു ജീവനോടെ ഇരിക്കണം. യോന തിമിംഗലത്തിൻെറ വയറ്റിൽ ജീവനോടെ ഇരുന്നു എന്ന് യോനയുടെ പുസ്തകം പറയുന്നു. യേശുവിൻെറ ഈ പ്രവചനം നേരെങ്കിൽ യേശു മരിച്ചിട്ടില്ല. മരിച്ചാൽ മാത്രമേ ഉയിർക്കേണ്ടതുള്ളൂ. പൗലോസിൻെറ പ്രസ്താവന പോലെ ക്രിസ്തു ഉയിർത്തിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ (I കൊരി 15: 17). അതെ തീർച്ചയായും പൗലോസിയൻ പാപപരിഹാര വിശ്വാസം വ്യർത്ഥമാണ്.

## ക്രൂശീകരണം

യേശു അവളോട് 'എന്നെ തൊടരുത്', ഞാൻ ഇതുവരെ പിതാവിൻെറ അടുക്കൽ കയറിപോയിട്ടില്ല' (യോഹ: 20:17).

ഉയിർപ്പിനുശേഷം യേശു തൻെറ അമ്മയോട് പറയുന്നു: എന്നെ തൊടരുത്. എന്തുകൊണ്ടെന്നാൽ ഞാൻ ഇതുവരെ പിതാവിൻെറ അടുക്കൽ പോയിട്ടില്ല. മരിക്കുന്ന ഒരാളുടെ ആത്മാവിനെ ദൈവം പിടിക്കുന്നു. ദൈവം ആത്മാവിനെ ഒരു വ്യക്തിയിൽ നിന്ന് തിരിച്ചുപിടിക്കുമ്പോൾ മാത്രമാണ് ഒരാൾ മരിക്കുന്നത്. യേശു പറയുന്നതനുസരിച്ച് യേശുവിൻെറ ആത്മാവിനെ ദൈവം പിടിച്ചിട്ടില്ല. അതായത് യേശു ഇതുവരെ മരിച്ചിട്ടില്ല എന്നർത്ഥം.

വിശുദ്ധ ഖുർആൻ പറയുന്നത് എത്ര ശരിയാണ്! നാല് സുവിശേഷകരും രേഖപ്പെടുത്തിയതിൽ വളരെയേറെ വൈരുദ്ധ്യം നിലനിൽക്കുന്നു. ഒരാളെ കൊലപ്പെടുത്തിയ സംഭവത്തെപ്പറ്റി വിവിധതരം വിവരണങ്ങൾ നൽകിയാൽ ലോകത്തെ ഏതൊരു കോടതിയും അത് വ്യാജമെന്ന് പറഞ്ഞ് തള്ളിക്കളയും. ക്രൂശീകരണത്തെപ്പറ്റിയുള്ള പ്രവചനങ്ങളും സംഭവവിശേഷണങ്ങളിലും യാതൊരുവിധ യാഥാർത്ഥ്യവുമില്ല. എല്ലാം കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുന്ന ദൈവത്തിന് മാത്രമാണ് ക്രൂശീകരണത്തെപ്പറ്റി യഥാർത്ഥവിവരം നൽകാൻ കഴിയുക. വി. ഖുർആൻ സ്പഷ്ടമായി പറഞ്ഞിരിക്കുന്നു: 'ഉറപ്പായും അവർ അദ്ദേഹത്തെ കൊലപ്പെടുത്തിയിട്ടില്ല'.



## ക്രൂശീകരണ സംഭവത്തെപ്പറ്റി സുവിശേഷകരുടെ വിവിധ വിവരണങ്ങൾ.

| സംഭവങ്ങൾ | മത്തായി | മാർക്കോസ് | ലൂക്കോസ് | യോഹ |
|---|---|---|---|---|
| ക്രൂശ് വഹിച്ചത് | കുറേനേക്കാരൻ ശീമോനെ നിർബന്ധിച്ചു 27:32 | കുറേനേക്കാരൻ ശീമോൻ നിർബന്ധിച്ചു 15:21 | ശീമോൻ 23:26 | യേശു 19:17 |
| ക്രൂശീകരണ സമയം | | 3 മണി (5:26) | | ആറാം മണി 19:14 |
| കള്ളന്മാരുടെ പ്രതികരണം | 27:44 രണ്ടുപേരും പരിഹസിച്ചു | രണ്ട് പേരും പരിഹസിച്ചു 15:32 | ഒരാൾ പരിഹസിക്കു-കയും മറ്റേയാൾ വിശ്വ-സിക്കുകയും ചെയ്തു 23:41-42 | |
| മരണസമയം എന്ത് പറഞ്ഞു | ഏലീ ഏലീലശാ ശബത്താനീ 27:46 | ഏലീ ഏലീ ലമാ ശബക്കാനീ എൻെറ ദൈവമേ...15:35 | യേശു അത്യുച്ചത്തിൽ നിലവിളിച്ചു. എൻെറ ആത്മാവിനെ നിന്നിൽ ഏൽപ്പിക്കുന്നു 23:46 | എല്ലാം പൂർത്തിയാ-യി 19:30 |
| പ്രകൃതി മാറ്റം | 6-9 വരെ ഇരുട്ടു-ണ്ടായി. മന്ദിരത്തി-ൻെറ തിരശ്ശീല കീറിപോയി. ഭൂമി കുലുങ്ങി, പാറകൾ പിളർന്നു. മരിച്ച വിശുദ്ധർ ഉയിർത്തെഴുന്നേറ്റു. നഗരത്തിൽ പലർക്കും പ്രത്യക്ഷപ്പെട്ടു 27:51 54 | 6-9 വരെ ഇരട്ട് പരന്നു. മന്ദിരത്തിൻെറ തിരശ്ശീല കീറി പോയി 15:36 | ഏകദേശം 6-9 മണി വരെ സൂര്യൻ ഇരുണ്ട് ദേശത്താക്കെ ഇരുട്ട് പരന്നു. മന്ദിരത്തിൻെറ തിരശ്ശീല നടുവെ കീറി 23:44, 45 | പ്രകൃതിക്ക് ഒന്നും സംഭവിച്ചില്ല. ദാഹിക്കുന്ന എന്ന് പറഞ്ഞ് പുളിച്ച വീഞ്ഞ് കുടിക്കുന്നു 19:28. |
| ഉയിർത്ത് ആർക്ക് ആദ്യം പ്രത്യക്ഷപ്പെട്ടു | മഗ്ദലനമറിയത്തിനും മറ്റേ മറിയത്തിനും 28:7 | മഗ്ദലനമറിയത്തിന് മാത്രം പ്രതൽക്ഷമായി 16:10 | രണ്ട് ശിഷ്യന്മാർക്ക് അതിൽ ഒരുവൻ ക്ലെയോപോവ് 24:1-31 | മഗ്ദലകാരത്തി മറിയത്തിന് 20:15 |
| ഉയിർത്ത യേശു എവിടെ പോയി | ഗലീലയിലേക്ക് | ഗലീലയിലേക്ക് | എമ്മാവൂസ് 24:13 | |

**7**

# പാപപരിഹാര സിദ്ധാന്തം: ഒരു വിശകലനം

പൗലോസ് ഇങ്ങനെ പഠിപ്പിക്കുന്നു: മനുഷ്യൻ ജന്മനാൽ പാപിയാണ്. ആദം ചെയ്ത പാപം തലമുറകളായി മനുഷ്യരിൽ നിലനിൽക്കുന്നു (1 കൊരി: 15:22). പാപം നീക്കാൻ യേശു ക്രിസ്തു മരിച്ചു. അങ്ങനെ ആദം മൂലം മരണവും യേശു മൂലം ജീവനും ഉണ്ടായി. പൗലോസ് കൊണ്ടുവന്ന ജന്മപാപസിദ്ധാന്തത്തിലും കുരിശ് മരണ സിദ്ധാന്തത്തിലും ആണ് ക്രൈസ്തവ സഭയുടെ നിലനിൽപ്പ്.

പൗലോസിന്റെ ജന്മപാപസിദ്ധാത്തിന് ന്യായപ്രമാണത്തിന്റെയോ പ്രവാചകഗ്രന്ഥങ്ങളുടെയോ അടിത്തറയില്ല. ആദം ചെയ്ത പാപത്തിന് ദൈവം ശിക്ഷ നൽകിയെന്ന് വേദ പുസ്തകം പറയുന്നു (ഉൽപ്പത്തി 3:15–24). ആദം ചെയ്ത തെറ്റിന് നിഷ്കളങ്കരായ മറ്റ് മനുഷ്യർ അതിന്റെ ശിക്ഷ അനുഭവിക്കുന്നത് ദൈവിക നീതിയാണോ? ഒരിക്കലുമല്ല. ഒരാളുടെ കുറ്റങ്ങൾക്കുള്ള ശിക്ഷ മറ്റൊരാൾ അനുഭവിക്കണ്ട എന്ന് ന്യായപ്രമാണം പറയുന്നു. പ്രവാചകരും പറയുന്നു. 'മക്കൾക്ക് പകരം അപ്പൻമാരും അപ്പൻമാർക്ക് പകരം മക്കളും മരണശിക്ഷ അനുഭവിക്കരുത്. താന്താന്റെ പാപത്തിന് താന്താൻ മരണശിക്ഷ അനുഭവിക്കണം' (ആവർത്തനം 24:16).

'അപ്പൻമാർ പച്ചമുന്തിരിങ്ങാ തിന്ന് മക്കളുടെ പല്ല് പുളിച്ചു എന്ന് അവർ അന്നാളിൽ പറയുകയില്ല. ഓരോരുത്തൻ താന്താന്റെ അകൃത്യം നിമിത്തമത്രേ മരിക്കുന്നത്. പച്ച മുന്തിരിങ്ങ തിന്നവന്റെ പല്ലേ പുളിക്കുകയുള്ളൂ' (യിരമ്യാ 37:29–30). 'എന്നാൽ മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ടതല്ലയോ എന്ന് നിങ്ങൾ ചോദിക്കുന്നു. മകൻ നീതിയും ന്യായപ്രമാണവും പ്രവർത്തിച്ച് എന്റെ ചട്ടങ്ങളെ പ്രമാണിച്ച് നടക്കുന്നു. എങ്കിൽ അവൻ ജീവിച്ചിരിക്കും. പാപം ചെയ്യുന്ന ദേഹിമരിക്കും. മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ട; അപ്പൻ മകന്റെ അകൃത്യം വഹിക്കേണ്ട. നീതിമാന്റെ നീതി അവന്റെ മേലും ദുഷ്ടന്റെ ദുഷ്ടത അവന്റെ മേലും ഇരിക്കും' (എസക്കിയേൽ 18:19–20).

ന്യായപ്രമാണവും പ്രവാചകരും പറഞ്ഞത് എന്തെന്ന് നാം മനസിലാക്കി. ഇനി യേശുക്രിസ്തു എന്താണ് പറഞ്ഞത്, എന്തായിരുന്നു യേശുക്രിസ്തുവിന്റെ ദൗത്യം എന്നിവ പരിശോധിക്കാം:

'യോഹന്നാൻ ബന്ധനസ്ഥനായശേഷം യേശു ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ഗലീലയിലേക്ക് വന്നു. അവൻ പറഞ്ഞു: 'കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിക്കൂ, സുവിശേഷത്തിൽ വിശ്വസിക്കൂ' (മാർക്കോസ് 1:14–15). 'അവൻ അവരോട് പറഞ്ഞു: നമുക്ക് സമീപത്തുള്ള പട്ടണങ്ങളിലേക്ക് പോകാം. ഞാൻ അവിടെയും പ്രസംഗിക്കട്ടെ. കാരണം ഇതിനാണ് ഞാൻ ഇറങ്ങിപുറപ്പെട്ടിരിക്കുന്നത്' (മാർക്കോസ് 1:38).

മുകളിൽ ഉദ്ധരിച്ച യേശുവിന്റെ വചനങ്ങളിൽ നിന്നും നമുക്ക് മനസിലാക്കാം, അദ്ദേഹം പ്രസംഗിച്ചത് ദൈവത്തിന്റെ സുവിശേഷമായിരുന്നെന്നും അതിന് വേണ്ടി മാത്രമാണ് അദ്ദേഹം വന്നിരിക്കുന്നതെന്നും. അദ്ദേഹം എന്തിന്റെ പൂർത്തീകരണത്തിനായിട്ടാണ് കടന്ന് വന്നതെന്ന് യേശു തന്നെ പറയട്ടെ: 'നിയമത്തെയോ പ്രവാചകരെയോ റദ്ദാക്കാനാണ് ഞാൻ വന്നിരിക്കുന്നതെന്ന് നിങ്ങൾ ധരിക്കേണ്ട റദ്ദാക്കാനല്ല, നിറവേറ്റാനാണ് ഞാൻ വന്നിരിക്കുന്നത്' (മത്തായി 5:17).

യഹൂദ റബ്ബിമാർ ന്യായപ്രമാണത്തിൽ ലംഘനം വരുത്തുകയും ദൈവിക നിയമത്തിന് മുകളിൽ തങ്ങളുടെ ആചാരങ്ങളെ അവർ മനുഷ്യർക്ക് പഠിപ്പിക്കുകയും (മത്തായി: 15:5, 6) ചെയ്തു വന്നപ്പോൾ, ദൈവം മോശക്ക് നൽകിയ ന്യായപ്രമാണവും പ്രവാചകഗ്രന്ഥങ്ങ

ളും ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുന്നതിനും ജനങ്ങളുടെ പാപത്തെപ്പറ്റി അവരെ ബോധ്യപ്പെടുത്തുന്നതിനും നരകത്തെപ്പറ്റിയും സ്വർഗ്ഗത്തെപ്പറ്റിയും മുന്നറിയിപ്പ് നൽകുന്നതിനും വേണ്ടിയാണ് യേശുവിനെ ദൈവം നിയോഗിച്ചത്.

യേശു പഠിപ്പിച്ചു: 'ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുവോളം നിയമത്തിൻെറ വള്ളിപുള്ളി വ്യത്യാസം വരികയില്ല. ഈ കൽപ്പനകളിൽ ഏറ്റവും നിസാരമായതൊന്നുപോലും ലംഘിക്കുകയോ ജനങ്ങളെ അതിന് പ്രേരിപ്പിക്കുകയോ ചെയ്താൽ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും നിസാരമായവനായി ഗണിക്കപ്പെടും. അവയിൽ ഒന്ന് ആചരിക്കുകയും അത് ജനങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്നവർ സ്വർഗ്ഗ രാജ്യത്തിൽ വലിയവനെന്ന് വിളിക്കപ്പെടും' (മത്തായി 15:18-20).

ദൈവികനിയമങ്ങൾ ശാശ്വതാണെന്നും അവ അനുഷ്ഠിക്കുന്നവനാണ് നിത്യജീവനുള്ളത് എന്നുമാണ് യേശു പഠിപ്പിച്ചത്. യേശുവിന് ഈ പാപപരിഹാരബലിയെപ്പറ്റി അറിയില്ലായിരുന്നു. അങ്ങനെ അറിയുമായിരുന്നുവെങ്കിൽ യേശു ഇങ്ങനെ ഉപദേശിക്കില്ലായിരുന്നു. ഇനിയും യേശുവിൻെറ അധ്യാപനങ്ങളിലൂടെ നമുക്ക് പോകാം:

'നീ പാപം ചെയ്യാൻ നിൻെറ കൈ കാരണമാകുന്നുവെങ്കിൽ അത് വെട്ടിക്കളയുക. ഇരുകൈകളുമായി നരകത്തിലെ കെടാത്ത തീയിൽ വീഴുന്നതിനേക്കാൾ ഭേദം വികലാംഗനായി ജീവനിൽ പ്രവേശിക്കുന്നതാണ്. നീ പാപം ചെയ്യാൻ നിൻെറ കാൽ കാരണമാകുന്നെങ്കിൽ അത് വെട്ടിക്കളയുക. രണ്ട് കാലുള്ളവനായി നരകത്തിൽ എറിയപ്പെടുന്നതിനേക്കാൾ നല്ലത് മുടന്തനായി ജീവനിൽ പ്രവേശിക്കുന്നതാണ്. നീ പാപം ചെയ്യാൻ നിൻെറ കണ്ണ് കാരണമാകുന്നുവെങ്കിൽ അത് ചുഴ്ന്നെടുത്ത് കളയുക. ഇരുകണ്ണുകളുമായി നരകത്തിൽ എറിയപ്പെടുന്നതിനേക്കാൾ ഭേദം ഒറ്റക്കണ്ണുമായി ദൈവ രാജ്യത്തിൽ പ്രവേശിക്കുന്നതാണ്. ആ നരകത്തിൽ അവരുടെ പുഴുക്കൾ നശിക്കുന്നില്ല, തീ കെടുന്നുമില്ല' (മാർക്കോസ് 9:43-49).

'ഞാൻ നിങ്ങളോട് പറയുന്നു: തങ്ങൾ പറയുന്ന ഓരോ ശ്രദ്ധയില്ലാത്ത വാക്കിനും ന്യായവിധി ദിവസത്തിൽ മനുഷ്യൻ കണക്ക് പറയേണ്ടിവരും. നിൻെറ വാക്കുകളാൽ നീ നീതീകരിക്കപ്പെടും. നിൻെറ വാക്കുകളാൽ നീ ശിക്ഷിക്കപ്പെടും' (മത്തായി 12:30-37).

'നന്മ ചെയ്തിട്ടുള്ളവർ ജീവൻെറ ഉയിർപ്പിനും തിന്മ ചെയ്തിട്ടുള്ളവർ ശിക്ഷാവിധിയുടെ ഉയിർപ്പിനുമായി പുറത്തുവരും' (യോഹ 5:29).



'മനുഷ്യൻ ചെയ്യുന്ന പാപങ്ങൾക്ക് അവൻ തന്നെ ശിക്ഷ അനുഭവിക്കേണ്ടിവരും' എന്ന് തന്നെയാണ് യേശുക്രിസ്തുവും പഠിപ്പിച്ചത്. അതുപോലെ ജന്മപാപസിദ്ധാന്തത്തെപ്പറ്റിയും യേശുവിന് അറിയില്ലായിരുന്നു. പൗലോസ് രൂപം നൽകിയതും പൗലോസിൻെറ പിൻഗാമികൾ വളർത്തിക്കൊണ്ട് വന്നതുമായ 'ജന്മപാപസിദ്ധാന്തം' ഉടലെടുത്തത് തന്നെ യേശുവിൻെറ വിടവാങ്ങലിന് ശേഷമായിരുന്നല്ലോ. ശിശുക്കൾ പരിശുദ്ധരാണെന്നാണ് ക്രിസ്തു പഠിപ്പിച്ചത്. ക്രിസ്തുവിൻെറ ചില വചനങ്ങൾ പരിശോധിക്കാം: 'സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നു: നിങ്ങൾ മനഃപരിവർത്തനം വന്ന് ശിശുക്കളെപോലെ ആകുന്നില്ലെങ്കിൽ ഒരിക്കലും സ്വർഗ്ഗ രാജ്യത്തിൽ പ്രവേശിക്കുകയില്ല' (മത്തായി 18:3, മാർക്കോസ് 9:33-37, ലൂക്കോസ് 9:46).

'ശിശുക്കൾ എൻെറ അടുക്കൽ വരട്ടെ അവരെ തടയരുത്. സ്വർഗ രാജ്യം ഇവരെ പോലെയുള്ളവർക്കാകുന്നു' (മത്തായി 19:13, മാർക്കോസ് 10:13-16).

സർവോപരി യേശു പഠിപ്പിച്ചത് നിങ്ങൾ നിങ്ങളുടെ കുരിശെടുത്ത് എന്നെ അനുഗമിക്കുക (മത്തായി 10:34) എന്നാണ്. നിങ്ങളുടെ പാപങ്ങളും ചുമതലകളും നിങ്ങൾ വഹിക്കണം എന്ന് തന്നെയാണ് യേശു പഠിപ്പിച്ചത്.

മോശയിലൂടെ അവതരിച്ച പഞ്ചഗ്രന്ഥം മാത്രം വിശുദ്ധ ഗ്രന്ഥമെന്ന് കരുതിപോരുന്ന യഹൂദരും മനുഷ്യൻ വിശുദ്ധനെന്ന് വിശ്വസിക്കുന്നു. മനുഷ്യൻ പാപിയല്ല. വിശുദ്ധൻ ആകുന്നു എന്ന അറിവ് തൗറാത്ത് നൽകുന്നു: 'വിശുദ്ധരാകുവിൻ എന്തെന്നാൽനിങ്ങ ളുടെ ശക്തി സ്വരൂപനായ ഞാൻ ശാശ്വതൻ വിശുദ്ധനാകുന്നു'-ലേവ്യർ 19:2).

ദൈവം മോശക്ക് നൽകിയ ഗ്രന്ഥത്തിന് പേര് നൽകിയത് 'തൗറാത്ത്' എന്നായിരുന്നു. ജൂതന്മാർ ഇപ്പോഴും ആ പേര് ഉപയോഗിക്കുന്നു.

ക്രിസ്തുവിൽ വിശ്വസിച്ച സമൂഹത്തെ തകർക്കുന്നതിനായി ഇറങ്ങിതിരിച്ച സാവൂൾ (പൗലോസ്) 'പീഢനം കൊണ്ട് മാത്രം ക്രിസ്തു സമൂഹത്തെ തകർക്കാൻ പറ്റില്ലെന്ന് മനസ്സിലാക്കിയപ്പോൾ, യേശുവി

നെ ശപിക്കപ്പെട്ടവനാക്കാൻ ഗൂഢതന്ത്രം മെനഞ്ഞു. അഭ്യസ്തവിദ്യനും ഗ്രീക്ക്, റോമാ എന്നീ ജാതിക്കാരുടെ വിശ്വാസങ്ങളെ അടുത്തറിഞ്ഞ പൗലോസ്, അവരുടെ വിശ്വാസ പ്രകാരം, ലോകത്തിൻെറ പാപങ്ങൾ മുഴുവൻ തൻെറ രക്തം കൊണ്ട് കഴുകികളഞ്ഞവരെപ്പറ്റി മനസ്സിലാക്കി. ഐസിസ്, സിയൂസിലൂടെ ജന്മം കൊണ്ട് ദൈവപുത്രനും പരിശുദ്ധാത്മാവുമായി ഗ്രീക്കുകാരും റോമാക്കാരും വിശ്വസിച്ചിരുന്ന ഹെർക്കുലീസ്, മോക്ഷകനും ദൈവപുത്രനുമെന്ന് സ്കാൻറീവേയർ വിശ്വസിച്ചിരുന്ന കന്യാകാപുത്രനായ ബാൾഡർ, മനുഷ്യൻെറ പാപങ്ങൾ കഴുകാനും ദുരിതങ്ങളകറ്റാനും ആഗതനായ ദൈവപുത്രനെന്ന് ഫ്രീജിയർ വിശ്വസിച്ചിരുന്ന അത്തീസ്, തത്തുല്യനായി സിറിയക്കാർ വിശ്വസിച്ചിരുന്ന അഡോണീസ്. ഈ വിശ്വാസങ്ങളെപ്പറ്റി നല്ലപോലെ അറിഞ്ഞിരുന്ന പൗലോസ് അതിനു വേണ്ടി അറേബ്യയിലേക്ക് പോവുകയും മൂന്ന് വർഷത്തോളം താമസിക്കുകയും തൻെറ ആശയങ്ങൾക്ക് രൂപം നൽകുകയും ചെയ്തു (ഗലാത്തി 1:17-18).

പൗലോസിൻെറ ആശയത്തിൽ വിജയിച്ചതും യേശുവിനെ ശപിക്കപ്പെട്ടവനാക്കുക എന്നതും യേശു പ്രസംഗിച്ച സുവിശേഷത്തെ നശിപ്പിക്കുക എന്നതുമായിരുന്നു.

ഇതിനായി പൗലോസ് മെനഞ്ഞെടുത്ത ആശയങ്ങളും അവതരിപ്പിച്ച രീതികളും വളരെ മനോഹരങ്ങളാണ്. യേശു ക്രിസ്തുവിൻെറ പ്രവചനം വളരെ കൃത്യമായി പൗലോസിൻെറ കാര്യത്തിൽ നിറവേറുന്നു. ''ആടിൻ തോലണിഞ്ഞ ചെന്നായ നിങ്ങൾക്കിടയിൽ കടക്കും....ഫലം കൊണ്ട് തിരിച്ചറിയണം" (മത്തായി 7:15-21). പൗലോസിൻെറ ആശയത്തിലൂടെ അദ്ദേഹത്തിൻെറ ആത്മാർത്ഥത അപഗ്രഥിക്കാം:

പൗലോസ് പ്രസംഗിച്ച സുവിശേഷത്തിനായി ക്രിസ്തുവിൻെറ യഥാർത്ഥ ശിഷ്യന്മാർ ക്രിസ്തു പഠിപ്പിച്ച യഥാർത്ഥ ദൈവരാജ്യത്തിൻെറ സുവിശേഷം പ്രചരിപ്പിച്ച് വന്നു. തൻെറ ആശയങ്ങളാണ് സത്യം എന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ പൗലോസ് പറയുന്നത് നോക്കുക: "ക്രിസ്തുവിൻെറ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ട് നിങ്ങൾ ഇത്ര വേഗത്തിൽ വേറൊരു സുവിശേഷത്തിലേക്ക് മറിയുന്നതുകൊണ്ട് ഞാൻ ആശ്ചര്യപ്പെടുന്നു. അത് വേറൊരു സുവിശേഷം എന്നല്ല ചിലർ നിങ്ങൾ കലക്കി ക്രിസ്തുവിൻെറ സുവി



ശേഷം മറിച്ചുകളയുവാൻ ഇച്ഛിക്കുന്നു എന്നത്രേ. എന്നാൽ ഞങ്ങൾ നിങ്ങളോട് അറിയിച്ചതിന് വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതനാകട്ടെ നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ. ഞങ്ങൾ മുൻപറഞ്ഞതുപോലെ ഞാൻ ഇപ്പോൾ പിന്നെയും പറയുന്നു. നിങ്ങൾ കൈക്കൊണ്ട സുവിശേഷത്തിന് വിപരീതമായി ആരെങ്കിലും "നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ" (ഗലാത്തി 1:6-10). ഇവിടെ പൗലോസ് പറയുന്നത് ശ്രദ്ധിക്കുക. അദ്ദേഹം പറഞ്ഞതിന് വിരോധിയായി ആര് പറഞ്ഞാലും കേൾക്കരുത്. അത് കള്ളം പറയാത്ത ദൈവത്തെ കണ്ടുകൊണ്ടിരിക്കുന്ന ദൈവദൂതനായാലും ശരി. ആ ദൈവദൂതനെ പോലും വിശ്വസിക്കരുത്. ക്രിസ്തുവിൻെറ സുവിശേഷം നശിപ്പിക്കാൻ വേണ്ടിയത്രെ പൗലോസ് ഇത് പറയുന്നത്.

ക്രിസ്തുവിൻെറ മരണം യാഥാർത്ഥ്യമാക്കിത്തീർത്ത് പാപപരിഹാരത്തിനാണ് എന്ന വിജാതിയ വിശ്വാസത്തെ അവതരിപ്പിക്കുക എന്നതായിരുന്നു പൗലോസിൻെറ തന്ത്രം. അതുവഴി പല നേട്ടങ്ങളും അദ്ദേഹം കണക്കുകൂട്ടിയിരുന്നു. ക്രൂശ് മരണത്തെ യാഥാർത്ഥ്യമാക്കാൻ ഗലാത്യർക്ക് എഴുതുന്നത് നോക്കുക:

'ഹാ ബുദ്ധിയില്ലാത്ത ഗലാത്യരെ, യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി നിങ്ങളുടെ കണ്ണിന് മുമ്പിൽ വരച്ച് കാട്ടിയിരിക്കെ നിങ്ങളെ ക്ഷുദ്രം ചെയ്ത് മയക്കിയത് ആര്?' (ഗലാത്തി 3:1-2).

പൗലോസിൻെറ ക്രൂശീകരണ സിദ്ധാന്തത്തിനെതിരെ ക്രിസ്തുശിഷ്യന്മാർ യഥാർത്ഥ സുവിശേഷം പ്രസംഗിച്ചുവന്നു എന്നതിന് ഈ വചനം തന്നെ തെളിവാണ്. തന്നെയുമല്ല ആദ്യകാലസഭയിൽ ധാരാളം സുവിശേഷങ്ങളുണ്ടായിരുന്നുതാനും.

യേശുവിനെ ശപിക്കപ്പെട്ടവനാക്കിക്കൊണ്ട് പൗലോസ് എഴുതുന്നത് കാണുക: 'മരത്തിൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്ക് വേണ്ടി ശാപമായി തീർന്നു. ന്യായപ്രമാണത്തിൻെറ ശാപത്തിൽ നിന്ന് നമ്മെ വിലക്ക് വാങ്ങി' (ഗലാത്തി 3:13).

ഈ വചനത്തിലൂടെ പൗലോസ് യേശുവിനെ ശപിക്കപ്പെട്ടവനാക്കുകയും ന്യായപ്രമാണത്തെ ശാപഗ്രസ്ഥമാക്കുകയും ചെയ്തു. യഹൂദ സമുദായത്തിന് നിത്യജീവനെ ലഭിക്കുവാൻ വേണ്ടി മോശ

വഴി ഇറക്കിയ ന്യായപ്രമാണവും പൗലോസ് ശപിക്കപ്പെട്ടതും അപ്രായോഗികവും ആക്കി മാറ്റുന്നത് കാണുക:

"എന്നാൽ ന്യായപ്രമാണത്തിൻെറ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവരും ശാപത്തിൻ കീഴിലാകുന്നു" (ഗലാത്തി 2:10). 'ന്യായപ്രമാണത്തിൻെറ പ്രവൃത്തികളിൽ ഒരു യുഢവും ന്യായീകരിക്കപ്പെടുന്നില്ലല്ലോ' (ഗലാത്തി 2:16). 'ജീവിപ്പാൻ കഴിയാന്നൊരു ന്യായപ്രമാണം നൽകിയിരുന്നുവെങ്കിൽ ന്യായപ്രമാണം വാസ്തവമായി നീതിക്ക് ആധാരമാകുമായിരുന്നു' (ഗലാത്തി 3:21). 'ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന നിങ്ങൾ ക്രിസ്തുവിനോട് വേർപ്പെട്ടുപോയി' (ഗലാത്തി 5:4).

പൗലോസിൻെറ ഈ വചനങ്ങളത്രയും ദൈവത്തിൻെറ സുവിശേഷത്തിനെതിരാണ്. ക്രിസ്തു പഠിപ്പിച്ചു: "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുവോളം എല്ലാം നിറവേറ്റുവോളം നിയമത്തിൻെറ വള്ളിക്കോ പുള്ളിക്കോ വിശ്വാസം വരുകയില്ല" (മത്തായി: 5:18). നിത്യജീവൻ പ്രാപിക്കാൻ ന്യായപ്രമാണം പാലിക്കണം എന്ന് തന്നെയാണ് ക്രിസ്തു പഠിപ്പിച്ചത് (മത്തായി 19:16-17).

മനുഷ്യരെല്ലാം പാപികളാണെന്ന് പൗലോസ് പറയുന്നത് നോക്കുക: 'ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു' (റോമ 5:12). 'ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്ത് ദൈവതേജസ് ഇല്ലാത്തവരായിതീർന്നു' (റോമ 4:23). 'ഏക മനുഷ്യൻെറ അനുസരണക്കേടിനാൽ അനേകർ പാപികളായതു പോലെ ഏകൻെറ അനുസരണത്താൽ അനേകർ നീതിമാൻമാരായി തീരും' (റോമ: 5:19).

ആദം ചെയ്ത പാപം തലമുറതലമുറയായി എല്ലാ മനുഷ്യരിലേക്കും പകർന്ന് വരുന്നെന്ന് പൗലോസ് പഠിപ്പിക്കുന്നു. അങ്ങനെ ജീവിക്കുന്ന കുട്ടികളെയെല്ലാം തന്നെ പാപികളായി മാറ്റിക്കൊണ്ട് ജന്മപാപ സിദ്ധാന്തം വിജയിപ്പിച്ചെടുത്തു. ജന്മപാപം ഉള്ള മനുഷ്യൻെറ പാപം കളയാൻ പാപം ചെയ്യാത്ത ഒരു മനുഷ്യനെ പൗലോസിന് ആവശ്യമായി തീർന്നു. എന്നാൽ മാത്രമേ വിജാതീയ വിശ്വാസ പ്രകാരമുള്ള ഒരു മതത്തെ പൂർണ്ണമാക്കാൻ കഴിയൂ. അതിനുവേണ്ടി യേശുവിനെ പാപരഹിതനായി ജനിച്ച ദൈവതുല്യനും ദൈവപുത്രനുമാക്കി മാറ്റണം. പക്ഷേ യഹൂദവിശ്വാസ പ്രകാരമുള്ള ഏകദൈവ വിശ്വാസം നിലനിൽക്കുകയും വേണം. അതിനുവേണ്ടി



ക്രിസ്തുവിനെ ഏകദൈവത്തിലുള്ള ഒരു ശക്തിയായി പൗലോസ് അവതരിപ്പിക്കുന്നു. തനിക്ക് വെളിപാട് ഉണ്ടായെന്ന് അവകാശപ്പെട്ട പൗലോസ് അതിൻെറ ആദ്യപടിയായി ക്രിസ്തുവിനെ ദൈവപുത്രനാക്കി മാറ്റുന്നു. പിന്നീട് ദൈവത്തിന് സമത്വമുള്ളവനുമാക്കുന്നു.

'യേശു തന്നെ ദൈവപുത്രൻ എന്ന് പള്ളികളിൽ പ്രസംഗിച്ചു' (അപ്പോസ്തല പ്രവൃത്തി: 9:20). 'ദൈവം തൻെറ പുത്രനെ പാപജഡത്തിൻെറ സദൃശ്യത്തിലും പാപനിമിത്തവും അയച്ചു' (റോമ: 8:3). 'എന്നാൽ കാല സമ്പൂർണ്ണത വന്നപ്പോൾ ദൈവം തൻെറ പുത്രനെ സ്ത്രീയിൽ നിന്ന് ജനിച്ചവനായി ന്യായപ്രമാണത്തിൻകീഴ് ജനിച്ചവനായി നിയോഗിച്ചു' (ഗലാത്തി 4:4). 'അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെപിടിച്ച് കൊള്ളണമെന്ന് വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യസദൃശ്യനായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി തിളങ്ങി' (ഫിലിപ്പി 2: 6-7). 'അവനിലല്ലോ ദൈവത്തിൻെറ സർവസമ്പൂർണതയും ദേഹരൂപത്തിൽ വസിക്കുന്നത്' (കോളോസിയർ 2:9).

യേശുവിനെ ദൈവാവതാരമാക്കി മാറ്റിയ പൗലോസ് യേശു ഒഴികെ എല്ലാവരും പാപികളാണെന്നും പാപം ചെയ്യാത്ത ദൈവപുത്രൻ മനുഷ്യരുടെ പാപത്തിന് പാപപരിഹാര ബലിയായി തീർന്നുവെന്നും പ്രചരിപ്പിച്ചു. അങ്ങനെ കുരിശ് മരണത്തിലൂടെ രക്ഷ എന്ന ആശയം മുന്നോട്ടുവെക്കുന്നു:

'ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്ത് ദൈവ തേജസ് ഇല്ലാത്തവരായി തീർന്നു. അവൻെറ കൃപയാൽ ക്രിസ്തു യേശുവിങ്കലെ വീണ്ടെടുപ്പ് മൂലം സൗജന്യമായത്രേ നീതികരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്ക് അവൻ തൻെറ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു' (റോമ: 3:23-25). 'അവനിൽ നമുക്ക് അവൻെറ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പുണ്ട്' (എഫേസ്യർ 1:7).

പൗലോസ് മുന്നോട്ടുവെച്ച ഈ ആശയങ്ങൾ അതായത് വിജാതിയരുടെ വിശ്വാസവും ക്രിസ്തുവിൻെറ ക്രൂശീകരണമായി ബന്ധപ്പെടുത്തി അവതരിപ്പിച്ചെടുത്ത ആശയം വിശ്വാസയോഗ്യമാകണമെങ്കിൽ ഇതെല്ലാം ദൈവത്തിൽ നിന്ന് ലഭിച്ചതാണെന്ന് അറി

യിക്കണം. അതിന് പൗലോസ് പറയുന്നത് ശ്രദ്ധിക്കുക: 'പൗലോസ് എന്ന ഞാൻ ജാതികളായ നിങ്ങൾക്ക് വേണ്ടി ക്രിസ്തു യേശുവിൻെറ ബന്ധനായിരിക്കുന്നു. നിങ്ങൾക്കായി എനിക്ക് ലഭിച്ച ദൈവകൃപയുടെ വ്യവസ്ഥയെക്കുറിച്ച് ഞാൻ മീതെ ചുരുക്കത്തിൽ എഴുതിയതുപോലെ വെളിപാടിനാൽ എനിക്ക് ഒരു മർമ്മം അറിയായ് വന്നു എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ! നിങ്ങൾ അത് വായിച്ചാൽ ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മത്തിൽ എനിക്കുള്ള ബോധം നിങ്ങൾക്ക് ഗ്രഹിക്കാം. സകല വിശുദ്ധരിലും ഏറ്റവും ചെറിയവനായ എനിക്ക്' (എഫേസ്യർ 3:3). 'ജാതികളോട് ക്രിസ്തുവിൻെറ......സകലവും സൃഷ്ടിച്ച ദൈവത്തിൻ അനാദികാലം മുതൽ മറഞ്ഞുകിടന്ന മർമ്മത്തിൻെറ വ്യവസ്ഥ ഇന്നതെന്ന് എല്ലാവർക്കും പ്രകാശിപ്പാനുമായി ഈ കൃപ നൽകിയിരിക്കുന്നു' (എഫേസ്യർ 3:9).

പൗലോസിൻെറ കെണിയിൽ യഥാർത്ഥ വിശ്വാസികളൊന്നും വീണില്ല. അതുകൊണ്ട് തന്നെ പൗലോസ് തൻെറ ആശയം വിജയിച്ചെടുക്കാൻ ജാതികളിലേക്ക് തിരിഞ്ഞു (ഗലാത്തി 2:8). സൂര്യാരാധകരും ബിംബാരാധകരുമായ ജാതികൾ പൗലോസിൻെറ ആശയത്തിൽ പെട്ടെന്ന് ആകൃഷ്ടരാവുകയും അവരുടെ എണ്ണം യഥാർത്ഥ ക്രിസ്തുവിൻെറ അനുയായികളിലധികമായി മാറുകയും ചെയ്തു. അതുകൊണ്ട് തന്നെ ആദ്യകാല സഭയിൽ ക്രിസ്തുവിൻെറ ദിവ്യത്വത്തെപ്പറ്റി പരസ്പരം കലഹങ്ങൾ നടന്നുകൊണ്ടിരുന്നു. ഈ കലഹത്തിൻെറ ഒത്തുതീർപ്പിന് വേണ്ടി എ.ഡി 325ൽ നിഖ്യാ സുന്നഹോദോസ് കൂടിയ കാര്യം പ്രസിദ്ധമാണ്. അവിടെ വെച്ച് ക്രിസ്തുവിൻെറ ദിവ്യത്വം പ്രഖ്യാപിക്കുകയും അത് നിരാകരിച്ച യഥാർത്ഥ ക്രിസ്ത്യാനികളെ നാട് കടത്തുകയും ചെയ്തു.

യഥാർത്ഥ ക്രിസ്തുസുവിശേഷം തലമുറതലമുറയായി പകർന്നു കിട്ടിയ വിശ്വാസസമൂഹം ഒരു അന്ത്യപ്രവാചകനെ പ്രതീക്ഷിച്ച് കൊണ്ടിരുന്നു. അങ്ങനെ ആ പ്രവാചകൻ സമാഗതനായപ്പോൾ യഥാർത്ഥ ഏകദൈവവിശ്വാസസമൂഹം അദ്ദേഹത്തെ പിൻപറ്റുകയും മുസ്‌ലിംകളെന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. പൗലോസിൻെറ പാപപരിഹാരസിദ്ധാന്തത്തിൽ വിശ്വസിച്ചുവരുന്ന പൗലോസിയർ മുഹമ്മദ് നബി (സ)യിൽ അവിശ്വസിക്കുകയും പൗലോസിയ മതത്തിൽ ഉറച്ചുനിൽക്കുകയും ചെയ്തുവരുന്നു.

യേശു ക്രിസ്തുവിൻെറ പ്രവചനങ്ങളാണ് മത്തായി: 7:15ലും 7:



22, 23ലും ഉള്ളത്. യേശുവിൻെറ ഈ രണ്ട് പ്രവചനങ്ങളും സംഭവിച്ച് കഴിഞ്ഞു. ലോക ജനസംഖ്യയിൽ പകുതിയോളം ജനങ്ങൾ യേശു ദൈവമെന്നും ദൈവ പുത്രനെന്നും വിശ്വസിക്കുന്നു. കൂടാതെ യേശു പഠിപ്പിച്ച രക്ഷയുടെ മാർഗ്ഗം പാടെ അവഗണിച്ചുകൊണ്ട് (നോക്കുക: മത്തായി: 19:76, 18:3, 19:4, 5:20, 7:1, 6:33, 10:39, 7:21, യോഹ: 17:3). പൗലോസ് കൊണ്ടുവന്ന പാപപരിഹാര സിദ്ധാന്തം എന്ന സാത്താൻെറ സുവിശേഷത്തിൽ ജനം വിശ്വസിച്ചുവരുന്നു. പൗലോസിൻെറ ഈ ആശയം പ്രചരിപ്പിക്കുന്നവർ ഓർക്കുക: നിങ്ങൾ സാത്താൻെറ ദൂതൻെറ ജോലിയാണ് വഹിക്കുന്നത്. നിങ്ങളുടെ നേതാവ് പൗലോസിനും കൂട്ട് സാത്താൻെറ ഒരു ദൂതൻ തന്നെയായിരുന്നു.

"വെളിപാടുകളുടെ സമൃദ്ധിയിൽ അഹങ്കരിക്കാതിരിക്കാൻ എൻെറ ശരീരത്തിൽ മുള്ള് വെച്ചിരിക്കുന്നു. ഞാൻ നിഗളിക്കാതിരിക്കാൻ എന്നെ പീഡിപ്പിക്കുന്നതിന് സാത്താൻെറ ഒരു ദൂതൻ" (II കൊരിന്ത്യർ 12:7-8). ദൈവം സത്യനിഷേധികളിൽ മാത്രമാണ് പിശാചിനെ കൂട്ടുകാരനാക്കി വെക്കുന്നത്. ദൈവം വി. ഖുർആനിലൂടെ പറയുന്നു: 'സത്യനിഷേധികളുടെ നേർക്ക് അവരെ ശക്തിയായ ഇളക്കിവിടാൻ വേണ്ടി നാം പിശാചുകളെ അയച്ചുവിട്ടിരിക്കുകയാണെന്ന് നീ കണ്ടില്ലേ". 'അതിനാൽ അവരുടെ കാര്യത്തിൽ നീ തിടുക്കം കാണിക്കേണ്ട. അവർക്കായി നാം (നാളുകൾ) എണ്ണി എണ്ണി കൊണ്ടിരിക്കുക മാത്രമാകുന്നു' (19:82, 83).

വിശുദ്ധ ഖുർആനിൻെറ ഈ വചനത്തിൽ നിന്ന് പൗലോസ് ഒരു സത്യനിഷേധിയായിരുന്നെന്ന് മനസിലാക്കാം. എൻെറ പ്രിയ ക്രൈസ്തവ സഹോദരൻമാരെ, നിങ്ങൾ പൗലോസിനെ വിട്ട് യേശുവിനെ പിൻപറ്റുക. കാരണം യേശുവിൻെറ വചനങ്ങൾ കേട്ടനുസരിച്ച മനുഷ്യൻ പാറപ്പുറത്ത് വീട് പണിത ബുദ്ധിമാനായ മനുഷ്യന് തുല്യൻ. അതെ നിങ്ങൾ ചിന്തിക്കുന്നവരാണെങ്കിൽ യേശുവിനെയും യേശു മുന്നോട്ടുവെച്ച ദൈവത്തിൻെറ സുവിശേഷത്തെപ്പറ്റിയും ബോധവാൻമാരാകുക.

യേശുവിനെ പിൻപറ്റുക. അദ്ദേഹം നിർദ്ദേശിച്ചത് പ്രകാരം മുഹമ്മദി (സ)നെ പിൻപറ്റുക. സൻമാർഗം പ്രാപിക്കാൻ വിശുദ്ധ ഖുർആനെ പിൻപറ്റുക. ആരാധനകളും പ്രാർത്ഥനകളും ദൈവസമക്ഷം മാത്രം സമർപ്പിക്കുക, നിങ്ങൾ വിജയിച്ചേക്കാം.

# 8

# യഥാർത്ഥാന്വേഷണം

വിശുദ്ധ ഖുർആൻ ആദ്യാവസാനമുള്ള വായനക്ക് ശേഷം നമുക്ക് ബൈബിളുമായി വളരെ സാമ്യം കണ്ടെത്താൻ കഴിയുമെങ്കിലും മനു ഷ്യന്റെ രക്ഷയെപ്പറ്റി മുന്നോട്ടുവെച്ച ആശയങ്ങളിൽ വളരെ വലിയ വ്യത്യാസമാണ് കാണുന്നത്. ബൈബിളിൽ പുതിയ നിയമത്തിൽ ഏറ്റവുമധികം ലേഖനങ്ങളെഴുതിയ പൗലോസ് ക്രിസ്തു പഠിപ്പിച്ചതിന് വിരുദ്ധമായിട്ടാണ് പറഞ്ഞിട്ടുള്ള്ത്. ഇത് നാം മുൻ അധ്യായങ്ങളിൽ കണ്ടുവല്ലോ? ദൈവിക സ്രോതസിൽ നിന്നും വന്നതും പൂർണമായും കലർപ്പില്ലാതെയും നിലനിൽക്കുന്നതുമായ വേദം ഏതെന്ന് നമുക്ക് പരിശോധിക്കാം:

1. വൈരുദ്ധ്യങ്ങൾ: ദൈവത്തിന് തെറ്റുകൾ സംഭവിക്കുമോ? ഈ ചോദ്യം വിഗ്രഹങ്ങളെ പൂജിക്കുന്നവരോട് ചോദിക്കുക. തീർച്ചയായും അവർ പറയും ഇല്ലെന്ന്. പുണ്യാത്മാക്കളെയും പ്രകൃത്യാശക്തികളെയും ആരാധിക്കുന്നവരോട് ചോദിക്കുക. അവരും പറയും ഇല്ലെന്ന്. ഇനി ഒരു യഥാർത്ഥ ഏകദൈവ വിശ്വാസിയോട് ചോദിക്കുക. അവരും പറയും ദൈവത്തിന് തെറ്റുപറ്റില്ല. തീർച്ചയായും ദൈവം ത്രികാലജ്ഞാനിയാണ്. എങ്കിൽ ആ ദൈവം മനുഷ്യരുടെ മാർഗദർശനത്തിനായി നൽകിയ ഗ്രന്ഥത്തിൽ തെറ്റുകളോ, വൈരുദ്ധ്യങ്ങളോ ഉണ്ടാകുമോ. ഉണ്ടാകാൻ പാടില്ല. അപ്പോൾ യഥാർത്ഥ ദൈവികഗ്രന്ഥത്തിൽ വൈരുദ്ധ്യങ്ങൾ പാടില്ല. അഥവാ ഉണ്ടായാൽ അത് മനുഷ്യന്റെ കൈകടത്തലുകൾകൊണ്ട് ഉണ്ടായതാവണം.



ബൈബിൾ പൂർണമായും ദൈവികമെന്ന് ക്രിസ്ത്യാനികൾ അവകാശപ്പെടുന്നു. വിശുദ്ധ ഖുർആൻ ദൈവികമെന്ന് മുസ്ലിംകളും അവകാശപ്പെടുന്നു.

**<u>ബൈബിൾ വൈരുദ്ധ്യങ്ങൾ</u>**

(1). നാനൂറോ നാനൂറ്റി മുപ്പതോ?

‘നിന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്ത് നാനൂറ് സംവൽസരം പ്രവാസികളായിരുന്ന് ആ ദേശക്കാരെ സേവിക്കും. അവർ അവരെ പീഢിപ്പിക്കുമെന്ന് നീ അറിഞ്ഞുകൊൾക. എന്നാൽ അവർ സേവിക്കുന്ന ജാതിയെ ഞാൻ വധിക്കും. അതിന്റെ ശേഷം അവർ വളരെ സമ്പത്തോട് കൂടി പുറപ്പെട്ട് വരും’ (ഉൽപ്പത്തി 15-13-14). യിസ്രയേൽ മക്കൾ മിസ്രായീമിൽ നാനൂറ്റിമുപ്പത് സംവൽസരമായിരുന്നു. നാനൂറ്റിമുപ്പത് സംവൽസരം കഴിഞ്ഞിട്ട്, ആ ദിവസം തന്നെ യഹോവയുടെ ഗണങ്ങൾ ഒക്കെയും മിസ്രയീം ദേശത്ത് നിന്ന് പുറപ്പെട്ടു’ (പുറപ്പാട്: 12:40, 41).

ഉൽപ്പത്തി പുസ്തകത്തിലെ പ്രവചനങ്ങൾ മിസ്രയീമിലെ പ്രവാസകാലത്തെയാണ് സൂചിപ്പിക്കുന്നത്. കാരണം അതിൽ പറഞ്ഞ വിശേഷണങ്ങളോടെ മിസ്രയേല്യർ മറ്റെവിടെയും പാർത്തിട്ടില്ല.

മിസ്രയീമിൽ വന്ന യിസ്രയേൽ മക്കളുടെ കൂട്ടത്തിൽ ലേവിയുടെ പുത്രനായ കാഹാത്ത് ഉൾപ്പെടുന്നു (ഉൽപ്പത്തി 46:11). ഈ കാഹാത്തിന്റെ പുത്രനാണ് മോശയുടെ പിതാവായ അമ്രാം. മിസ്രയീമിൽ നിന്ന് അവരെ മോചിപ്പിച്ചത് മോശ തന്റെ 40-ാം വയസിലുമാണ്. ഈ മൂന്ന് തലമുറയിൽ നാനൂറ് സംവൽസരം എന്ന ദീർഘകാലയളവ് എങ്ങനെ വന്നു? 210 വർഷമായിരുന്നു അവരുടെ കാലയളവ് എന്ന് ചരിത്രകാരന്മാർ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

(2). കൌലടേയൻ യഹോവയുടെ സഭയിൽ പ്രവേശിക്കരുത്. അവന്റെ പത്താം തലമുറ പോലും യഹോവയുടെ സഭയിൽ പ്രവേശിക്കരുത് (ആവർത്തനം 23:2).

ഈ നിയമമനുസരിച്ച് ദാവീദ് യഹോവയുടെ സഭയിൽ പ്രവേശിക്കരുത്. കാരണം യൂദാക്ക് വ്യഭിചാരത്തിലായി തമാറിൽ ജനിച്ച ബമെസ്സി (ഉൽപ്പത്തി 38:29)ന്റെ ഒൻപതാം തലമുറയാണ് ദാവീദ് (മത്തായി 3:6). അതേപോലെ ശലമോനും ദൈവസഭക്ക് പുറത്താകും (മത്തായി: 1:6).

യഹൂദ ഗോത്രക്കാരനോ? ലേവ്യ ഗോത്രക്കാരനോ?

(3). യെഹൂദയിലെ ബത്‌ലഹേമിനായി യഹൂദഗോത്രത്തിൽ നിന്ന് വന്നിരുന്ന ഒരു യുവാവുണ്ടായിരുന്നു. അവൻ ലേവ്യനും അവിടെ വന്ന് പാർത്തവനുമത്രേ (ന്യായാധിപന്മാർ 17:7).

(4). ദൈവമോ ചെകുത്താനോ?

വീണ്ടും കർത്താവിൻെറ കോപം ഇസ്രായീലിന് നേരെ ജ്വലിച്ചു പോകൂ. ഇസ്രായേലിൻെറയും യഹൂദായുടെയും ജനസംഖ്യ എടുക്കുക എന്നുപറഞ്ഞ് അവരുടെ നേരെ അവൻ ഇളക്കിവിട്ടു (2 ശാമുവൽ 24:1).

സാത്താൻ ഇസ്രായേലിന് എതിരായി തിരിഞ്ഞ്, ഇസ്രാഈലിൻെറ ജനസംഖ്യ എടുക്കാൻ ദാവീദിനെ പ്രേരിപ്പിച്ചു (1 ദിന 21-1).

(5). 22ഓ 42ഓ?

യെഹരോമിൻെറ മകൻ അഹസ്യാവ് വാഴ്ച തുടങ്ങിയപ്പോൾ അവന് 22 വയസായിരുന്നു (11 രാജാ 8:26). യെഹരോമിൻെറ മകൻ അഹസ്യാവ് വാഴ്ച തുടങ്ങിയപ്പോൾ അവന് 42 വയസായിരുന്നു (11 ദിന 22:2).

## <u>പുതിയ നിയമം</u>

പുതിയ നിയമ പുസ്തകത്തിൽ ആദ്യ സുവിശേഷമായ മത്തായിയുടെ സുവിശേഷം തുടങ്ങുന്നത് തന്നെ വംശവലിയിലുള്ള വൈരുദ്ധ്യങ്ങളോടെയാണ്. അബ്രഹാം മുതൽ യേശുവരെയുള്ള തലമുറകളെ പതിനാലിൻെറ സംഖ്യാ ശാസ്ത്രവുമായാണ് മത്തായി അവതരിപ്പിക്കുന്നത്:

"ഇങ്ങനെ തലമുറകളാകെ അബ്രഹാം മുതൽ ദാവീദ് വരെ പതിനാലും ദാവീദ് മുതൽ ബാബേൽ പ്രവാസത്തോളം പതിനാലും ബാബേൽ പ്രവാസം മുതൽ ക്രിസ്തു വരെ പതിനാലുമാകുന്നു" (മത്തായി 1:17).

യഥാർത്ഥത്തിൽ ബാബേൽ പ്രവാസം മുതൽ ക്രിസ്തു വരെ പതിമൂന്ന് തലമുറകളേ ഉള്ളൂ. ഇതിനെപ്പറ്റി റെയ്മണ്ട് ഇ. ബ്രൗൺ പറയുന്നു:

'യേശുവിൻെറ വംശാവലിയിൽ എന്ന ഘടനയിൽ അനേകം



തലമുറകളുള്ളതായി മത്തായി 1/17 പറയുന്നുണ്ടെങ്കിലും പട്ടികയിൽ മൂന്ന് വിഭാഗങ്ങളിലുംപെട്ട തലമുറകളെ എണ്ണിയാൽ ആഗ്രഹിച്ചു പോവുന്ന എന്തോ ഒന്ന് മത്തായിയുടെ കണക്കിൽപെടാത്തതായി കണ്ടെത്തും. ഒന്നാം വിഭാഗത്തിൽ, അബ്രഹാം മുതൽ ദാവീദ് വരെ 14 പേരുകളുണ്ടെങ്കിലും പതിമൂന്ന് തലമുറകളേ ഉള്ളൂ. മത്തായി ഒന്നാമതായി എഴുതപ്പെട്ടിരിക്കുന്ന പേര് അബ്രഹാത്തിൻേറതാണ്. അദ്ദേഹവും ജനിപ്പിക്കേണ്ടതായിരുന്നു. എടുത്തുപറയാത്ത ഈ തലമുറയെ പതിനാലമത്തേതായി എണ്ണാമെന്ന് മത്തായി വിചാരിച്ച് കാണും. രണ്ടാമത്തെ ഭാഗത്ത് ദാവീദ് മുതൽ ബാബിലോൺ പ്രവാസം വരെ മാത്രമേ പതിനാല് തലമുറകളുടെ പേരുകൾ എടുത്തുപറയുന്നുണ്ട് (ചരിത്രപരമായ നാല് തലമുറകളേയും, ഭരിച്ച ആറ് രാജക്കന്മാരുടെയും പേരുകൾ ഉപേക്ഷിച്ചുകൊണ്ടാണിത്). മൂന്നാമത്തെ ഭാഗത്ത് ബാബിലോൺ പ്രവാസം മുതൽ യേശുവരെ പതിമൂന്ന് തലമുറകളേ ഉള്ളൂ' (മിശിഹയുടെ ജനനം പേജ് 37).

ഇനി യേശുവിൻെറ വംശാവലിയെപ്പറ്റി മത്തായിയും ലൂക്കോസും പറഞ്ഞിരിക്കുന്നതിൻെറ വൈരുദ്ധ്യം നോക്കുക: യേശുവിൻെറ വംശാവലി മത്തായി അബ്രഹാമിൽ നിന്ന് ആരംഭിക്കുമ്പോൾ ലൂക്കോസ് യേശുവിൽ തുടങ്ങി ആദമിൽ അവസാനിപ്പിക്കുന്നു. താരതമ്യത്തിന് വേണ്ടി നമുക്ക് യേശുവിന്റെ വംശാവലിയെ നോക്കാം.

| **മത്തായി: 1:6-16** | **ലൂക്കോസ്** |
|---|---|
| 1. ദാവീദ് | 1. ദാവീദ് |
| 2. ശാലോമോൻ | 2. നാഥാൻ |
| 3. രഹബ്യാം. | 3. മത്ഥ |
| 4. അബിയാവ് | 4. മെന്ത |
| 5. ആസ | 5. മെല്യാവ് |
| 6. യോശാഫാത്ത് | 6. എല്യാക്കിം |
| 7. യോറാം | 7. യോനാം |
| 8. ഉസ്സിയാവ് | 8. യോസഫ് |
| 9. യോഥാം | 9. യഹൂദ |
| 10. ആഹാസ് | 10. ശിമ്യോൻ |

| മത്തായി: 1:6-16 | ലൂക്കോസ് |
|---|---|
| 11. ഹിസ്ക്കീയാവ് | 11. ലേവി |
| 12. മനശ്ശെ | 12. മത്ഥാത് |
| 13. ആമോസ് | 13. യോരിം |
| 14. യോശിയാവ് | 14. ഏലിയാസർ |
| 15. യൊഖ്യാന്യാവ് | 15. യോശു |
| 16. ശയൽത്തിയേൽ | 16. യേർ |
| 17. സെരുബ്ബ്യാബേൽ | 17. എൽമാദാം |
| 18. അബിഹൂദ് | 18. കോസാം |
| 19. ഏൽയാകിം | 19. അദ്ദി |
| 20. ആസോർ | 20. മെൽക്കി |
| 21. സാദോക്ക് | 21. നേരി |
| 22. ആഖീം | 22. ശലഥിയേൽ |
| 23. ഏലീഹൂദ് | 23. സാരാബാബേൽ |
| 24. ഏലിയാസർ | 24. രേസ |
| 25. മത്ഥാൻ | 25. യോഹന്നാൻ |
| 26. യാക്കോബ് | 26. യോദ |
| 27. യോസേഫ് | 27. യോസഫ് |
| | 28. ശെമയി |
| | 29. മത്തഥ്യോസ് |
| | 30. മായാത്ത് |
| | 31. നഗ്ഗായി |
| | 32. എസ്ലി |
| | 33. നാഹും |
| | 34. ആമോസ് |
| | 35. മത്തഥ്യോസ് |
| | 36. യോസഫ് |
| | 37. യത്തായി |
| | 38. മോൽക്കി |
| | 39. ലേവി |
| | 40. മത്ഥാത്ത് |
| | 41. ഹേലി |
| | 42. യോസഫ് |



ദാവീദ് മുതൽ യേശുവരെ മത്തായി വംശാവലി പ്രകാരം ഇരുപത്തേഴും ലൂക്കാവംശാവലി പ്രകാരം നാൽപ്പത്തിരണ്ടുമാണ്. രണ്ടു പേരും യേശുവിൻെറ വളർത്തച്ഛനെന്ന് അറിയപ്പെടുന്ന യോസഫിൻെറ വംശാവലിയാണ് ചിത്രീകരിക്കുന്നത്. പക്ഷേ യേശുവാകട്ടെ മറിയായുടെ പാരമ്പര്യത്തിലാണ് ജനിച്ചത്. അതുപോലെ തന്നെ യേശുവിൻെറ തലമുറ മത്തായി പ്രകാരം ആരംഭിക്കുന്നത് ദാവീദിൻെറ പുത്രനായ ശലേമോനിൽ നിന്നാണ്. ലൂക്കോസ് പ്രകാരം അത് ദാവീദ് പുത്രനായ നാഥാനിൽ നിന്നുമാണ്.

ഇനി യേശുവിൻെറ ജീവിതവുമായി ബന്ധപ്പെട്ട സുവിശേഷ വിവരണങ്ങളിലെ ചില വൈരുദ്ധ്യങ്ങൾ കാണുക.

**1. സാക്ഷ്യം സത്യമോ കളവോ?**

'എനിക്ക് ഞാൻ തന്നെ സാക്ഷ്യം വഹിച്ചാൽ എൻെറ സാക്ഷ്യം സത്യമാകുകയില്ല' (യോഹ 5:31). 'ഞാനാണ് എനിക്ക് സാക്ഷ്യം വഹിക്കുന്നതെങ്കിലും എൻെറ സാക്ഷ്യം സത്യമാണ്' (യോഹ 8:14).

**2. ന്യായവിധി നടത്തുന്നതാര്?**

'മനുഷ്യപുത്രനാകയാൽ ന്യായവിധി നടത്തുന്നതിന് അവന് അധികാരവും നൽകിയിരിക്കുന്നു' (യോഹ 5:.27). 'ഞാൻ എൻെറ മഹത്വം അന്വേഷിക്കുന്നില്ല. അന്വേഷിക്കുകയും വിധിക്കുകയും ചെയ്യുന്നവൻ ഒരുവനുണ്ട്' (യോഹ 8:50).

**3. അത്തിവൃക്ഷം ഉണങ്ങിയതെപ്പോൾ?**

'യേശു അത്തിവൃക്ഷത്തെ ശപിച്ചു. തൽക്ഷണം അത് ഉണങ്ങിപോയി' (മാർക്കോസ് 1:1). പിറ്റേന്ന് പ്രഭാതത്തിൽ അവർ കടന്നു പോകുമ്പോൾ ആ അത്തിമരം വേരോടെ ഉണങ്ങിപോയിരിക്കുന്നതായി കണ്ടു' (മാർക്കോസ് 11:20).

**4 വടിവേണമോ വേണ്ടയോ?**

'മടിശീലയിൽ പൊന്നും വെള്ളിയും ചെമ്പും വഴിക്ക് പൊക്കണവും രണ്ട് ഉടുപ്പും ചെരിപ്പും വടിയും കരുതരുത്" (മത്തായി 19:9). 'അവർ വഴിക്ക് വടിയല്ലാതെ ഒന്നും എടുക്കരുത്. അപ്പവും, പൊക്കണവും മടിശീലയിൽ കാശുമരുത്. ചെരിപ്പിട്ടുകൊള്ളാം. രണ്ട് വസ്ത്രം ധരിക്കരുത്. എന്നിങ്ങനെ അവരോട് കൽപ്പിച്ചു' (മാർ

ക്കോസ് 6:8).

**5. കളവ് പറഞ്ഞതാര്?**

'നിങ്ങൾക്ക് പരിഗ്രഹിപ്പാൻ മനസുണ്ടെങ്കിൽ വരുവാനുള്ള ഏലിയാവ് അവൻ തന്നെ' (മത്തായി 11:14). 'പിന്നെ എന്ത് നീ ഏലി യാവോ എന്ന് അവനോട് ചോദിച്ചതിന് അല്ലാ എന്ന് പറഞ്ഞു' (യോഹ 1:21).

**7. യോഹന്നാൻെറ സാക്ഷ്യം സത്യമോ?**

'യേശു തൻെറ അടുക്കൽ വരുന്നത് അവൻ കണ്ടിട്ട് ഇതാ ലോകത്തിൻെറ പാപങ്ങൾ ചുമക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്....യോഹന്നാൻ പിന്നെയും സാക്ഷ്യം പറഞ്ഞത്....ആത്മാവ് ഒരു പ്രാവ് പോലെ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരുന്നത് ഞാൻ കണ്ടു. അ തവൻെറ മേൽ വസിച്ചു. ഞാനോ അവനോ അറിഞ്ഞില്ല. എങ്കിലും വെള്ളത്തിൽ സ്നാനം കഴിപ്പാൻ എന്നെ അയച്ചവൻ എന്നോട്...ആരുടെമേൽ ആത്മാവ് ഇറങ്ങുന്നതും വസിക്കുന്നതും നീ കാണുമോ അവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവനാകുന്നു എന്ന് പറഞ്ഞു. അങ്ങനെ ഞാൻ കാണുകയും ഇവൻ ദൈവ പുത്രൻ തന്നെയെന്ന് സാക്ഷ്യം പറയുകയും ചെയ്തിരുന്നു' (യോഹ 1:29-34).

യേശു ക്രിസ്തുവിൻെറ പരസ്യ പ്രബോധനത്തിന് തയ്യാറെടുക്കുന്നതിൻെറ തൊട്ടുമുമ്പ് നടന്ന സംഭവമാണിത്. ഇതിന് ഏകസാക്ഷി സ്നാപക യോഹന്നാൻ മാത്രമാണ്. സ്നാപനം നടന്നതിൻെറ പിറ്റേ ദിവസം യോഹന്നാൻ യേശുവിനെ ചൂണ്ടിക്കാട്ടിക്കൊണ്ട് പറയുന്നു : "ഇതാ ദൈവത്തിൻെറ കുഞ്ഞാട്" (ജോൺ 1:36). അപ്പോൾ യോഹന്നാൻെറ രണ്ട് ശിഷ്യന്മാർ യേശുവിനെ അനുഗമിച്ചു. യോഹന്നാൻെറ ഈ സാക്ഷ്യത്തിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. യേശു തന്നെയാണ് വരാനുള്ള മിശിഹാ എന്നതിന് യോഹന്നാനുള്ള ഉറപ്പ് അദ്ദേഹത്തിൻെറ കൂടെയുള്ള പരിശുദ്ധാത്മാവാണ്. അതേ പരിശുദ്ധാത്മാവ് യേശുവിൻെറ മേൽ സ്വർഗ്ഗത്തിൽ നിന്നിറങ്ങുന്നത് യോഹന്നാൻ കണ്ടതുമാണ്. ഇങ്ങനെയൊരു സംഭവം നടന്നിട്ടുണ്ടെങ്കിൽ യോഹന്നാന് ഒരിക്കലും ക്രിസ്തുവിൻെറ കാര്യത്തിൽ സംശയമുണ്ടാകാൻ പാടില്ല. പക്ഷേ യോഹന്നാൻ തൻെറ കാരാഗൃഹവാസത്തിനിടയിൽ തൻെറ ശിഷ്യരെ വിട്ട് ക്രിസ്തുവിനോട് ചോദിക്കുന്നു: 'വരുവാനുള്ളവൻ നീയോ, ഞങ്ങൾ മറ്റൊരുവനെ കാത്തിരിക്കണമോ?' എന്ന് അവർ മുഖാന്തിരം അവനോട് ചോദിച്ചു' (മത്തായി 1:13). യോഹന്നാൻ ഇങ്ങനെ ചോദിക്കണമെങ്കിൽ യേശുവിൻെറ കാര്യത്തിൽ യോഹന്നാന് സംശയമുണ്ടായിരിക്കണം. ആ സംശയം തീർച്ചയായും പരിശുദ്ധാത്മാവിനെ കളവാക്കുന്നതിന് തുല്യമാണ്. ഇതിൽ ഏതെങ്കിലുമൊരു സംഭവം നടന്നിട്ടില്ല എന്ന് തീർച്ചയാണ്. കാരണം യോഹന്നാൻ ഒരു പ്രവാചകനാണ്. ഒരു പ്രവാചകനെ കളവാക്കുന്നതിലും ഭേദം ഇതെഴുതിയ ഗ്രന്ഥം തെറ്റുകളുള്ളതാണ് എന്ന് മനസിലാക്കുന്നതാണ്.



ഇത്തരം വൈരുദ്ധ്യങ്ങൾ ഖുർആനിൽ ഉണ്ടോ എന്ന് നോക്കാം.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: 'അവർ ഖുർആനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നുവെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യങ്ങൾ കണ്ടെത്തുമായിരുന്നു'.

വി. ഖുർആൻ അവതരിച്ച് 1400 വർഷങ്ങൾക്ക് കഴിഞ്ഞിട്ടും ഇതുവരെ ആർക്കും ഒരു വൈരുദ്ധ്യം പോലും ഖുർആനിൽ കണ്ടെത്താൻ കഴിഞ്ഞില്ല.

**ഖുർആൻ അവതരിപ്പിച്ച യഥാർത്ഥ രൂപത്തിൽ ഇന്നും നിലനിൽക്കുന്നുവോ?**

'തീർച്ചയായും നാം തന്നെയാണ് തൗറാത്ത് അവതരിപ്പിച്ചിരിക്കുന്നത്. അതിൽ മാർഗദർശനവും പ്രകാശവുമുണ്ട്' (5:44). 'മൂസാക്കും ഹാറൂണും സത്യാസത്യ വിവേചനത്തിനുള്ള പ്രമാണവും, പ്രകാശവും ധർമ്മനിഷ്ഠ പുലർത്തുന്നവർക്കുള്ള ഉദ്ബോധനവും നാം നൽകിയിട്ടുണ്ട്' (21:48). 'ദാവൂദിന് നാം സാബൂർ എന്ന വേദം നൽകുകയും ചെയ്തിരിക്കുന്നു' (17:55).

'അവരെ തുടർന്ന് അവരുടെ കാൽപ്പാടുകളിലായിക്കൊണ്ട് മറിയമിൻെറ മകൻ ഈസായെ തൻെറ മുമ്പിലുള്ള തൗറാത്തിനെ ശരിവെക്കുന്നവനായിക്കൊണ്ടും നാം നിയോഗിച്ചു. സൻമാർഗ നിർദേശവും സത്യപ്രകാശവും അടങ്ങിയ ഇഞ്ചീലും നാം അദ്ദേഹത്തിന് നൽകി. അതിൻെറ മുമ്പിലുള്ള തൗറാത്തിനെ ശരിവെക്കുന്നതും സൂക്ഷ്മത പാലിക്കുന്നവർക്ക് മാർഗദർശനവും സദുപദേശവുമത്രെ അത്' (5:46).

'അവൻ ഈ വേദഗ്രന്ഥത്തെ മുൻ വേദങ്ങളെ ശരിവെക്കുന്നതായിക്കൊണ്ട് സത്യവുമായി നിനക്ക് അവതരിപ്പിച്ച് തന്നിരിക്കുന്നു. മനുഷ്യർക്ക് മാർഗദർശനത്തിനായി ഇതിന് മുമ്പ് അവൻ തൗറാത്തും ഇഞ്ചീലും അവതരിപ്പിച്ചു. സത്യാസത്യവിവേചനത്തിനുള്ള പ്രമാണവും അവൻ അവതരിപ്പിച്ചിരിക്കുന്നു' (3:34).

മുമ്പും ദൈവം പ്രവാചകരിലൂടെ മനുഷ്യർക്ക് വേദഗ്രന്ഥങ്ങൾ നൽകി. അവയിൽ ആ ജനതക്ക് കൃത്യമായ മാർഗദർശനുമുണ്ടായിരുന്നുവെന്ന് ഖുർആൻ പറയുന്നു. ദൈവം അവതരിപ്പിച്ച വേദഗ്രന്ഥങ്ങൾ പൂർണമായും ദൈവികമായിരിക്കും. അതിൽ ദൈവവചനമല്ലാതെ മനുഷ്യവചനങ്ങൾ ഉണ്ടാകാൻ പാടില്ല. വേദഗ്രന്ഥത്തിൽ ജീവചരിത്രമോ ഉപദേശങ്ങളോ അല്ല വേണ്ടത്. മറിച്ച് സ്രഷ്ടാവിൽ നിന്ന് പ്രവാചകന് ലഭിച്ച സന്ദേശങ്ങളായിരിക്കും വേദഗ്രന്ഥത്തിൻെറ ഉള്ളടക്കം.

**<u>ദൈവിക ഗ്രന്ഥമെന്ന് ക്രിസ്ത്യാനികൾ അവകാശപ്പെടുന്ന ബൈബിളിൻെറ സ്ഥിതിയെന്താണ്?</u>**

അതിൽ ദൈവിക വചനങ്ങൾക്ക് പുറമെ പ്രവാചകവചനങ്ങളും എഴുത്തുകാരൻെറ വചനവും ബൈബിളിൽ കാണാം. ദൈവവചനത്തിന് ഉദാഹരണം:

യഹോവ മോശയോട് നീ ഇറങ്ങിച്ചെല്ലുക മിസ്രയിം ദേശത്ത് നിന്ന് കൊണ്ട് വന്ന നിൻെറ ജനം തങ്ങളെ വഷളാക്കിയിരിക്കുന്നു (പുറ 32:7).

പ്രവാചക വചനത്തിന് ഉദാഹരണം:

മോശ അവരോട് സംസാരിച്ചു: 'നിങ്ങൾ ചെയ്യുവാൻ യഹോവ കൽപിച്ച വചനങ്ങൾ ആവരുത്.... (പുറ35:1)

എഴുത്തുകാരൻെറ വചനത്തിന് ഉദാഹരണം:

'അവൻ തന്നോട് അരുൾ ചെയ്തത് നിമിത്തം തൻെറ മുഖത്തിൻെറ ത്വക്ക് പ്രകാശിച്ചു. മോശ, സാക്ഷ്യത്തിൻെറ പലക രണ്ടുംകയ്യിൽ പിടിച്ച് കൊണ്ട് ഇറങ്ങുമ്പോൾ അറിഞ്ഞില്ല'.(പുറ 32:29) മോശക്ക് അവതരിപ്പിച്ച തൗറാത്തിൽ ഇതേ പോലെ ദൈവ വചനങ്ങളും പ്രവാചക വചനങ്ങളും ചരിത്രങ്ങളും കൂടികലർന്ന രൂപത്തിൽ ആയിരിക്കില്ല. ഇനി ചെറിയൊരു വിഭാഗം യാഥാസ്ഥിതികരുടെ



വാദം ഇത് മോശ എഴുതിയതാണെന്ന് തന്നെയാണ്. മോശയല്ല ഇത് എഴുതിയതെന്ന് പുസ്തകങ്ങൾ ഒരാവൃത്തി വായിച്ചാലും ആർക്കും മനസ്സിലാകും. കാരണം മോശക്ക് ഒരിക്കലും അദ്ദേഹത്തിൻെറ മരണത്തെപറ്റിയും അതിനോട് ബന്ധപ്പെട്ട കാര്യങ്ങളും എഴുതാൻ കഴിയില്ലല്ലോ? ആവർത്തന പുസ്തകം പറയുന്നു:

'അങ്ങനെ യഹോവയുടെ ദാസനായ മോശ യഹോവയുടെ വചനപ്രകാരം അവിടെ മോവാബ് ദേശത്ത് വച്ച് മരിച്ചു. അവൻ അവനെ മോവാബ് ദേശത്ത് ബെത്ത്- പെയോരിന്നെതിരയുള്ള അടക്കി എങ്കിലും ഇന്ന് വരെയും അവൻെറ ശവക്കഴിയുടെ സ്ഥലം അറിയില്ല.......മോശ പ്രവർത്തിച്ച ഭയങ്കര കാര്യമൊക്കെയും വിചാരിച്ചാൽ യഹോവ അഭിമുഖമായി അറിഞ്ഞ മോശയെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ ഉണ്ടായിട്ടില്ല'.

ഈ വചനങ്ങൾ ഒരിക്കലും മോശ എഴുതിയതാവില്ല. ന്യായപ്രമാണത്തെ അഞ്ച് പുസ്തകങ്ങളായി ഇന്ന് വേർതിച്ചരിക്കുന്നു. ഇതെല്ലാം തന്നെ മോശക്ക് ശേഷം എഴുതപ്പെട്ടവയാണ്.

മോശക്ക് ദൈവം നൽകിയ ഗ്രന്ഥത്തിൻെറ നിയമങ്ങൾ ഇതില്ലാം പരന്ന് കിടക്കുന്നു. ഉൽപത്തി, പുറപ്പാട്, ലേവ്യ, സംഖ്യ, ആവർത്തനം ഇങ്ങനെയുള്ള പേരുകളിൽ ഈ ഗ്രന്ഥങ്ങൾ അറിയപ്പെടുന്നു.

**<u>ഉൽപത്തി</u>**

പുസ്തകത്തിൻെറ ഉത്ഭവം: ഉൽപത്തി പുസ്തകത്തിൽ ഇതിൻെറ ഗ്രന്ഥ കർത്താവിനെ കുറിച്ച് യാതൊന്നും പറഞ്ഞിട്ടില്ല. മോശയുടെ പുസ്തകമെന്ന് ഇതിന് തലവാചകം എഴുതാറുണ്ടെങ്കിലും ഇതിൽ മോശ എഴുതിയ ഭാഗങ്ങൾ ചിലതുണ്ടെന്നതല്ലാതെ മുഴുവനും മോശയാണ് എഴുതിയത് എന്ന് പറയുന്നതിന് പല പ്രശ്നങ്ങളുമുണ്ട്.

'മൂല ഭാഷയിൽ സമർത്ഥരായ പണ്ഡിതന്മാർ ഈ പുസ്തകത്തിൽ രണ്ട് ഗ്രന്ഥകർത്താക്കന്മാർ എഴുതിയ രണ്ട് പുസ്തകത്തെ മൂന്നാമതൊരു ഗ്രന്ഥകർത്താവ് ഒന്നായി ചേർത്തു എന്ന് തീരുമാനിച്ചിരിക്കുന്നു'. 'ഇതിലെ ആദ്യ ഗ്രന്ഥകർത്താക്കന്മാർ രണ്ടുപേരും ശലോമോൻ രാജാവിൻെറ കാലത്തോ അല്ലെങ്കിൽ ക്രി. ൮൦൦ൽ യേശയ്യാവിൻെറ കാലത്തോ എഴുതി എന്നും മൂന്നാം ഗ്രന്ഥകർത്താവ് അതി

ന് കുറേ കാലത്തിന് ശേഷം എഴുതി എന്ന് പറയുന്നു'. (ബൈബിൾ നിഘണ്ടു. By: റവ. എ.സി. ക്ലയ്റ്റൻ പേജ് 71).

**പുറപ്പാട്**

'ഇതിൽ മോശ ജനങ്ങൾക്ക് നൽകിയ പ്രമാണങ്ങൾ ഉള്ളതുകൊണ്ട് ഈ ഗ്രന്ഥത്തെ മോശയുടെ രണ്ടാം പുസ്തകം എന്ന് പറഞ്ഞു വന്നു. ഈ പ്രമാണങ്ങൾ നിർമ്മിച്ചതും മോശയാണെന്ന് പറയാമെങ്കിലും അവനാണ് ഈ പുസ്തകത്തിൻെറ ഗ്രന്ഥകർത്താവ് എന്ന് പറവാൻ പാടില്ല. മുമ്പ് പറഞ്ഞത് പോലെ ഇതിൽ പല ന്യായപ്രമാണങ്ങൾ അടങ്ങിയിരിക്കുന്നത് കൊണ്ട് ഈ പുസ്തകത്തെ ഒരുത്തനല്ല പലർ രചിച്ചതാണെന്ന് പറയാം'.. (ബൈബിൾ നിഘണ്ടു, പേജ് 287).

**ലേവ്യ**

"ഇതിൻെറ ഗ്രന്ഥകർത്താവ് ആരെന്ന് നമുക്ക് അറിവാൻ നിവൃത്തിയില്ല. ഇതിൽ കാണുന്ന പ്രമാണങ്ങളെല്ലാം യിസ്രായേല്യർ പ്രവാസത്തിലേക്ക് പോകുന്നതിന് മുമ്പ് അവരിൽ ഭക്തരായ ചിലർ കൈകൊണ്ട പ്രമാണങ്ങളാണെന്ന് പറയാം" (ബൈബിൾ നിഘണ്ടു, പേജ് 537).

**സംഖ്യ**

'ഉൽപ്പത്തി പുസ്തകത്തിന് ആധാരമായി മൂന്ന് പുസ്തകങ്ങളുണ്ടായിരുന്നത് പോലെ തന്നെ ഇതും ആരംഭത്തിൽ മൂന്ന് പുസ്തകങ്ങളായിരുന്നെന്നും ദൈവത്തിന് 'യഹോവ' എന്ന് പേര് പറയുന്നവനും 'ദൈവം' എന്ന് പേര് പറയുന്നവനും ആചാരങ്ങളെ പ്രതിപാദിക്കുന്നവനും എന്നിങ്ങനെ ഇതിൻെറ ഗ്രന്ഥകർത്താക്കൾ മൂന്ന് പേരുണ്ടെന്നും അഭിപ്രായപ്പെടുന്നു. ഉൽപ്പത്തി പുസ്തകം എഴുതപ്പെട്ട കാലത്ത് ഇതും എഴുതപ്പെട്ടു. ഇതിലെ പ്രധാന ഭാഗം ക്രി. മുതൽ എട്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ടു എന്നാണ് പലരുടെയും അഭിപ്രായം' (ബൈബിൾ നിഘണ്ടു, പേജ്: 614).

**ആവർത്തനം**

'വേദ പണ്ഡിതമാരിൽ ചിലർ ഇതിൽ മോശ ഉപദേശിച്ച പലതുണ്ടെങ്കിലും ഈ പുസ്തകം മോശയല്ല പിൽക്കാലത്താണ് എഴുതപ്പെട്ടതെന്ന് അഭിപ്രായപ്പെടുന്നു. ഇത് എഴുതിയത് ആരാണെന്ന് നമുക്ക് അറിഞ്ഞുകൂടാ' (ബൈബിൾ നിഘണ്ടു, പേജ്: 51).



പഴയ നിയമത്തിൽ ഒരു പുസ്തകം പോലും മോശ എഴുതിയിട്ടില്ല. മറിച്ച് മോശക്ക് ശേഷം പല എഴുത്തുകാർ ചേർന്ന് പല കാലങ്ങളിൽ രചിച്ചവയാണ് ഇന്നത്തെ പഞ്ചപുസ്തകങ്ങൾ എന്നാണ് പണ്ഡിത അഭിപ്രായം. അതുകൊണ്ട് തന്നെ ദൈവം മോശക്ക് അവതരിപ്പിച്ച ഗ്രന്ഥം ഇതാണെന്ന് പറയാൻ പറ്റില്ല. മോശക്ക് അവതരിപ്പിച്ച ഗ്രന്ഥത്തിൻെറ നിയമങ്ങൾ ഇതിൽ ഉണ്ടെങ്കിലും അതിൽ തന്നെ യഹൂദറബ്ബിമാർ പല വ്യത്യാസങ്ങളും വരുത്തിയിട്ടുണ്ട്. ഉദാഹരണത്തിന് കടം കൊടുത്താൽ പലിശ വാങ്ങരുതെന്ന നിയമത്തെ മറികടക്കാൻ വേണ്ടി സഹോദരനോട് പലിശ വാങ്ങരുതെന്നും അന്യരോട് വാങ്ങാമെന്നും പറയുന്നു (ആവർത്തനം 24:19-20).

ഇത് ഒരിക്കലും ദൈവം നൽകിയ നിയമവ്യവസ്ഥ ആവുകയില്ല. ഇസ്രായേൽ ജനം ദുഷിച്ച് ദൈവത്തിൽ നിന്ന് അകന്നപ്പോഴെല്ലാം ദൈവം അവരെ സൻമാർഗത്തിലേക്ക് നയിക്കാൻ പ്രവാചകരെ അയച്ചുകൊണ്ടിരുന്നു. അങ്ങനെ വന്നുകൊണ്ടിരുന്ന പ്രവാചകരുടെയെല്ലാം ദൗത്യത്തിൽപെട്ടതായിരുന്നു വി. തൗറാത്തിനെ (ന്യായപ്രമാണം) ശുദ്ധീകരിക്കൽ ആ പരമ്പരയിൽപ്പെട്ട പ്രവാചകരായ യിരമ്യാ പറയുന്നത് കേൾക്കൂ: 'ഞങ്ങർ ജ്ഞാനികൾ യഹോവയുടെ ന്യായപ്രമാണം ഞങ്ങളുടെ പക്കലുണ്ട് എന്ന് നിങ്ങൾ പറയുന്നതെങ്ങനെ? ശാസ്ത്രിമാരുടെ കള്ളയെഴുത്ത് കോൽ അതിനെ വ്യാജമാക്കിതീർത്തിരിക്കുന്നു' (യിറമ്യ 8:8). യഹൂദ റബ്ബിമാർ വിശുദ്ധ ന്യായപ്രമാണത്തെ (തൗറാത്ത്) വികലമാക്കി എന്നതിൻെറ ഏറ്റവും വലിയ തെളിവാണ് യിരമ്യാ പ്രവാചകൻെറ വചനം. മോശക്ക് അവതരിപ്പിച്ച വിശുദ്ധ ഗ്രന്ഥം ഇന്ന് അതേ രൂപത്തിൽ നിലനിൽക്കുന്നില്ല എന്നതാണ് പണ്ഡിതാഭിപ്രായം.

**സബൂർ**

ദാവൂദ് നബി (അ)ക്ക് സബൂർ നൽകിയെന്ന് വിശുദ്ധ ഖുർആൻ പറയുന്നു (17:53). സബൂർ എന്ന പദത്തിനർത്ഥം 'സങ്കീർത്തനങ്ങൾ' എന്നാണ്. എന്നാൽ പഴയനിയമത്തിൽ ഇന്ന് നിലനിൽക്കുന്ന സങ്കീർത്തന പുസ്തകം പൂർണമായും ദാവീദ് രചിച്ചതാണെന്ന് പ്രസ്തുത പുസ്തകം തന്നെ അവകാശപ്പെടുന്നില്ല. ദാവീദ് രചി

ചതാണെന്ന് പറയുന്ന 35 സങ്കീർത്തനങ്ങളാണ് ഇന്ന് സങ്കീർത്തന പുസ്തകത്തിലുള്ളത്. അത് ദാവീദ് എഴുതിയതാണെന്ന് പറയുവാൻ കഴിയില്ല. റവ. എ.സി. ക്ലയിറ്റൻ പറയുന്നു: 'ഈ സങ്കീർത്തന പുസ്തകം ഏകകാലത്ത് ഏകഗ്രന്ഥകാരനാൽ ഏകഗ്രന്ഥമായി എഴുതപ്പെട്ടവയല്ല. അതുപോലെ പല കാലങ്ങളിൽ പല ഗ്രന്ഥകാരന്മാർ എഴുതപ്പെട്ടതാണെന്ന് തോന്നുന്നു. ഈ സങ്കീർത്തനങ്ങൾ ഈ ഗ്രന്ഥത്തിൽ ചേർത്തതാരാണെന്നും എപ്പോഴാണെന്നും സൂക്ഷ്മമായി അറിയാൻ നിവൃത്തിയില്ല' (ബൈബിൾ നിഘണ്ടു, പേജ് 604). ദാവീദിൻെറ കാലത്ത് നിലനിന്നിരുന്ന സങ്കീർത്തനങ്ങളായാണ് (സബൂർ) ഖുർആൻ പരിചയപ്പെടുത്തുന്നത്. അവ ദൈവിക ബോധനങ്ങളുടെ സമാഹാരമായിരുന്നു. എന്നാൽ ദാവീദിന് ശേഷം അതിനെ അനുകരിച്ചുകൊണ്ട് രചനകളുണ്ടാക്കുവാൻ തുടങ്ങി. അവ നിലവിൽ വന്നപ്പോൾ യഥാർത്ഥ സങ്കീർത്തനങ്ങൾ ഏതൊക്കെയാണെന്ന് തിരിച്ചറിയാൻ പറ്റാതെയായി. പിന്നീട് കാലങ്ങൾക്ക് ശേഷമാണ് ഈ സങ്കീർത്തനങ്ങളെല്ലാം കൂട്ടിച്ചേർത്ത് ഇന്നത്തെ രൂപത്തിൽ എഴുതിച്ചേർത്തത്.

## പുതിയ നിയമം

ഈസാ നബിക്ക് ഇഞ്ചീൽ നൽകി (5:46) എന്ന് വി. ഖുർആൻ പറയുന്നു. ഇന്ന് ബൈബിളിൽ കാണുന്ന പുതിയനിയമം യേശുവിന് ദൈവം അവതരിപ്പിച്ച ഗ്രന്ഥമാണോ? ഇന്ന് നിലവിലുള്ള 27 പുതിയ നിയമ പുസ്തകങ്ങളിൽ യേശു പ്രസംഗിച്ച് സുവിശേഷം രേഖപ്പെടുത്തിയ നാല് സുവിശേഷഗ്രന്ഥങ്ങളേയുള്ളൂ. ബാക്കിയെല്ലാം അപ്പോസ്തലൻമാരുടെ ലേഖനങ്ങളോ വെളിപാടുകളോ ആണ്. അതൊരിക്കലും യേശുവിൻെറ സുവിശേഷവുമായി യാതൊരു ബന്ധവുമില്ല. യേശുവിൻെറ സുവിശേഷം എഴുതിയ നാലുപേരും ഇത് ഞങ്ങൾ യേശുവിൽ നിന്ന് നേരിട്ട് കേട്ട് എഴുതിയതാണെന്ന് അവകാശപ്പെട്ടിട്ടില്ല. തന്നെയുമല്ല യേശുവിൻെറ വിടവാങ്ങലിന് ശേഷം അനേകം വർഷങ്ങൾ കഴിഞ്ഞാണ് ഈ നാലുപേരും സുവിശേഷം രചിച്ചത്. അതുകൊണ്ട് തന്നെ യേശു ചെയ്തതും ചെയ്യാത്തതുമായ കാര്യങ്ങൾ വാമൊഴിയായി പ്രചരിച്ചത് ഈ സുവി ശേഷങ്ങളിൽ കടന്നുകൂടാനുള്ള സാധ്യത വളരെയാണ്. ഇന്നത്തെ സുവിശേഷകൻമാർ ഈ കാര്യത്തിൽ എത്രത്തോളം സൂക്ഷ്മത പുലർത്തി



യെന്നത് അറിയാൻ യാതൊരു മാർഗ്ഗവുമില്ല. തന്നെയുമല്ല യേശുവിന് ശേഷം അനേകം സുവിശേഷങ്ങൾ എഴുതപ്പെട്ടിരുന്നു. അതിൽ ചിലത് കുരിശ് മരണത്തെ നിഷേധിക്കുന്നു; ചിലത് ക്രൂശിക്കപ്പെട്ടിരുന്നുവെന്നും അഭിപ്രായപ്പെടുന്നു. ഇതിൽ ഏതാണ് സത്യമെന്ന് ഒരിക്കലും ഇന്നുള്ള ബൈബിളിൽ നിന്ന് മനസ്സിലാക്കാനാവില്ല. എ.ഡി 327ൽ നടന്ന നിഖ്യാസുന്നാഹോദോസിന് ശേഷം നാല് സുവിശേഷങ്ങൾ ഒഴിച്ച് ബാക്കിയെല്ലാ സുവിശേഷങ്ങളും നശിപ്പിക്കപ്പെടുകയാണുണ്ടായത്. ഇന്നുള്ള സുവിശേഷങ്ങളിലും ലേഖനങ്ങളിലും കാലകാലങ്ങളിൽ ധാരാളം കൂട്ടിക്കലർത്തലുകൾ നടന്നിട്ടുണ്ട്. അവയിൽ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കാം.

ത്രിത്വം സ്ഥാപിക്കാൻ വേണ്ടി ബൈബിളിൽ നിരവധി കൂട്ടിക്കലർത്തിയ വചനങ്ങളിലൊന്നാണ് I ജോൺ 5:7.

നിലവിലുള്ള പഴയ മലയാള ബൈബിളിൽ ഇത് കാണാം. പിന്നീട് ഈ വചനം മൂലഭാഷയിൽ ഇത് കണ്ടെത്തിയില്ലെന്നും പറഞ്ഞ് ആധുനിക പണ്ഡിതന്മാർ ഇതൊഴിവാക്കുകയായിരുന്നു. ഈ അടുത്തകാലത്ത് നടന്ന ബൈബിളിലെ മറ്റുചില തിരുത്തലുകൾ ആവർത്തനം 18:18 അവരുടെ സഹോദരന്മാരിൽ നിന്നും എന്നത് 'അവരിൽ നിന്നും' എന്നാക്കിയിരിക്കുന്നു.

ഖുർആൻ പറയുന്നു: 'പറയുക വേദക്കാരെ, തൗറാത്തിലും ഇഞ്ചീലിലും നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ട സന്ദേശങ്ങളും നിങ്ങൾ (നേരാംവണ്ണം) നിലനിർത്തുന്നത് വരെ നിങ്ങൾ യാതൊരു അടിസ്ഥാനത്തിലുമല്ല' (5:68).

അവതരിപ്പിക്കപ്പെട്ട യഥാർത്ഥ രൂപത്തിൽ ഇന്നും നിലനിൽക്കുന്ന ഒരേയൊരു വേദഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. അല്ലാഹു പറയുന്നു: 'തീർച്ചയായും നാമാണ് ആ ഉദ്ബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്' (15:9). ലോകാവസാനത്തോളം മാറ്റമില്ലാതെ തുടരും എന്നതിന് ദൈവീകമായ ഉറപ്പുള്ള ഒരേയൊരു വേദഗ്രന്ഥമാണ് ഖുർആൻ. കാരണം ഇനിയൊരു വേദഗ്രന്ഥമോ പ്രവാചകനോ വരാനില്ല. ലോകാവസാനം വരെയുള്ള ജനങ്ങൾക്ക് മാതൃക കാണിക്കാൻ ഈ ഗ്രന്ഥത്തെ കാത്തുസൂക്ഷിക്കേണ്ടത് ദൈവത്തിൻെറ ചുമതലയിൽപെട്ടതാണ്.

## ദൈവിക ഗ്രന്ഥമെന്ന് സ്വയം അവകാശപ്പെടുന്നുവോ?

ഈ ചോദ്യം വളരെ പ്രസക്തമാണ്. ഖുർആൻ ദൈവിക ഗ്രന്ഥമെന്ന് ആവർത്തിച്ച് അവകാശപ്പെടുന്നു. തീർച്ചയായും ഇത് (ഖുർആൻ) ലോക രക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു (26:192). 'വിശ്വസ്താമാവ് (ജിബ്രീൽ) നിൻെറ ഹൃദയത്തിൽ അതുകൊണ്ട് ഇറങ്ങിയിരിക്കുന്നു. നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിലായിരിക്കാൻ വേണ്ടിയത്രെ അത് (26:193-194). ഖുർആനെപ്പറ്റി ആവർത്തനപുസ്തകത്തിലും ഏശയ്യാവിൻെറ പുസ്തകത്തിലും രേഖപ്പെടുത്തിയിരിക്കുന്നു: 'അവർക്ക് വേണ്ടി അഗ്നിമായമായൊരു പ്രമാണം വലം കയ്യിലുണ്ട്' (ആവർത്തനം 33:2).

'യഹോവക്ക് ഒരു പുതിയ പാട്ടും ഭൂമിയുടെ അകത്ത് നിന്ന് അവന് സ്തുതിയും പാടുവിൻ. മരുഭൂമിയും അതിലെ പട്ടണങ്ങളും കേദാർ പാർക്കുന്ന ഗ്രാമങ്ങളും ശബ്ദമുയർത്തട്ടെ' (ഏശ 42:10).

'പ്രതാപിയും കരുണാനിധിയുമായിട്ടുള്ളവൻ അവതരിപ്പിച്ചതത്രേ ഇത്' (വി. ഖുർആൻ 36:5).

'ഈ ഗ്രന്ഥത്തിൻെറ അവതരണം സർവലോക രക്ഷിതാവിങ്കൽ നിന്നാകുന്നു. ഇതിൽ യാതൊരു സംശയവുമില്ല' (32:2).

ഇതേപോലെ ബൈബിളിൽ ഒരിടത്തും അത് ദൈവികഗ്രന്ഥമെന്ന് പ്രഖ്യാപിക്കുന്നില്ല. എങ്കിലും ക്രൈസ്തവ പണ്ഡിതർ ബൈബിൾ ദൈവനിവേശിതം ആണെന്ന് കാണിക്കാൻ പൗലോസിൻെറ ലേഖനത്തിലെ ഒരു വചനം ഉദ്ധരിക്കാറുണ്ട്: 'വിശുദ്ധ ലിഖിതങ്ങളെല്ലാം ദൈവനിവേശിതമാണ്'. പക്ഷേ ഈ വചനത്തിൻെറ മുൻപും പിൻപും നോക്കിയാൽ പൗലോസ് എന്താണ് അവിടെ പറഞ്ഞിരിക്കുന്നതെന്ന് വ്യക്തമാകും: 'വിശുദ്ധ. ലിഖിതങ്ങൾ ബാല്യം മുതലെ നിനക്ക് പരിചയമുണ്ടല്ലോ. വിശുദ്ധ. ലിഖിതങ്ങളെല്ലാം ദൈവ നിവേശിതമാണ്. പഠിപ്പിക്കാനും ശാസിക്കാനും തെറ്റുതിരുത്താനും നീതിയിലുള്ള പരിശീലനത്തിനും അവ ഉപകരിക്കുന്നു' (2 തിമോ. 3:15-16).

ഇവിടെ പൗലോസ് പറഞ്ഞിരിക്കുന്നത് ബൈബിളിലെ ഒരു പുസ്തകത്തെപ്പറ്റിയുമല്ല. തിമോത്തിയോസിന് പരിചയമുള്ള ഏതോ ഒരു വിശുദ്ധ ലിഖിതത്തെപ്പറ്റിയാണ്. ആ ലിഖിതങ്ങൾ പൗലോസിന് മുമ്പുള്ളതാണെന്നാണ് ഈ വചനത്തിൽ നിന്ന് മനസിലാകുന്നത്.



## കൃത്യമായ ധാർമ്മിക പദ്ധതി

ശരിയും തെറ്റും തീരുമാനിക്കാനുള്ള പൂർണമായ അവകാശം ദൈവത്തിനാണ്. മനുഷ്യരെ പൂർണമായും നന്മയിലൂടെ നടത്താൻ വേണ്ടുന്ന മാർഗ്ഗനിർദേശങ്ങൾ ദൈവം പ്രവാചകൻമാർ വഴി അവതരിപ്പിച്ചു. പക്ഷേ ആ മാർഗനിർദേശങ്ങൾ നൽകിയ ഗ്രന്ഥത്തിൽ മനുഷ്യൻ കൈകടത്തിയപ്പോൾ അതിലെ ശരിയും തെറ്റും മനസിലാക്കാൻ കഴിയാത്ത നിലയിലായി. ഉദാഹരണത്തിന് മദ്യപാനത്തെ ബൈബിളിൻെറ നിലപാടെന്തെന്ന് വ്യക്തമാക്കാൻ കഴിയില്ല. അതുപോലെ പലിശ ഉപയോഗിക്കുന്ന കാര്യത്തിൽ, വിവാഹമോചനത്തെപ്പറ്റി, വസ്ത്രധാരണത്തെപ്പറ്റി. ഇവയിലൊന്നും കൃത്യമായ മാർഗ്ഗനിർദേശം ബൈബിളിൽ കാണാൻ സാധ്യമല്ല. പരസ്പര വിരുദ്ധമായ നിലപാടുകൾ അവയിൽ ഇഴ ചേർന്നിരിക്കുന്നു.

## മദ്യവും മറ്റു ലഹരി വസ്തുക്കളും ഉപയോഗിക്കാമോ?

ഇന്ന് സമൂഹത്തിലെ എല്ലാ തിന്മകൾക്കും കാരണം ഒരുപരിധി വരെ മദ്യമാണ്. മദ്യം മനുഷ്യനെ പല തിന്മകളിലേക്കും നയിക്കും. അതുകൊണ്ട് തന്നെ മതനേതാക്കളും സമുദായ പരിഷ്കർത്താക്കളെല്ലാം തന്നെ സമ്പൂർണ മദ്യനിരോധനം ആവശ്യപ്പെടുന്നു. പക്ഷേ വിശുദ്ധ ഖുർആൻ ഒഴിച്ചുള്ള വേദ ഗ്രന്ഥങ്ങളിൽ ഒന്നും തന്നെ മദ്യത്തിൻെറ ഉപയോഗം നിഷിദ്ധമാക്കിയിട്ടില്ല. ബൈബിളിൽ നോക്കിയാൽ മദ്യപാനിക്ക് മദ്യപിക്കാനും മദ്യം ഉണ്ടാക്കുന്നവന് ഉണ്ടാക്കാനും മദ്യം വേണ്ടെന്ന് വെക്കുന്നവന് അതിനും വചനങ്ങൾ ഉദ്ധരിക്കാൻ കഴിയും. ഉദാഹരണത്തിന് വീഞ്ഞ് പരിഹാസിയും മദ്യം കലാപകാരിയും ആണെന്നും സോളമൻ പറയുന്നു (സുഭാ: 20:1). പക്ഷേ ഇതേ പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന പഴയ നിയമത്തിൽ നോഹ് വീഞ്ഞ് കഴിച്ച് മത്ത് പിടിച്ച കഥയും ലൂത്ത് വീഞ്ഞ് കഴിച്ച് ബോധമില്ലാതെ തൻെറ പുത്രിമാരുമായി ശയിച്ച കഥയും രേഖപ്പെടുത്തിയിരിക്കുന്നു. അപ്പോൾ ഈ വേദഗ്രന്ഥം പിൻപറ്റിയ ഒരാൾക്ക് എങ്ങനെയാണ് ഈ കാര്യത്തിൽ മാർഗനിർദേശം ലഭിക്കുക. അതേപോലെ പുതിയ നിയമം എടുത്താലോ അവിടെ ക്രിസ്ത്യാനികൾ ദൈവത്തിൻെറ പുത്രനെന്ന് വിളിക്കുന്ന യേശുക്രിസ്തു മദ്യമുണ്ടാക്കി ജനങ്ങൾക്ക് നൽകുകയും അവർ ലഹരി ബാധിച്ചതായും യോഹന്നാൻ സുവിശേഷം പറയുന്നു.

ക്രിസ്താനികളുടെ വഴികാട്ടിയ പൗലോസ് പറയുന്നത് നോക്കൂ: മാംസം ഭക്ഷിക്കാതെയും വീഞ്ഞ് കുടിക്കാതെയും നിൻെറ സഹോദരന് ഇടർച്ചയുണ്ടാക്കാതിരിക്കുകയും ചെയ്യുന്നത് നിനക്ക് നല്ലത് (റോമ 14:21). ഇതേ പൗലോസ് തന്നെ തിമോത്തിക്കുള്ള ലേഖനത്തിൽ എഴുതുന്നു: 'മേലിൽ വെള്ളം മാത്രം കുടിക്കാതെ നിൻെറ ഉദര സൗഖ്യവും പരിഗണിച്ച് അൽപ്പം വീഞ്ഞ് കൂടി കുടിക്കുക'. പൗലോസിനെ അനുകരിക്കുന്ന ക്രിസ്ത്യാനിക്ക് കൃത്യമായൊരു നിർദേശം ലഭിക്കുന്നില്ല.

പക്ഷേ വിശുദ്ധ ഖുർആൻ എടുത്തുനോക്കൂ. അവിടെ നിങ്ങൾക്ക് കൃത്യമായ മാർഗനിർദേശം ലഭിക്കും:

'സത്യവിശ്വാസികളേ' മദ്യവും ചൂതാട്ടങ്ങളും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ മദ്യം വർജിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം' (5:90). പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കാനും അല്ലാഹുവെ ഓർമ്മിക്കുന്നതിലും നിന്നും നമസ്കാരത്തിൽ നിന്നും നിങ്ങളെ തടയുവാനും മാത്രമാകുന്നു. അതിനാൽ നിങ്ങൾ (അവയിൽ നിന്ന്) വിരമിക്കാൻ ഒരുക്കമുണ്ടോ? അന്ത്യപ്രവാചകനായ മുഹമ്മദ് (സ) നബി പറഞ്ഞു: 'മദ്യം എല്ലാ പാപങ്ങളുടെയും മാതാവാണെന്ന്'. അതുകൊണ്ട് തന്നെ അന്ത്യ പ്രവാചകനെയും ആ പ്രവാചകൻ വഴി അവതരിച്ച വിശുദ്ധ ഖുർആനെയും പിൻപറ്റുന്ന യഥാർത്ഥ വിശ്വാസികൾ ഇന്നും അതിൽ നിന്നെല്ലാം ഒഴിഞ്ഞുനിൽക്കുന്നു.

## <u>വസ്ത്രധാരണം</u>

യേശു പഠിപ്പിച്ചു: 'കാമാർത്തിയോടെ സ്ത്രീയെ നോക്കുന്നവൻ അവളെ അവൻെറ മനസിൽ വ്യഭിചരിച്ച് കഴിഞ്ഞു' (മത്തായി 5: 28). സ്ത്രീയെ നോക്കുമ്പോൾ പുരുഷന് കാമം ജനിക്കാതിരിക്കാൻ എന്ത് ചെയ്യണമെന്ന് യേശു പഠിപ്പിച്ചതായി ഇന്നത്തെ സുവിശേഷങ്ങളിൽ ഒന്നും തന്നെ കാണുന്നില്ല. സ്ത്രീ അവളുടെ ശരീരവടിവുകൾ കാണിക്കത്തക്ക രീതിയിൽ വസ്ത്രം ധരിച്ച് നടന്നാൽ അവളെ നോക്കുന്ന ഏതൊരു പുരുഷനിലും മോഹമുദിച്ചേക്കാം. പുരുഷനിൽ മോഹം ജനിക്കാതിരിക്കമെങ്കിൽ സ്ത്രീ മാന്യമായി വസ്ത്രം ധരിക്കണം. അതിനുള്ള ഒരു നിർദേശവും ബൈബിളിലോ അതേപോലെ ക്രിസ്ത്യൻ പുരോഹിതരോ മുന്നോട്ടുവെക്കുന്നില്ല. മറിച്ച് വിശുദ്ധ ഖുർആൻ പറയുന്നു: 'സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്താനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കാനും അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കാനും നീ പറയുക. അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ. തങ്ങൾ മറച്ചുവെക്കുന്ന തങ്ങളുടെ അലങ്കാരം അറിയപ്പെടുവാൻ വേണ്ടി അവർ കാലിട്ടടിക്കുകയും ചെയ്യരുത്. സത്യവിശ്വാസികളെ നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ച് മടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം' (24:31).



പ്രവാചകൻ (സ) പറയുന്നു: 'രണ്ട് വിഭാഗങ്ങൾ നരകാവകാശികളാണ്. ആ രണ്ടുകൂട്ടരേയും ഞാൻ കണ്ടിട്ടില്ല. പശുവിൻെറ വാലുകൾ പോലുള്ള ചാട്ടവാറുകളുള്ള ജനത. അവർ അതുകൊണ്ട് ജനങ്ങളെ അടിക്കുന്നു (ജനശത്രുക്കളായ മർദ്ദക ഭരണാധികാരികളെയാണ് ഇവിടെ സൂചിപ്പിക്കുന്നത്). തുടുത്ത നഗ്നകളായ, അങ്ങോട്ടുമിങ്ങോട്ടും ചായുന്ന ഒട്ടകത്തിൻെറ പൂഞ്ഞകളെപോലെ ചരിയുന്ന തലയോട് കൂടിയ സ്ത്രീകൾ. അവർ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. അതിൻെറ സുഗന്ധം പോലും അനുഭവിക്കുകയില്ല' (മുസ്ലിം). ഇവിടെ അവരെപ്പറ്റി വസ്ത്രം ധരിച്ചവരെന്ന് പറഞ്ഞിരിക്കുന്ന അതോടൊപ്പം നഗ്നകളുമാണ്. കാരണം അവരുടെ ശരീരത്തിൽ വസ്ത്രങ്ങളുണ്ട്. പക്ഷേ അവരുടെ ധർമ്മമായ ശരീരം മറക്കൽ അവർ നിർവഹിക്കുന്നില്ല. ഈ കാലത്തെ അധിക സ്ത്രീകളുടെയും വസ്ത്രം ഉള്ളിലുള്ളത് വ്യക്തമാക്കുന്നതും നേരിയതും നിഴലിച്ച് കാണുന്നതുമാണ്.

1. പ്രത്യക്ഷമായതുകൊണ്ടുള്ള വിവക്ഷ മുഖവും കൈപ്പടങ്ങളുമാണെന്ന് പണ്ഡിതന്മാരിൽ ബഹുഭൂരിപക്ഷം അഭിപ്രായപ്പെടുന്നു.

2. പാദസ്വരങ്ങളുടെ കിലുക്കം കേൾപ്പിക്കാൻ വേണ്ടി കാൽ അമർത്തിചവട്ടി നടക്കുന്നതും അതുപോലെ ശ്രദ്ധ ക്ഷണിക്കുവാനോ സൗന്ദര്യം പ്രകടിപ്പിക്കുവാനോ സ്ത്രീകൾ സ്വീകരിക്കുന്ന തന്ത്രങ്ങളും നിഷിദ്ധമാണെന്ന് ഇതിൽ നിന്നും ഗ്രഹിക്കാം.

## പലിശ

ആധുനിക സമ്പദ്‌വ്യവസ്ഥയിലെ ഒരു പ്രധാന ഘടകമാണല്ലോ പലിശ. ഈ പലിശ സമ്പ്രദായം എല്ലാ രാജ്യങ്ങളുടെയും സമ്പദ് വ്യവസ്ഥയെ പലപ്പോഴായി ദോഷമായി ബാധിച്ചിട്ടുണ്ട്. വർധിച്ച പലിശ നിരക്ക് മുഖേന സമ്പത്ത് മുഴുവൻ ഊറ്റിയെടുത്ത് കൊടുത്തൊരു ന്യൂനപക്ഷവും ജോലിയും വരുമാനവുമില്ലാതെ നിർധനരായ വലിയൊരു സമൂഹവും ഉൾക്കൊള്ളുന്ന ഒരു സാമൂഹ്യ വ്യവസ്ഥയാണ് ഇന്നുള്ളത്. പലിശകൊണ്ട് നശിച്ച് പാപ്പരായ വളരെയേറെ ജനങ്ങളെ നമുക്ക് ചുറ്റും കാണാൻ കഴിയും. ദിവസക്കൂലിക്കാരായ ജനങ്ങൾ അവരുടെ എന്തെങ്കിലും ആവശ്യം നടത്തുന്നതിനായി പണത്തിന് വേണ്ടി പലിശ സ്ഥാപനങ്ങളെയാണ് സമീപിക്കുന്നത്. അവർ വീടോ മറ്റു വസ്തുക്കളോ പണയം വെക്കുകയും ചെയ്യുന്നു. പക്ഷേ പിന്നീടൊരിക്കലും അവർക്ക് അത് തിരിച്ചുപിടിക്കാൻ കഴിയാറില്ല. കാരണം കിട്ടുന്ന പൈസ പലിശ അടക്കാൻ മാത്രമേ തികയൂ. ആധുനിക സമ്പദ്‌വ്യവസ്ഥയുടെ ശാപമാണ് പലിശയെന്ന് പറയാം.

പലിശ വാങ്ങുകയും കൊടുക്കുകയുമരുതെന്ന് വിശുദ്ധ ഖുർആനും ബൈബിളും പറയുന്നു. ബൈബിൾ പറയുന്നു: നിന്നോടൊപ്പമുള്ള എൻെറ ജനങ്ങളിൽ പാവപ്പെട്ടവനിൽ പണം കടം കൊടുത്താൽ ഉത്തമർണനെപോലെ നീ പെരുമാറരുത്. അയാളോട് പലിശ വാങ്ങരുത് (പുറപ്പാട് 22:25). 'പണത്തിനോ ആഹാരത്തിനോ വായ്പ കൊടുക്കുന്ന യാതൊരു വസ്തുവിനോ സഹോദരനോട് പലിശ വാങ്ങരുത് (ആവർത്തനം 23:19).

പുതിയ നിയമത്തിൽ ഇങ്ങനെ കാണാം: 'ഒന്നും പകരം ഇച്ഛിക്കാതെ കടം കൊടുക്കുവിൻ. എന്നാൽ നിങ്ങളുടെ പ്രതിഫലം വളരെയാകും' (ലൂക്കാ 6:35). ബൈബിളിൽ ഇങ്ങനെയൊക്കെ പറയുന്നുണ്ടെങ്കിൽ പലിശക്ക് കൊടുത്താൽ ദൈവം ശിക്ഷിക്കുമെന്നോ അല്ലെങ്കിൽ അതിന് പകരമുള്ള ഒരു സമ്പദ് വ്യവസ്ഥയോ മുന്നോട്ടുവെക്കുന്നില്ല. എ.ഡി. 325 നിഖ്യാസുന്നഹോദാസിൽ വെച്ച് പാസാക്കിയ ഇരുപത് ചട്ടങ്ങളിൽ പതിനേഴാം ചട്ടം പ്രകാരം പുരോഹിതർക്ക് പണം പലിശക്ക് കൊടുത്തുകൂടാ എന്നാണ്. അതായത് പുരോഹിതർ ഒഴിച്ച് ബാക്കിയുള്ള ജനങ്ങൾക്ക് പണം പലിശക്ക് കൊടുക്കാം എന്നർത്ഥം. ദൈവിക നിയമത്തിനെതിരെയുള്ള മനുഷ്യൻെറ



നിയമം.

പലിശയെപ്പറ്റി വിശുദ്ധ ഖുർആൻ പറയുന്നു: 'പലിശ തിന്നുന്നവൻ പിശാച് ബാധ നിമിത്തം മറിഞ്ഞുവീഴുന്നവൻ എഴുന്നേൽക്കുന്നതുപോലെയല്ലാതെ എഴുന്നേൽക്കുകയില്ല. കച്ചവടവും പലിശപോലെ തന്നെയാണെന്ന് അവർ പറഞ്ഞതിൻെറ ഫലമാണത്. എന്നാൽ കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതിനാൽ അല്ലാഹുവിൻെറ ഉപദേശം വന്നുകിട്ടിയിട്ട് അതനുസരിച്ച് വല്ലവനും (പലിശയിൽ നിന്ന്) വിരമിച്ചാൽ അവൻ മുമ്പ് വാങ്ങിയത് അവനുള്ളത് തന്നെ. അവൻെറ കാര്യം അല്ലാഹുവിൻെറ തീരുമാനത്തിന് വിധേയമായിരിക്കുകയും ചെയ്യും. ഇനി ആരെങ്കിലും (പലിശയിടപാടുകളിലേക്ക്) മടങ്ങുകയാണെങ്കിൽ അവരത്രെ നരകാവകാശികൾ. അവരതിൽ നിത്യവാസികളുമായിരിക്കും' (2:275).

'അല്ലാഹു പലിശയെ ക്ഷയിപ്പിക്കുകയും ദാനധർമ്മങ്ങളെ പോഷിപ്പിക്കുകയും ചെയ്യും. നന്ദികെട്ട ഒരു ദുർവൃത്തനേയും അല്ലാഹു ഇഷ്ടപ്പെടുന്നതല്ല' (2:276).

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും പലിശ വകയിൽ ബാക്കി കിട്ടാനുള്ളത് വിട്ടുകളയുകയും ചെയ്യേണ്ടതാണ്. നിങ്ങൾ യഥാർത്ഥ വിശ്വാസികളാണെങ്കിൽ' (2:278).

'നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിൻെറയും റസൂലിൻെറയും പക്ഷത്ത് നിന്ന് (നിങ്ങൾക്കെതിരിലുള്ള) സമര പ്രഖ്യാപനത്തെപ്പറ്റി നിങ്ങൾ അറിഞ്ഞുകൊള്ളുക. നിങ്ങൾ പശ്ചാത്തപിച്ച് മടങ്ങുകയാണെങ്കിൽ നിങ്ങളുടെ മൂലധനം നിങ്ങൾക്ക് തന്നെ കിട്ടുന്നതാണ്. നിങ്ങൾ അക്രമം ചെയ്യരുത്. നിങ്ങൾ അക്രമിക്കപ്പെടുകയും അരുത്' (2:274).

'സത്യവിശ്വാസികളെ നിങ്ങൾ ഇരട്ടി ഇരട്ടിയായി പലിശ തിന്നാതിരിക്കുകയും അല്ലാഹുവേ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾ വിശ്വാസികളായേക്കാം' (3:130).

'സത്യനിഷേധികൾക്ക് ഒരുക്കിവെക്കപ്പെട്ട നരകാഗ്നിയെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക' (3:131).

ഉപരിസൂചിത ഖുർആൻ സൂക്തങ്ങളോടൊപ്പം പലിശയെ ശക്തമായി എതിർക്കുന്ന നബിവചനങ്ങളും പരിഗണിക്കേണ്ടതാ

ണ്. 'പലിശ തിന്നുന്നവൻ, തീറ്റുന്നവൻ, അതിന് സാക്ഷി നിൽക്കുന്നവൻ, എഴുതുന്നവൻ എല്ലാവരേയും അല്ലാഹു ശപിച്ചിരിക്കുന്നു' (അഹ്മദ്, അബൂദാവൂദ്, തിർമിദി).

വിശുദ്ധ ഖുർആൻ നമസ്കരിക്കാൻ ആജ്ഞാപിക്കുന്നതോടൊപ്പം തന്നെ 28 സൂക്തങ്ങളിൽ സാമൂഹ്യവ്യയത്തിൻെറ ആവശ്യകത ഊന്നിപറയുന്നുണ്ട്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ന്യൂനീകരിച്ച് സാമൂഹ്യഭദ്രത വരുത്തിയാലല്ലാതെ സമാധാനവും സൈര്യവും ഉണ്ടാവില്ലെന്ന് ഖുർആൻ പഠിപ്പിക്കുന്നു.

പലിയെ നിരോധിച്ചതോടൊപ്പം അത് ഉപയോഗിച്ചാൽ ലഭിക്കുന്ന ശിക്ഷയും അതിന് ബദലായുള്ള സാമ്പത്തിക വ്യവസ്ഥിതിയെയും പ്പറ്റി ഖുർആൻ പ്രസ്താവിക്കുന്നു. പലിശയും അതിനോട് ബന്ധപ്പെട്ട പൂഴ്ത്തിവെപ്പുമെല്ലാം നിരോധിച്ചുകൊണ്ടുള്ള ദൈവിക മാർഗത്തിലൂടെയുള്ള ഭരണത്തിലൂടെ പൂർണമായും ദാരിദ്ര്യം നിർമ്മാർജനം ചെയ്തുകൊണ്ടുള്ള സാമ്പത്തികസാമൂഹ്യവ്യവസ്ഥിതി നടപ്പിലാക്കിയ ഖലീഫമാരുടെ ചരിത്രം നമുക്ക് മുമ്പിലുണ്ട്.

## <u>ദൈവത്തിൻെറ ഇഷ്ടം നിറവേറ്റുക</u>

യേശു പഠിപ്പിച്ചു: 'സ്വർഗസ്ഥനായ പിതാവിൻെറ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗത്തിൽ പോകുന്നത്'. എങ്ങനെയാണ് സ്വർഗ്ഗസ്ഥനായ പിതാവിൻെറ ഇഷ്ടം നിറവേറ്റുന്നത്? എന്താണ് സ്വർഗസ്ഥനായ പിതാവിൻെറ ഇഷ്ടം?. ഇതേപറ്റി പൂർണമായ ഉത്തരം ബൈബിളിൽ നിന്നും ലഭിക്കുന്നില്ല. പക്ഷേ അതിനുള്ള ഉപദേശം മുഹമ്മദ് (സ) നബിയിൽ നിന്ന് മാത്രമാണ് നമുക്ക് ലഭിക്കുക. ഒരിക്കൽ ഒരു അനുചരൻ നബി (സ)യെ സമീപിച്ചുകൊണ്ട് ചോദിച്ചു: അല്ലാഹുവിൻറ റസൂലേ' അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട പ്രവർത്തി ഏതാണ്? അത് നമസ്കാരമാണ്. രണ്ടാമത് ഇഷ്ടപ്പെട്ട പ്രവർത്തിയേതാണ്? അത് നിൻെറ മാതാപിതാക്കളെ പരിചരിക്കുക എന്നതാണ്. അവരോട് 'ഛെ' എന്ന് പറയുന്നതുപോലും ഇസ്‌ലാം വിലക്കിയിരിക്കുന്നു. അദ്ദേഹം മൂന്നാമതും നബി (സ)യോട് ചോദിച്ചു: അല്ലാഹുവിന് അത് രണ്ടും കഴിഞ്ഞാൽ ഇഷ്ടപ്പെട്ട കാര്യമേതാണ്. നീ അല്ലാഹുവിൻെറ മാർഗത്തിൽ സമരം ചെയ്യുക എന്നതാണ്.

ഇതേപോലെ വേറൊരു സന്ദർഭത്തിൽ ഒരു അനുചരൻ നബി



(സ)യോട് ചോദിച്ചു: അല്ലാഹു എന്നെ ഇഷ്ടപ്പെടാനും ജനങ്ങളും എന്നെ ഇഷ്ടപ്പെടാനും ഞാൻ എന്ത് ചെയ്യണം? നബി (സ) പ്രതിവചിച്ചു. 'നീ ഐഹിക ജീവിതത്തിൽ വിരക്തി പുലർത്തിയാൽ അല്ലാഹു നിന്നെ സ്നേഹിക്കും. നീ ജനങ്ങളിൽ നിന്നും ഒന്നും ആഗ്രഹിക്കാഞ്ഞാൽ ജനങ്ങളും നിന്നെ സ്നേഹിക്കും'. ഇതുപോലെ നരകത്തിൽ നിന്നും രക്ഷ നേടുന്നതിനും സ്വർഗം പ്രാപിക്കാനുമുള്ള എല്ലാ ഉപദേശങ്ങളും ലഭിക്കുക വി. ഖുർആനിൽ നിന്നും മുഹമ്മദ് നബി (സ)യുടെ വചനങ്ങളിൽ നിന്നും മാത്രമാണ്. അതുകൊണ്ട് തന്നെയാണ് യേശു ക്രിസ്തു പറഞ്ഞത്: 'അവൻ നിങ്ങളെ എല്ലാ സത്യത്തിലേക്കും വഴി നടത്തും' (യോഹ 16:3). വി. ഖുർആൻ മുന്നോട്ടുവെക്കുന്ന സൻമാർഗദർശനം പൂർണമായും പ്രായോഗികവും കിടയറ്റതുമാണ്. അതിന് വിശുദ്ധ ഖുർആൻ തന്നെ സാക്ഷി നിൽക്കുന്നു. തീർച്ചയായും ഈ ഖുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാട്ടുന്നു (17:9).

'ഇതാകുന്നു ഗ്രന്ഥം. ഇതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രേ അത്' (2:2).